നെടുവത്തൂർ ഗ്രാമപഞ്ചായത്ത്


വികസന റിപ്പോർട്ട്




ജനകീയാസൂത്രണം

19-5


നെടുവത്തൂർ ഗ്രാമപഞ്ചായത്ത്
ഭരണസമിതി




ജി. കൃഷ്ണപിള്ള (പ്രസിഡൻറ്)



ടി. കെ. ജോർജ്ജുകുട്ടി
(വൈസ് പ്രസിഡൻറ്)



എം. ഹൈമവതി
(സ്റ്റാന്റിംഗ് കമ്മിറ്റി
ചെയർപേഴ്സൺ)



ബി. എസ്. ഗോപകുമാർ
(കൺവീനർ,
ജനകീയാസൂത്രണം)

എൻ. ഗോപാലകൃഷ്ണപിള്ള	(മെമ്പർ)
എസ്. ഗിരിജ	"
കെ ബിന്ദു	"
ടി. ബാബു	"
മോഹൻ ജി. നായർ	"
എൽ. വത്സലകുമാരി	"
ജി. കരുണാകരൻ നായർ	"
എം. ശശിധരൻപിള്ള	"

വികസന റിപ്പോർട്ട്.

താളുകളിൽ.


1	ആമുഖം
2	പഞ്ചായത്തു് പൊതുവിവരണം
3	സാമൂഹിക, സാംസ്ക്കാരിക ചരിത്രം
4	ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി
5	സാമൂഹിക, സാമ്പത്തിക മേഖലകം
5_1	കൃഷിയും, ജലസേചനവും
5_2	മൃഗസംരക്ഷണവും, മത്സ്യബന്ധനവും
5_3	വ്യവസായം
5_4	വിദ്യാഭ്യാസം
5_5	കുടിവെള്ളവും, പൊതുജനാരോഗ്യവും
5_6	ഗതാഗതം, ഊർജ്ജം
5_7	പാർപ്പിടവും, സാമൂഹ്യക്ഷേമവും
5_8	സംസ്ക്കാരം
5_9	വനിത
5_10	സഹകരണം
5_11	പട്ടികജാതി–പട്ടികവർഗ്ഗ ക്ഷേമം
5_12	വിഭവ സമാഹരണം
6	ഉപസംഹാരം

3

വികസന റിപ്പോർട്ട്.

എഡിറ്റോറിയൽ സ്റ്റാഫ്.

ജയശ്ചന്ദ്രൻ ഇടത്തറ (D R P)
നാരായണഭട്ടതിരി തേവലപ്പുറം (,,)
കെ. ശശികുമാർ ആനക്കോട്ടൂർ (,,)
കെ. മുരളീധരൻപിള്ള V. E. O. പുത്തൂർ (,,)
വി. ഓമനക്കുട്ടിയമ്മ നെടുവത്തൂർ (,,)
ബി. എസ്. ഗോപകുമാർ (കൺവീനർ)



വിഭവശേഖരണം.

കെ. മുരളീധരൻപിള്ള തേവലപ്പുറം (D R P)
എസ്. ഗിരിജ കോട്ടാത്തല (K R P)
എസ്. പ്രഭാകരൻനായർ പുല്ലാമല (D R P)
Dr. ബാഹുലേയൻ (D R P)
ജി. കരുണാകരൻനായർ നെടുവത്തൂർ
പി. കെ. ശാന്തമ്മ നെടുവത്തൂർ
ഹൈമവതിഅമ്മ വെൺമണ്ണൂർ
ജയശ്ചന്ദ്രൻ വെൺമണ്ണൂർ
കെ. ശശികുമാർ ആനക്കോട്ടൂർ
എം. ശശിധരൻപിള്ള അന്തൂർ
മോഹനൻപിള്ള അന്തൂർ
റവ. കെ. ജോർജ്ജ്കുട്ടി തെക്കുംപുറം

00000

പഞ്ചായത്ത് സ്റ്റാഫ് അംഗങ്ങൾ.

എ. കോയാക്കുഞ്ഞ്	(സെക്രട്ടറി)
എം. ലീലാഭായി	(സ്റ്റാഫ്)
ആർ. പ്രസാദ്പിള്ള	(,,)
കെ. കൃഷ്ണപിള്ള	(,,)
എസ്. ശോഭനാഭായിഅമ്മ	(,,)
സി. കെ. ശാന്തമ്മ	(,,)
എസ്. ഗീതാകുമാരി	(,,)
കെ. ഗോപാലൻ	(,,)
ജി. ലീലാമ്മ	(,,)
കെ. രാജമ്മ	(,,)
എസ്. ബി. ഹെലൻ	(,,)
കെ. ഗോപിനാഥൻപിള്ള	(,,)




വികസനറിപ്പോർട്ട് മാർഗ്ഗരേഖ തയ്യാറാക്കിയവർ.

രാധാകൃഷ്ണൻനായർ അന്നൂർ
എസ്. ജയകുമാർ പുല്ലാമല
എസ്. ജയകുമാർ കോട്ടാത്തല
ബിനു പുത്തൂർ
ശ്രീമതി വാസന്തിഅമ്മ, കോ-ഓർഡിനേറർ, സാക്ഷരത
ജി. സുനിൽ, കൃഷിവികസന ആഫീസർ
ബാബു അന്നൂർ
ത്യാഗരാജൻ കോട്ടാത്തല
ഉദയകുമാർ അന്നൂർ
ശശി അന്നൂർ
ഡി. വേണുഗോപാലൻനായർ പുല്ലാമല
എൻ. ഓമനക്കുട്ടൻ
ഡാനിയേൽ, കൃഷി ഡമോൺസ്ട്രേറർ.
പി.കെ. ശശിധരൻ, ഗ്രാമശ്രീ പബ്ലിക്കേഷൻസ്, നെയ്യാറ്റിൻകര.


> ''എല്ലാവരുടേയും അത്യാവശ്യങ്ങൾ
> നിറവേറാൻ വേണ്ട വിഭവങ്ങൾ
> ഈ പ്രകൃതിയിൽ ഉണ്ട്.
> എന്നാൽ ആരുടേയും ദുരയെ തൃപ്തിപ്പെടുത്തുവാൻ
> വിഭവങ്ങളില്ലതാനും.''
>
> —മഹാത്മാഗാന്ധി.

000016


കൊല്ലം ജില്ല
പഞ്ചായത്തുകൾ
Source : PRM Programme, CESS

000008

നെടുവത്തൂർ പഞ്ചായത്ത്



ആമുഖം

സ്വതന്ത്രഭാരതം സുവർണ്ണ ജൂബിലിയിൽ എത്തിനിൽക്കുമ്പോഴും, നാടിന്റെ അഭിവൃദ്ധിയുടെ വിപ്ലവകാഹളമൂതുന്ന അത്ഭുത പ്രതിഭാസമായ ജനകീയാസൂത്രണ യജ്ഞത്തിന് അത്ഭുതങ്ങളും ചമയ്ക്കുവാൽ സാധിക്കുമെന്നതു് അവിതർക്കിതമാണ്. 'ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ ഭരിക്കപ്പെടുന്ന ജനങ്ങളുടെ സർക്കാർ' നിലവിൽവന്നിട്ട് അര നൂറ്റാണ്ടായെങ്കിലും, അധികാരം ഒരു പിടി വ്യക്തികളുടെ കരതലാ ഉലകം ആയിരുന്ന കേന്ദ്രീകൃത ഭരണത്തിൽ നിന്നും തുല്യതയും തുല്യ സംരക്ഷണവും യാഥാർത്ഥ്യമായിത്തീരുന്ന ഒരു സമൂഹത്തിലേക്കുള്ള പരിവർത്തനത്തിന്റെ ശംഖധ്വനിയായ വികേന്ദ്രീകരണ ആസൂത്രണത്തിനു വേണ്ടി നാം ഇന്നോളം കാത്തിരിക്കേണ്ടിവന്നു.

ഭാരതത്തിൽ ആസൂത്രണം എന്ന ആശയത്തിനു ജവഹർലാൽനെഹ്റു 1938—ൽ രൂപികരിച്ച ദേശീയ ആസൂത്രണസമിതിയോളം തന്നെ പാരമ്പര്യമുണ്ട്. ജനപ്രതിനിധികൾക്ക് ജനമദ്ധ്യത്തിലേക്ക് ഇറങ്ങിച്ചെല്ലുവാനും അവരോട് തോളോട് തോൾചേർന്ന് നിലകൊള്ളുവാനും, അവരുടെ ഭാവി ഭാസുരമാക്കുന്നതിൽ നിസ്തുലമായ പങ്ക് വഹിക്കാനും സാധിക്കുന്ന പദ്ധതികൾക്ക് രൂപം നല്കുവാൻ വികേന്ദ്രീകൃത ആസൂത്രണത്തിനു കഴിയും എന്നുള്ളതു് സംശയാതീതമാണ്.

വിപ്ലവ സ്മരണകളുണർത്തുന്ന പ്രകൃതി രമണീയമായ നെടുവത്തൂർ ഗ്രാമപഞ്ചായത്തിൽ ജനകീയാസൂത്രണത്തിന്റെ കേളികൊട്ടുയർന്നതു് 1996 ആഗസ്റ്റ് 15നാണ്. വിഭവ ഭൂപട സർവ്വേയും സാമ്പത്തിക സർവ്വേയുംസമയബന്ധിതമായി പൂർത്തിയാക്കീട്ടുണ്ട്. ജനകീയാസൂത്രണ യജ്ഞത്തിന്റെ ഭാഗമായുള്ള ജില്ലാതലപരിശീലനത്തിനു11 വാർഡുകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 6 പേരും പ്രസിഡൻറ്, സെക്രട്ടറി എന്നിവരും പങ്കെടുത്തിരുന്നു. ഈ പഞ്ചായത്തിൽ നിന്നും കുമാരി എസ്. ഗിരിജയ്ക്ക് സംസ്ഥാനതലത്തിൽ പരിശീലനം ലഭിച്ചിട്ടുണ്ട്.

ഗ്രാമസഭയ്ക്ക് മുന്നോടിയായി സെപ്തംബർ 25—ാം തീയതി നടന്ന ഏകദിനശില്പശാലയിൽ ഗ്രാമപഞ്ചായത്തംഗങ്ങളും ഉൾപ്പെടെ 50 പേർ പങ്കെടുത്തു. സെപ്തംബർ 29 മുതൽ ഗ്രാമസഭകളും ആരംഭിച്ചു. 11 വാർഡുകളിലായി 2000 ത്തോളം ആളുകളും പങ്കെടുത്തഗ്രാമസഭകളും രാഷ്ട്രപിതാവിന്റെ ഓർമ്മകളുണർത്തുന്ന ഒക്ടോബർ 2—ന് അവസാനിച്ചു. നവംബർ 7, 8, 9 തീയതികളിൽ നടന്ന രണ്ടാം ഘട്ട ജില്ലാതല പരിശീലനത്തിൽ 1—ാംഘട്ട പരിശീലകരെകൂടാതെ 6 ഉദ്യോഗസ്ഥന്മാരും പങ്കെടുത്തു.

രണ്ടാം ഘട്ട പഞ്ചായത്തുതല ശില്പശാല നവംബർ 13—ാംതീയതി വെൺമണ്ണൂരിൽ നടന്ന വികസന സെമിനാറിന്റെ മുന്നോടിയായി ഗ്രാമസഭയിലെ റിപ്പോർട്ടുകളുടെ ക്രോഡീകരണം, കാരണവന്മാരുമായി അഭിമുഖവും ദ്വിതീയ വിവരശേഖരണറിപ്പോർട്ട് ക്രോഡീകരണം എന്നിവ നടന്നു.

അധികാരം ജനങ്ങളിലെത്തിക്കുന്ന വികേന്ദ്രീകൃത ആസൂത്രണ മഹായജ്ഞത്തിൽ പങ്കാളികളാകുവാൻ സന്നദ്ധ പ്രവർത്തനത്തിലൂടെ നാടിന്റെ വികസനത്തിൽപങ്കാളികളാകുവാൻ ഈ പഞ്ചായത്തിലെ ഉദ്യോഗസ്ഥൻമാർ, വിദഗ്ദ്ധൻമാർ, അദ്ധ്യാപകർ ഇതരവിഭാഗക്കാർ,തൊഴിലാളികളും ഇവരുടെയെല്ലാം പ്രചോദനം ഉണ്ടെന്നതു് ഏറെ പ്രതീക്ഷനല്കുന്നു. വികസന സംസ്കാരത്തിന്റെ പുതിയ അദ്ധ്യായം തുറക്കുന്ന ഈ മേഖലയിൽ നെടുവത്തൂർ പഞ്ചായത്തിന്റെ നിലവിലുള്ള ബാദ്ധ്യതകളേയും പ്രശ്നങ്ങളേയും പ്രശ്നപരിഹാര മാർഗ്ഗങ്ങളേയും അവലോകനം ചെയ്തുകൊണ്ട് പഞ്ചായത്തിലെ 11 വാർഡുകളിലേയും വികസന മേഖലകളെ തൊട്ടുണർത്തുന്നു. ഈ വികസന റിപ്പോർട്ട് നെടുവത്തൂർ പഞ്ചായത്തിന്റെ ധന്യതയിലേക്കുള്ള വാതായനമായിരിക്കും എന്ന വിശ്വാസത്തിൽ ഈ മഹായജ്ഞത്തിൽ പങ്കാളികളാകുവാൻ മുഴുവൻ ജനവിഭാഗങ്ങളോടും അഭ്യർത്ഥിച്ചുകൊണ്ട് ഈ റിപ്പോർട്ട് നിങ്ങളുടെ മുന്നിലേക്ക് സമർപ്പിക്കുന്നു.

2

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേരു്	—	നെടുവത്തൂർ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	—	പുത്തൂർ, നെടുവത്തൂർ
ബ്ലോക്ക് പഞ്ചായത്ത്	—	കൊട്ടാരക്കര
താലൂക്ക്	—	കൊട്ടാരക്കര
അസംബ്ലി മണ്ഡലം	—	നെടുവത്തൂർ
വിസ്തീർണ്ണം	—	22.70 ചതുരശ്ര കി. മീ.
അതിരുകൾ	—	വടക്ക്—മൈലം, കുളക്കട, പഞ്ചായത്തുകൾ പടിഞ്ഞാറ്—പവിത്രേശ്വരം പഞ്ചായത്ത് തെക്ക്—എഴുകോൺ, കരീപ്ര പഞ്ചായത്തുകൾ കിഴക്ക്—കൊട്ടാരക്കര
ജനസംഖ്യ	—	26,186
പുരുഷൻ	—	12552
സ്ത്രീകൾ	—	13634
സാക്ഷരത	—	98%
വാർഡുകൾ	—	11
പ്രസിഡൻറിന്റെ പേരു്	—	ജി. കൃഷ്ണപിള്ള
വൈ: പ്രസിഡന്റിന്റെപേരു്—		റവ. കെ. ജോർജ്ജുകുട്ടി
സ്റ്റാന്റിംഗ്കമ്മിറ്റി ചെയർമാൻ	—	എം. ഹൈമവതിഅമ്മ

-●-

സാമൂഹിക
സാംസ്ക്കാരിക ചരിത്രം.

1947 നു ശേഷം സ്വതന്ത്രമായപ്പോൾ അങ്ങിങ്ങ് ചില കുടുംബങ്ങളും ഭൂവുടമസ്ഥതയുടെ മുക്കാൽപങ്കും പാറക്കൂട്ടങ്ങളും കാടുമായി കാട്ടുജീവികളുടെ വിഹാരകേന്ദ്രമായിരുന്ന ചെറുഗ്രാമം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ജന്മിത്വവും നീലനിന്ന നെടുവത്തൂരും പരിസര പ്രദേശങ്ങളായ തെക്കുംപുറം തേവലപ്പുറം, കൊട്ടാത്തല അന്നൂർ, നീലേശ്വരം ആനക്കോട്ടൂർ എന്നീ സ്ഥലങ്ങളും ചേർന്ന് 7 വാർഡുകളുള്ള നെടുവത്തൂർ പഞ്ചായത്ത് 1953 ആഗസ്റ്റ് 15 നു നെടുവത്തൂർ തെക്കേത്തോപ്പിലെ വാടക വീട്ടിൽ പ്രവർത്തനമാരംഭിച്ചു.

1958-ൽ ജനപങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിയ ലോക്കൽ ഡവലപ്പ്മെന്റ് സ്കീം എന്ന പദ്ധതിയിലൂടെ പ്രദേശത്തെ ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് മുന്നിലൊരുഭാഗം വരുന്നതുകൊള്ളുന്നു മനുഷ്യശേഷി സന്നദ്ധ സേവനമായി വിനിയോഗിച്ചുകൊണ്ട് ഇന്നുള്ള പഞ്ചായത്ത് കെട്ടിടം സ്ഥാപിച്ചു. പഞ്ചായത്തു കെട്ടിടത്തിനു 22 സെന്റ് സ്ഥലം സൗജന്യമായി നൽകിയ കല്ലുവിള വീട്ടിൽ ശ്രീമാൻ കേശവൻ അവർകളെ പ്രത്യേകം സ്മരിക്കുന്നു.

നെടുവത്തൂർ പഞ്ചായത്തിന്റെ ആദ്യത്തെ പ്രസിഡന്റ് തെക്കുംപുറം നിവാസിയായ കൊച്ചുതുണ്ടിൽ വീട്ടിൽ കെ. എസ് ഗോപാലപിള്ളയും ആദ്യ പഞ്ചായത്തു് ഓഫീസർ എം അബ്ദുൽ മജീദുമായിരുന്നു. തുടർന്നുള്ള തെരഞ്ഞെടുപ്പുകളിൽ എൻ. പത്മനാഭപിള്ള, എം. പി. ലക്ഷ്മണൻ, വല്ലംതുളസീധരൻ, ജി. കൃഷ്ണപിള്ള എന്നിവർ പ്രസിഡന്റുമാരായിട്ടുണ്ട് ത്രിതല പഞ്ചായത്തു് സംവിധാനത്തിൽ നടന്ന കഴിഞ്ഞ തെരഞ്ഞെടുപ്പിലും ശ്രീ. ജി. കൃഷ്ണപിള്ള പ്രസിഡന്റായും റവ. കെ. ജോർജ്ജ്കുട്ടി വൈസ് പ്രസിഡന്റായും ശ്രീമതി എം ഹൈമവതിയമ്മ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർപേഴ്സണായും ശ്രീ എൻ. ഗോപാലകൃഷ്ണപിള്ള കുമാരി എസ് ഗിരിജ, കുമാരി കെ. ബിന്ദുശ്രീ, ശ്രീ. റവ ബാബു ശ്രീ മോഹൻ ജി. നായർ ശ്രീമതി എൽ. വത്സലകുമാരി, ശ്രീ. ജി. കരുണാകരൻ നായർ, ശ്രീ. എൻ. ശശിധരൻപിള്ള എന്നിവർ മെമ്പർമാരായുള്ള 11 അംഗവൽസമതി അധികാരത്തിൽവന്നു.

അസംഘടിത തൊഴിലാളികളുടെ മോചനത്തിനും മദ്ധ്യതിരുവിതാംകൂറിലെ ജന്മിത്വത്തിനും എതിരെ പ്രവർത്തിച്ച് കേരള ജനതയുടെ ആവേശമായ കോട്ടാത്തല സുരേന്ദ്രൻ ജനിച്ചതു് ഈ പഞ്ചായത്തിലെ കോട്ടാത്തലയിലാണു്. അന്നൂർ വാർഡിലെ നീലേശ്വരത്തു് തെക്കേവീട്ടിൽ ശ്രീമാൻ പപ്പുവക്കീൽ സ്വാതന്ത്ര്യ സമരത്തിൽ പങ്കെടുത്ത ധീരദേശാഭിമാനിയാണു്. പി എൻ. പി യിലെ അംഗമായിരുന്ന നെടുവത്തൂർ ചെല്ലപ്പൻപിള്ള, നീലേശ്വരം നാണക്കുറുപ്പ്, അമരശ്രീ രാമചന്ദ്രൻപിള്ള തുടങ്ങിയവർ ഈ പഞ്ചായത്തിന്റെ ആദ്യകാല പൊതുപ്രവർത്തകരാണു്. 1958ൽ തന്നെ മഹിളാസമാജം പ്രവർത്തനത്തിലൂടെ നെടുവത്തൂർ പഞ്ചായത്തിന്റെ ശ്രദ്ധയാകർഷിച്ച ആനയം ഇടത്തറ വീട്ടിൽ ശ്രീമതി സരസ്വതിക്കുട്ടിയമ്മ, ശ്രീമതി തോട്ടത്തിൽ ഗൗരിയമ്മ തുടങ്ങിയവർ നയിച്ച പാതയിലൂടെ നാം ഏറെ മുന്നോട്ട് പോയിരിക്കുന്നു.

കേരളത്തിലെ അപൂർവ്വം മൂന്നു മൂർത്തിക്ഷേത്രങ്ങളിൽ ഒന്നാണ് തേവലപ്പുറം മൂന്നുമൂർത്തിക്ഷേത്രം. ഏതാണ്ടു് 500 ലേറെ വർഷം പഴക്കമുള്ള ചിറക്കടവ് ദേവീക്ഷേത്രം മുഖ്യമംഗലത്തു നമ്പൂതിരിമാരുടേതായിരുന്നു. ഈ ക്ഷേത്രം പ്രസിദ്ധമാണു്. സാംസ്ക്കാരികരംഗത്തു് ഏറെ ചരിത്രം നെടുവത്തൂരിനു് അവകാശപ്പെടാനുണ്ടു്. കൊട്ടാരക്കര തമ്പുരാന്റെ കാലത്തു തന്നെ തേവലപ്പുറത്ത് വലിയനിലയിൽ പ്രവർത്തിക്കുന്ന ഒരു കഥകളിയോഗം ഉണ്ടായിരുന്നു. ആലപ്പുറത്തു രാമൻപിള്ളയുടെ നേതൃത്വത്തിൽ 50 ൽ അധികം കഥകളിക്കാർ ഇവിടെ കഥകളി അഭ്യസിച്ചിരുന്നു. തുള്ളൽ പ്രസ്ഥാനത്തിനു് ഇവിടെ ഒരു കൊല്ലത്തിലേറെ പാരമ്പര്യമുണ്ടു് ഇടയ്ക്കല്ലൂർ മാധവപിള്ള കോലേലിൽ ഗോപാലപിള്ള തുടർന്നു് കമലാസനൻ ആചാര്യനുമാണു് ഇതിനു നേതൃത്വം നൽകിയവര കെ പി എ സി കൊച്ചുപ്പം കൊട്ടാരക്കര ശ്രീധരൻനായരേയും അടൂർ ഭവാനി അടൂർപങ്കജം തുടങ്ങിയവരേയും നാടകരംഗത്തേക്കു് എത്തിച്ച നാടകക്യാമ്പ് പ്രവർത്തിച്ചതു് മനക്കരഗോപാലപിള്ളയുടെ നേതൃത്വത്തിൽ നെടുവത്തൂരിലായിരുന്നു.

തൊഴിലാളിവർഗ്ഗത്തിന്റെ സമരനായകന്മാരായ എം. എൻ. ഗോവിന്ദൻനായർ, എ. കെ, ജി, തുടർന്ന് വെളിയം ഭാർഗ്ഗവൻ എന്നീ നേതാക്കന്മാർ ഒളിവിൽ താമസിച്ചത് ഈ പഞ്ചായത്തിലെ കോട്ടാത്തല, ആനക്കോട്ടൂർ, നെടുവത്തൂർ പ്രദേശങ്ങളിലാണ്. ഈ പഞ്ചായത്തുരൂപപ്പെടുന്ന നെടുവത്തൂർ അസംബ്ലി മണ്ഡലത്തിലെ ആദ്യത്തെ നിയമസഭാംഗം ശ്രീമതി ഭാഗ്ലവീതങ്കപ്പനും ശേഷം സി. കെ. തങ്കപ്പൻ, ബി. രാഘവൻ എന്നിവരും നിലവിൽ ശ്രീ. എഴുകോൺ നാരായണനുമാണ് ഈ മണ്ഡലത്തെപ്രതിനിധാനം ചെയ്തിട്ടുള്ളത്. വിദ്യാഭ്യാസപരമായി ഏറെ മുന്നിലെത്തിനില്ക്കുന്ന അവസ്ഥയാണ് ഇന്ന് ഈ പഞ്ചായത്തിനുള്ളത്. ഡോക്ടർമാർ, എഞ്ചിനീയർ, അദ്ധ്യാപകർ തുടങ്ങി കേരളാ യൂണിവേഴ്സിറ്റിയുടെ വൈസ്ചാൻസിലർ തരുന്നല ഡോ: എൻ ബാബു, സീനിയർ ഐ. എ. എസ്. ഉദ്യോഗസ്ഥനായ പബ്ലിക്റിലേഷൻ ഡയറക്ടർ ശ്രീ. എൽ നടരാജൻ എന്നിവർ ഈ പഞ്ചായത്തിൽ ജനിച്ചുവളർന്നവരാണ്.

പ്രവർത്തന മേഖല

1953 ൽ ഈ പഞ്ചായത്ത് നിലവിൽ വന്നപ്പോഴും കൊല്ലം ചെങ്കോട്ടറോഡ് ഒഴികെയുള്ള മറെറാരു റോഡും ഗതാഗതയോഗ്യമല്ലാത്ത അവസ്ഥയായിരുന്നു. എന്നാൽ ഇന്ന് പഞ്ചായത്തിലുള്ള എല്ലാ റോഡുകളും ജനപങ്കാളിത്തത്തോടുകൂടി നിർമ്മിച്ചവയാണ്. പഞ്ചായത്ത് ഫണ്ട് പര്യാപ്തമല്ലാത്തതിനാൽ റോഡിന്റെ അറ്റകുറപണികൾപോലും യഥാസമയം നടത്തുവാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളത്.

നവ: 1 നു് ഈ പഞ്ചായത്ത് പുനരർപ്പണദിനമായി ആചരിക്കുകയും അതിന്റെ അടിസ്ഥാനത്തിൽ 11 വാർഡുകളിലായി 220000 രൂപ ചിലവഴിച്ചുകൊണ്ട് ജനകീയാസൂത്രണത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ മുൻനിർത്തിക്കൊണ്ട് ജനപങ്കാളിത്തത്തോടെ 550000 രൂപയുള്ള പദ്ധതികൾ വാർഡുകളിൽ നടപ്പിലാക്കുന്നതിനു് തീരുമാനമെടുത്തിട്ടുണ്ട്.

ദുർബ്ബല ജനവിഭാഗങ്ങൾക്കുവേണ്ടി കിണറിന്റെ കഴുത്തുകെട്ടി സംരക്ഷിക്കുന്നതിനുവേണ്ടി 176 ഓളം പേർക്ക് 2000 രൂപവീതം നൽകുന്ന സമഗ്രപദ്ധതിയും നടപ്പിലാക്കിവരുന്നുണ്ട്.

കൃഷിവകുപ്പിന്റെ നേതൃത്വത്തിലുള്ള സമഗ്രപച്ചക്കറി വികസനപരിപാടിയുടെ ഭാഗമായി നെടുവത്തൂർ പഞ്ചായത്തിനെ പച്ചക്കറി ഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്. തേവലപ്പുറം വാട്ടർഷെഡ് പദ്ധതിയിൽ ഈ പഞ്ചായത്തിനെ ഉൾപ്പെടുത്തിയതും ഏറെ പ്രതീക്ഷക്ക വകനൽകുന്നുണ്ട്. വികസനപ്രവർത്തനങ്ങളിലുള്ള കൂട്ടായ്മ ഈ പഞ്ചായത്തിന്റെ മുഖമായതന്നെ മാറുമെന്നു് നമുക്ക് പ്രതീക്ഷിക്കാം.

ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

ഗ്രാമ പഞ്ചായത്ത് വികസന സെമിനാർ

സമൂഹ വികസന രേഖ

ഭൂപ്രകൃതി, ജന പ്രകൃതി, ജല പ്രകൃതി

അവലംബം: വിഭവഭൂപടങ്ങൾ

കൊല്ലം ജില്ലയിലെ 13 ബ്ലോക്കുകളിൽ ഒന്നായ കൊട്ടാരക്കര ബ്ലോക്കിൽ ഉൾപ്പെടുന്നതാണ് നെടുവത്തൂർ പഞ്ചായത്ത്. കൊട്ടാരക്കര പട്ടണത്തിൽ നിന്നും 3 km പടിഞ്ഞാറായി കിടക്കുന്ന നെടുവത്തൂർ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത്കൂടി കൊല്ലം-ചെങ്കോട്ട റോഡ് കടന്ന് പോകുന്നു. ഈ പഞ്ചായത്ത് തെക്ക് വടക്കായി 11.5 km കിഴക്ക് പടിഞ്ഞാറായി 9 km വിസ്തൃതിയിൽ വ്യാപിച്ചു കിടക്കുന്നു.

ഭൂമിശാസ്ത്രപരമായി അക്ഷാംശം 8°58 മുതൽ 9°2' വരെയും രേഖാംശം 76°43' മുതൽ 76° 46' വരെയും പഞ്ചായത്തിൽ വ്യാപിച്ച് കിടക്കുന്നു. കൊല്ലം ജില്ലയുടെ മദ്ധ്യഭാഗത്തായി സ്ഥിതി ചെയ്യുന്നു.

നെടുവത്തൂർ പഞ്ചായത്തിന്റെ വടക്ക് ഭാഗത്തായി കുളക്കട പഞ്ചായത്തും (2.5 km) വടക്ക് കിഴക്ക് ഭാഗം മൈലം പഞ്ചായത്തും (4.06km) കിഴക്ക് ഭാഗം കൊട്ടാരക്കര പഞ്ചായത്തും (5 km) തെക്ക് ഭാഗം കരീപ്ര പഞ്ചായത്തും (1.4 km) തെക്ക് പടിഞ്ഞാറ് എഴുകോൺ പഞ്ചായത്തും (6 km) വടക്ക് പടിഞ്ഞാറ് ഭാഗത്തായി പവിത്രേശ്വരം പഞ്ചായത്തും (4.4 km) സ്ഥിതിചെയ്യുന്നു ഈ പഞ്ചായത്തിലെ വിസ്തൃതി 22.70 ച: കി: മീറ്ററിൽ വ്യാപിച്ച് കിടക്കുന്നു. നിമ്നോന്നതി അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ 20 മീറ്ററിന് താഴെ, 20 മീറ്ററിനും 40 മീറ്ററിനും ഇടയിൽ 40 മീറ്ററിനും 60 മീറ്ററിനും ഇടയിൽ 60 മീറ്ററിനും 80 മീറ്ററിനും ഇടയിൽ 80 മീറ്ററിനും 100 മീറ്ററിനും ഇടയിൽ 100 മീറ്ററിന് മുകളിൽഎന്നിങ്ങനെ തരം തിരിക്കാവുന്നതാണ്. 100 മീറ്ററിന് മുകളിൽ വരുന്ന കുന്നിൻ പ്രദേശങ്ങളും ഊന്നൻകല്ലിപ്പാറ, മനക്കരക്കാവ് ഉൾപ്പെട്ട കുന്നുകളും, പൊങ്ങൻപാറ, ആനയം-വലിയകാട് ഇളളയപ്പൻപ്പാറ, പകുതിപ്പാറ, കൻമനമുകളിൽ, പുലിപ്പാറ, മലയിൻപാറ എന്നിവയാണ്. സമുദ്ര നിരപ്പിൽ നിന്ന് ഉള്ള ഏറ്റവും കൂടിയ ഉയരം 124 മീറ്റർ വരുന്ന ഊന്നൻകല്ലിപ്പാറയാണ്.

സമുദ്രനിരപ്പിൽ നിന്നും 40 മീറ്ററിനും 80മീറ്ററിനും ഇടയിലുള്ള ഭാഗം ചരിവുകളിൽ ഉൾപ്പെടുത്താവുന്നതാണ്. ചരിവുകളെ ചെറുചരിവ്, ഇടത്തരം ചരിവ് എന്നിങ്ങനെ തരം തിരിക്കാവുന്നതാണ്.

20 മീറ്ററിന് താഴെ വരുന്ന പ്രദേശങ്ങളും താഴ്വാരങ്ങളിൽ ഉൾപ്പെടുത്താവുന്നതാണ്. ഈ താഴ്വാരങ്ങളും പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറായി സ്ഥിതി ചെയ്യുന്നു. ഉയർന്നു കിടക്കുന്ന മദ്ധ്യഭാഗവും തെക്കോട്ടും വടക്കോട്ടും ക്രമേണ ചരിഞ്ഞു കിടക്കുന്നതുമായ ഭൂപ്രദേശമാണ് ഈ പഞ്ചായത്ത്. ഭൂപ്രകൃതി അനുസരിച്ച് നെടുവത്തൂർ പഞ്ചായത്തിനെ മൂന്ന് മേഖലകളായി തിരിക്കാം.

1. ഉയർന്ന സമതലം
2. ചരിവ് പ്രദേശങ്ങളും
3. താഴ്വാരങ്ങളും

1 ഉയർന്ന സമതലം 5° യ്ക്ക് താഴെ ചരിവുള്ള ഉയർന്ന പ്രദേശങ്ങളും ഈ വിഭാഗത്തിൽ ഉൾപ്പെടുത്താവുന്നതാണ്. 400 ഹെക്ടർ പ്രദേശം വരുന്ന ഉയർന്ന സമതലം ഈ പഞ്ചായത്തിന്റെ മൊത്തം വിസ്തൃതി 17.6% ഉൾപ്പെടുന്നു.

ഉയർന്ന സമതലം വരുന്ന ഭൂഭാഗത്ത് ഊന്നൻകല്ലിപ്പാറ, മനക്കരകാവ്, ഉൾപ്പെട്ട ഭാഗങ്ങളും, പൊങ്ങൻപാറ, പുല്ലാമലകുന്നുകളും, ആനയം വലിയകാടുകളും, കൻമനമുകളും എന്നീ പാറകളും കനം കുറഞ്ഞ ലാറ്ററൈറ്റ് മണ്ണുകളും ഉൾപ്പെടുന്നു. ഈ പ്രദേശത്തെ പ്രധാനകൃഷി റബ്ബർ, തെങ്ങ്, കശുമാവ്, മരച്ചീനി മുതലായ കാർഷികവിളകളും ബാക്കി തരിശുഭൂമിയും ആണ്. ഈ പ്രദേശങ്ങളിൽ, കോട്ടാത്തലയിലെ കൊടുമൻ പാറ (2 ഹെക്ടർ), ആനയംപാറ, ചാലുക്കോണംപാറ എന്നീ പാറമടകളും കാണപ്പെടുന്നു. ഉയർന്ന പ്രദേശങ്ങളിൽ

പൊതുവേകാണുന്ന മണ്ണൊലിപ്പു തടയാൻ വേണ്ടി കർഷകർ സ്വയം തടകൾ ഇടുന്നു. ഈ പ്രദേശങ്ങളിൽ കട്ടി കൂടിയ പാറയും, കനം കുറഞ്ഞ ലാറ്ററൈറ്റു മണ്ണ് ഉൾപ്പെടുന്നതുകൊണ്ട് മഴ വെള്ളം കിനിഞ്ഞിറങ്ങാൻ താരതമ്യേന കുറവാണ്. അതുകൊണ്ട് കിണറുകൾ കുഴിച്ചാൽ ജലം കിട്ടാൻ പ്രയാസം നേരിടുന്നു.

II ചരിവ്

സമുദ്ര നിരപ്പിൽ നിന്നും 40 മീറ്ററിനും 80 മീറ്ററിനും ഇടയിലുള്ള ഭാഗം ഈ വിഭാഗത്തിൽപ്പെടുന്നു. ചരിവുകളെ ഇടത്തരം ചരിവുകൾ(5°–10°) ചെറുചരിവ്–10°–15° എന്നിങ്ങനെ വിഭജിക്കാവുന്നതാണ്. വിസ്തൃതിയിൽ 1220 ഹെക്ടർ വരുന്ന ഏകദേശം 53.7% ഭാഗം ഉയർന്ന സമതലങ്ങളേയും താഴ്വരകളേയും തമ്മിൽ ബന്ധിപ്പിക്കുന്നു. ഈ ഭാഗത്തെ പ്രധാന കൃഷി, മിശ്രിതമരങ്ങൾ, മിശ്രിതകൃഷികൾ, തെങ്ങ് കാർഷിക വിളകൾ എന്നിവയാണ്. മണ്ണിന്റെകനം താരതമ്യേന കൂടുതലായതിനാൽ ജലക്ഷാമം പൊതുവേ കുറവാണ്.


താഴ്വാരം സമുദ്രനിരപ്പിൽ നിന്നും 40 മീറ്ററിനു താഴെ വരുന്ന പ്രദേശങ്ങൾ പൊതുവേ താഴ്വാരത്തിൽപ്പെടുന്നു.650 ഹെക്ടറോളം വരുന്ന ഈ ഭൂവിഭാഗം പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയുടെ 28.6% വരുന്നു. ഈ പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറായി വരുന്ന വിശാലമായ ഈ മേഖലവീതികുറഞ്ഞു പഞ്ചായത്തിന്റെ മദ്ധ്യഭാഗം വരെ വ്യാപിച്ചു കിടക്കുന്നു. പഞ്ചായത്തിന്റെ തെക്കുഭാഗത്തുള്ള വയലുകളും ഈ മേഖലകളിൽ ഉൾപ്പെടുത്താവുന്നതാണ്.

വല്ലഭൻകരതോടും അതിനോടനുബന്ധിച്ചുള്ള വിശാലമായ നെൽപ്പാടങ്ങളായ വല്ലഭൻകര ഏല, ചൂണ്ടാലി ഏല, ചിത്തല്ലൂർ ഏല, കട്ടിള ഏല, കളളിത്തല ഏല, മാടത്തറ ഏല, കൊളഞ്ഞോട്ടി, അരീക്കൽ ഏല, പുളിയത്തറ ഏല എന്നിവ ഉൾപ്പെടുന്ന തെക്കു ഭാഗത്തായി കാണപ്പെടുന്ന വെൺമണ്ണൂർ വാർഡിൽ നിന്നു തുടങ്ങുന്ന പൊയ്കയിൽതോട് കിളളൂർ ഏലായിൽ ഉൾപ്പെടുന്നു. മഴവെള്ളം ശേഖരിക്കപ്പെടുന്ന ഭൂവിഭാഗമായതിനാൽ ഈ പ്രദേശത്തിലെ പ്രധാന മൺതരം എക്കൽ മണ്ണാണ്. ചിലസ്ഥലങ്ങളിൽ മണൽ ചേർന്ന എക്കൽ മണ്ണ്, കളിമണ്ണ്ചേർന്ന എക്കൽ മണ്ണ് കാണപ്പെടുന്നു. എക്കൽമണ്ണ് ഉള്ള പ്രദേശം ഫലഭൂയിഷ്ടമാണ് അതിനാൽ നെൽകൃഷിക്ക് അനുയോജ്യമാണ്. ജല ലഭ്യതയുള്ളതിനാൽ ഇരുപ്പുകൃഷിയാണ്. ചിലഭാഗങ്ങളിൽ പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ, വാഴ, ഇഞ്ചി, മരച്ചീനി എന്നിവയും കൃഷിചെയ്യാറുണ്ട്. റോഡ്സൈഡിലുള്ള താഴ്വാരങ്ങൾ നികത്തി കെട്ടിടം നിർമ്മിക്കാനും തെങ്ങ്, വാഴ എന്നീ കൃഷികൾക്കും ഉപയോഗിക്കുന്നു.

ഭൂപ്രകൃതിമേഖലകൾ	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
ഉയർന്ന സമതലം	400	17.6
ചരിവുകൾ	1220	53.7
താഴ്വര	650	28.6
ആകെ	2270	100

000014

നിമ്നോന്നതി



ചിഹ്നങ്ങൾ


- പഞ്ചായത്ത് അതിര്
- കോണ്ടൂർ രേഖ
- തോടുകൾ
- നീർമനി രേഖ

അവലംബം. വിഭവഭൂപടം സെന്റ്.

000015

000016

ഭൂരൂപങ്ങൾ



അവലംബം. വിവേചനപടം. സെസ്സ്.

000017

0000131

ജലവിഭവങ്ങൾ

(അവലംബം: വിഭവഭൂപടങ്ങൾ)

നെടുവത്തൂർ പഞ്ചായത്ത് മഴയെ മാത്രം ആശ്രയിച്ച് കൃഷി നടത്തുന്ന ഒരു പ്രദേശമാണ്. കാലവർഷത്തിൽ നിന്നാണു കൂടുതൽ മഴ ലഭിക്കുന്നത്. മഴ കുറവുള്ള മാസങ്ങളിൽ ജലദൗർലഭ്യം രൂക്ഷമായി അനുഭവപ്പെടുന്നു.

കല്ലടയാറിലും, ഇത്തിക്കരയാറിലും ചെന്നുചേരുന്ന തോടുകളായ വല്ലഭൻകര, അരീക്കൽ തോട്, മുമ്മൂലതോട്,പത്തടിതോട്, ചവിരിക്കല ഴികത്തുതോട്, പൊയ്കയിൽതോട് എന്നിവ ഈ പഞ്ചായത്തിലൂടെ ഒഴുകുന്നു. ഇവയുടെ ആകെ നീളം 26 km ആണ്. അതുപോലെ 28 കുളങ്ങളും, എട്ടു നീരുറവകളുമാണ് നെടുവത്തൂർ പഞ്ചായലെ ഉപരിതല ജല സ്രോതസുകൾ.

ഈ പഞ്ചായത്തിലെ തോടുകളെ അഞ്ചു പ്രത്യേക നീർമറി തടങ്ങളായി വിഭജിക്കാവുന്നതാണ്. ഏറ്റവും പ്രധാനപ്പെട്ട തോടായ വല്ലഭൻകര തോട് പഞ്ചായത്തിന്റെവടക്കുഭാഗത്തുകൂടി ഒഴുകുകുന്നു, വല്ലം മലഅടിവാരത്തിൽ നിന്നു തുടങ്ങി കുറുമ്പാലൂർ, കോട്ടാത്തല, പുല്ലാമല; തേവലപ്പുറം എ തെക്കുംപുറം വഴി കല്ലടയാറ്റിൽ ചെന്നു ചേരുന്നു. ഈ തോടിന്റെ നീളം 14.7 km അത് ഉൾപ്പെടുന്ന പ്രദേശത്തിന് 10.28 ച. കി. മീറ്റർ വിസ്തീർണ്ണവും ഉണ്ട്. കൂടാതെ കോട്ടാത്തല പൂഴിക്കാട് നിന്നും ആരംഭിച്ച് പാറയിൽ ജംഗ്ഷൻ– തേവലപ്പുറം – വല്ലഭൻകരതോടും കിളിളൂർ നിന്ന് തുടങ്ങിതോയിത്തല ഏല- മാറനാട്–തേവലപ്പുറം– വല്ലഭൻകര വഴിയുള്ള തോടും ആനക്കോട്ടൂർ നിന്ന് തുടങ്ങി തൊളളാർകുഴി–പുല്ലാമല–വല്ലഭൻകരതോട് വഴിയുള്ള തോടും കല്ലടയാറ്റിൽ ചേരുന്നു.

മറ്റു തോടുകളായ അരീയ്ക്കൽതോട്, മുമ്മൂലതോട്, പത്തടിതോട്, ചവിരിക്കലഴികത്തുതോട്, പൊയ്കയിൽതോട് എന്നിവ പഞ്ചായത്തിന്റെ മധ്യഭാഗത്തുള്ള ചാലൂക്കോണത്തുനിന്നും അഴകുന്നിൽ നിന്നും കൊതുമ്പിൽകോണത്തു നിന്നും, പൊങ്ങൻപാറയിൽ നിന്നും, കൊതുമ്പിൽ കോണിന്റെ മറുഭാഗത്തുനിന്ന് ഉത്ഭവിച്ച് ഇത്തിക്കരയാറ്റിൽ ചേരുന്നു.

28 കുളങ്ങളും, 8 നീരുറവകളും ഉള്ള ഈ പഞ്ചായത്തിലെ പ്രധാന കുളങ്ങൾ ഒന്നാം വാർഡിലെ പളളിക്കുളം 2–ാം വാർഡിൽ തേവലപ്പുറം ഇറിഗേഷൻ ടാങ്ക്, മുന്നാം വാർഡിൽ പാണ്ട്റകുളം, നാലാം വാർഡിൽ പണയിൽകുളം ,പൂഴിക്കാട്ടുകുളം, അഞ്ചാം വാർഡിൽ മാന്നാറകുളം, ആറാം വാർഡിൽ വണ്ണാർ കുഴികുളം, എഴാം വാർഡിൽ ഓലിക്കക്കുളം, എട്ടാം വാർഡിൽ കൃഷ്ണൻചിറക്കുളം,ഒൻപതാം വാർഡിൽ എലിമുളളി ഏലാതലകുളം,പത്താം വാർഡിൽ ചിറക്കടവ് അമ്പലകുളം, ചിറത്തല, പതിനൊന്നാം വാർഡിൽ നാടല്ലൂർ കുളം, എന്നിവയാണ്.

ആറാം വാർഡിലെ പൂങ്ങോട്ടു ഏലാത്തലയ്ക്കൽ, ഏഴാം വാർഡിലെ ഓലിക്കകുളം, ഒൻപതാം വാർഡിലെ മുണ്ടുകോണം. കണ്ണൂർ ഏലാത്തറ തുടങ്ങിയ നീരുറവകളും ഈ പഞ്ചായത്തിലുണ്ട്. ഇത്തരം നീരുറവകളും, കുളങ്ങളും പഞ്ചായത്ത് അടിസ്ഥാനത്തിൽ സംരക്ഷിച്ചാൽ ഈ പ്രദേശത്തെ കുളിവെളള ക്ഷാമം കുറെ പരിഹരിക്കാവുന്നതാണ്.

കിണറുകൾ വറ്റുന്നവ, വറ്റാത്തവ എന്നിങ്ങനെ വാർഡ് അടിസ്ഥാനത്തിൽ വേർതിരിച്ച് താഴെകൊടുത്തിരിക്കുന്നു.

വാർഡ്	കിണറുകൾ	
	വറ്റാത്തവ	വറ്റുന്നവ
1	194	134
2	230	120
3	82	52
4	300	79
5	176	70
6	80	50
7	146	200
8	128	60
9	70	200
10	26	161
11	330	88

തോടിന്റെ പേര്	നീളം	ഭൂരുപങ്ങം			ആകെ വിസ്തൃതി	വാർഡുകൾ
		ഉയർന്ന സമതലം	ചരിവ്	താഴ്വര		
വല്ലൻതോട്	14.7	1.98	5.4	2.9	10.28	I, II, III IV, VII, VIII
അരീക്കൽ തോട്	2.8	.36	1.86	.72	2.94	IV, III, II, I
പൊയ്കയിൽ തോട്	4.4	.9	2.9	1.44	5.24	IX
ചവിരിക്കല ഴികത്തുതോട്	2.5	.54	1.35	.9	2.79	IX, X
പത്തടി തോട്	1.5	.22	.8	.54	1.52	IV
ആകെ	26	4	12,26	6.5	22.6	

ജനപ്രകൃതി

1991-ലെ സെൻസസ് കണക്കുകൾ പ്രകാരം നെടുവത്തൂരിലെ ജനസംഖ്യ 26186 ആയിരുന്നു. ഇതിൽ.....പുരുഷൻമാരും.....സ്ത്രീകളുമാണ്. ഈ പഞ്ചായത്തിലെ ആകെ വീടുകൾ.... ...ആണ്. അതായത് ശരാശരി വീടൊന്നിന്.....ആളുകൾ വീതമുണ്ട്. .....ജനസാന്ദ്രത ചതുരശ്രകി: മ:ന് .....ആയിരുന്നു. 6 വയസിനു താഴെ പ്രായമുള്ള കുട്ടികളുടെ എണ്ണം.....ആണ്. പട്ടികജാതി ജനസംഖ്യ.....ആണ്. സാക്ഷരത ശതമാനം 98 ആണ്.

വിദ്യാഭ്യാസരംഗത്ത് കൊല്ലംജില്ലയിൽ പിന്നോക്കമല്ലാത്ത ഒരു സ്ഥാമാണ് ഈ പഞ്ചായത്തിനുള്ളത്.

അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ രൂക്ഷമായ പ്രശ്നമാണ്. തൊഴിലതിഷ്ഠിത വിദ്യാഭ്യാസത്തിലൂടെയും പരമ്പരാഗത തൊഴിലുകളുടെ പുനരുദ്ധാരണത്തിലൂടെയും ഗ്രാമീണ കരകൗശലത്തൊഴിലാളികളെ പ്രോൽസാഹിപ്പിച്ചും ഒരളവുവരെ പരിഹരിക്കാവുന്നതാണ്.

പഞ്ചായത്തിലെ ജനങ്ങളുടെ പ്രധാന തൊഴിൽ മേഖലകൾ.കാർഷികരംഗവും പാറപണിയും കശുവണ്ടി വ്യവസായ മേഖലയുമാണ്. പൊതുമേഖലയിൽ പ്രവർത്തിക്കുന്ന (KCDC) കശുവണ്ടി ഫാക്ടറികളിൽ വർഷത്തിൽ 30 ദിവസത്തോളം മാത്രമാണ് തൊഴിൽ ലഭിക്കുന്നത്. സ്വകാര്യ മേഖലയിൽ സ്ഥാപിച്ചിട്ടുള്ള ഫാക്ടറികളിൽ വർഷത്തിൽ 150 ഓളം ദിവസത്തോളം തൊഴിൽ ലഭിക്കുന്നുണ്ട്. കാർഷിക മേഖല പൊതുവെ ആദായകരമല്ലാതായതോടെ ആ രംഗത്തേക്ക് തൊഴിലാളികളുടെ ആഭിമുഖ്യം കുറഞ്ഞു വരുന്നു.

സാമൂഹികമായ ഉച്ചനീചത്വങ്ങൾ നിലവിലില്ല കാർഷിക വ്യാവസായിക തൊഴിലാളികൾ കൂടുതലായി അധിവസിക്കുന്ന ഈ പഞ്ചായത്തിൽ പൊതുജന ആരോഗ്യരംഗത്ത് കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട്. ജല ജന്യം ജന്തു ജന്യമായിട്ടുള്ള പകർച്ചവ്യാധികൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

000020

	വാർഡ് തല ജനസംഖ്യാവിവര പട്ടിക			
വാർഡ് നമ്പർ	ആൺ	പെൺ	ആകെ	
1	1273	1174	2447	
2	1065	1143	2208	
3	1005	1033	2038	
4	1273	1228	2501	
5	1255	1299	2554	
6	932	1024	1956	
7	1179	1344	2523	
8	888	1036	1924	
9	1074	1286	2360	
10	1281	1658	2939	
11	1327	1409	2736	
	12552	13634	26186	

5.1

കാർഷികമേഖല

കാർഷിക വൃത്തിയെ ആശ്രയിച്ചുകഴിയുന്ന ഒരു പ്രദേശമാണ് നെടുവത്തൂർ പഞ്ചായത്ത്. അരനൂറ്റാണ്ടിനുമുമ്പേ കാർഷിക മേഖലയിൽ നാടുവാഴിത്തത്തിന്റെ സ്വാധീനം പ്രകടമായിരുന്ന ഇവിടെ. ഭൂഉടമാ ബന്ധത്തിൽ ഗുണപരമായ മാറ്റം ഉണ്ടായത് കഴിഞ്ഞ ദശകങ്ങളിൽ നടപ്പിലായ ഭൂപരിഷ്ക്കരണ നിയമങ്ങളിലൂടെയാണ്. ഈ പരിഷ്ക്കാരങ്ങൾ തലമുറകളായി നിലനിന്നിരുന്ന കാർഷിക ബന്ധത്തിൽ വിപ്ലവാത്മകമായ പരിവർത്തനത്തിന് കളമൊരുക്കി. കുടികിടപ്പുകാരൻ ഭൂ ഉടമയായതോടെ കാർഷിക ഉല്പാദന രംഗത്ത് ഗുണപരമായ മാറ്റത്തിനും കളമൊരുക്കി. എങ്കിലും ജന്മിത്വത്തിന്റെ കാഠിന്യം നിലനിന്നിരുന്നെങ്കിലും അനുകരണീയമായ ചില ഗുണവിശേഷങ്ങൾ അവഗണിക്കാവുന്നതല്ല. ഇവയിൽ ഏറ്റവും പ്രധാനം പരസ്പര സഹായ സഹകരണവും സേവനവുമാണ്. ''കണ്ടതിൽ പങ്കുചെയ്താൽ പെന്തതിൽ പങ്കുതിന്നാം'' എന്ന ചൊല്ല് ഈ വസ്തുത വെളിപ്പെടുത്തുന്നു. ഓരോ കർഷകനും ഓരോ ജോഡി കാളയും കൃഷി ഉപകരണങ്ങളുമുണ്ടായിരുന്നു. കാർഷിക വൃത്തിക്കുത്തേജനം നൽകാൻ പര്യാപ്തമായിരുന്നു. കർഷകോത്സവങ്ങളും മരമടി മഹോത്സവങ്ങളും കാർഷിക വൃത്തിക്ക് സർക്കാർ യാതൊരുവിധ സഹായവും ലഭ്യമായിരുന്നില്ല. എങ്കിലും കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചിരുന്ന സമാധന കാംക്ഷികളുടെ നാടായിരുന്നു.

പ്രധാന കാർഷിക വിഭവങ്ങൾ നെല്ലും, മരച്ചീനിയും, കിഴങ്ങുവർഗ്ഗങ്ങളും, തെങ്ങും, കവുങ്ങും, കുരുമുളകും ആയിരുന്നു. പ്രധാന താങ്ങുവിള വെറ്റിലകൃഷി ആയിരുന്നു. വെറ്റിലകൃഷി ചെയ്തിരുന്നവർ താരതമ്യേന സാമ്പത്തികമായി ഉയർന്ന നിലവാരം പുലർത്തിയിരുന്നു. പരമ്പരാഗത കാർഷികരീതി അനുവർത്തിക്കുന്ന ഈ കാലഘട്ടങ്ങളിൽ ചാണകവും, ചാരവും, തോലുമായിരുന്നു. ഒപ്പം നാട്ടറിവുകളും പ്രധാന കീടബാധ നെല്ലിനെ ബാധിക്കുന്ന പുഴശല്യമായിരുന്നു. ഇതിനെ നിർമ്മാർജ്ജനം ചെയ്യാൻ കർഷകർ പല നാടൻ ശൈലികളും അനുവർത്തിച്ചുവരുന്നു. വയലിൽ വെള്ളം കെട്ടിനിറുത്തിയും കോരിക ഉപയോഗിച്ചും പുഴശല്യത്തിനുപരിഹാരം കണ്ടെത്തിയിരുന്നു. മറ്റ് പ്രാണികളുടെ ആക്രമണത്തിൽനിന്നും രക്ഷനേടിയിരുന്നത് കളഞ്ചിപ്പൂവ് ചാഴിക്ക് കൈക്കൊണ്ട പ്രതിവിധിയായിരുന്നു. ഒപ്പം രാത്രി കാലങ്ങളിൽ പാടശേഖരങ്ങളിൽ ചൂട്ടുകറ്റകൾ കത്തിച്ച് വച്ച് പ്രാണികളെ ആകർഷിച്ചുകൊല്ലുന്ന സമ്പ്രദായം ഏറെ ഫലപ്രദമായിരുന്നു. എന്നാൽ നൂതന കൃഷി സമ്പ്രദായങ്ങളുടെ ആവിർഭാവം ഈ സങ്കേതങ്ങളെയെല്ലാം കളഞ്ഞുകുളിച്ചു.

തെങ്ങ്, മരച്ചീനി, കിഴങ്ങുവർഗ്ഗങ്ങൾ മുതലായവ കൃഷിചെയ്തിരുന്ന മരുഭൂ പ്രദേശങ്ങളിലെ ഭക്ഷ്യവിളകൾ താങ്ങുവിളകൾക്ക് വഴിമാറികൊടുത്തിരിക്കുന്നത് ഭക്ഷ്യോൽപ്പാദന രംഗത്തെ ഒട്ടൊന്നുമല്ല സ്വാധിനിക്കുന്നത്.

താഴ്വാരങ്ങളിൽ ആദ്യകാലത്ത് ഏറെ ശ്രദ്ധയും, പരിചരണവും നൽകിയിരുന്നത് നെൽകൃഷിക്കായിരുന്നു. നെൽകൃഷിയോടൊപ്പം ഇഞ്ചി, വാഴ മുതലായവയും കൃഷി ചെയ്തു വന്നിരുന്നു. ആകെ കൃഷിഭൂമിയുടെ 28% നെൽകൃഷി ചെയ്തിരുന്ന വയലുകളായിരുന്നു. പഞ്ചായത്തിലെ കൃഷിഭൂമിയുടെ ഉടമസ്ഥത വിരലിലെണ്ണാവുന്ന ജന്മിമാരായിരുന്നു. അവരുടെ കുടികിടപ്പുകാരായിരുന്ന ബഹുഭൂരിപക്ഷം വരുന്ന കർഷകർ.

കഴിഞ്ഞ ദശകങ്ങളിലെ കാർഷികരംഗത്തെ പ്രധാന സവിശേഷത. കർഷകർ നാടൻ വിത്തിനങ്ങളാണ് ഉപയോഗിച്ചിരുന്നതു്. കൃഷിചെയ്തിരുന്ന പ്രധാന നെൽവിത്തിനങ്ങൾ പ്രാക്കുളം, ഞവര, ആറാംവെള്ള, അതിക്കിരാഴി, മുണ്ടകൻ, ക്കുറികുറുവാലൻ, തവളക്കണ്ണൻ, കുറുത്തചേറാടി, കുറുചേറാടി 19, 20, 23 എന്നിവയായിരുന്നു. ഇവയിൽ തന്നെ ഒട്ടേറെ പ്രത്യേകതകൾ ഉള്ള വിത്തിനങ്ങൾ ആയിരുന്നു. പ്രാക്കുളം, ഞവര, ആറാംവെള്ള, അതിക്കിരാഴി, മുണ്ടകൻ എന്നിവ. ഈ വിത്തിനങ്ങൾ 60 ദിവസം മുതൽ 80 ദിവസംകൊണ്ട് വിളവുതരാൻ കഴിഞ്ഞിരുന്നു.''ആറാംവെള്ള അറുപതിനറയിൽ'' എന്ന ചൊല്ലുതന്നെ നാട്ടിൽ പ്രചരിച്ചിരുന്നത് ഇതിനുത്തമ ദൃഷ്ടാന്തമാണ്. ഞവര വിത്തിന് ഒട്ടേറെ ഔഷധമൂല്യങ്ങളുണ്ടായിരുന്നു. മേടമാസത്തിലെ കൃഷിക്കാണ് ആറാംവെള്ള ഉപയോഗിച്ചിരുന്നതെങ്കിൽ കർക്കിടക കൃഷിക്ക് അതിക്കിരാഴി, മുണ്ടകൻ വിത്തിനങ്ങളാണ് ഉപയോഗിച്ചുവന്നി

രുന്നതു്. കിഴങ്ങുവർഗ്ഗങ്ങളിൽ പ്രധാനം മരച്ചീനിയായിരുന്നു. നെടുമങ്ങാടൻ, ഏഴൂററൻ, മൊട്ടയരിയൻ, അരിമണിയൻ എന്നിവയായിരുന്നു. ഈ ഇനങ്ങൾക്കുണ്ടായിരുന്ന പല സവിശേഷ ഗുണങ്ങളും ഇന്നുള്ളവയ്ക്കില്ല എന്നതു് എടുത്തുകാട്ടേണ്ടതാണു്.

മനുഷ്യ സംസ്ക്കാരത്തിനു് അടിത്തറയിട്ട കാർഷിക വൃത്തിയിലൂടെ നാം നേടിയെടുത്ത ഞാറുപാട്ടുകളും, കൊയ്ത്തുപാട്ടുകളും, നാടൻ ശൈലികളും, പഴഞ്ചൊല്ലുകളും ഇന്നു് നമുക്കു് കൈമോശം വന്നിരിക്കയാണു്. ഉദാഹരണത്തിനു് ഏറെ പ്രചാരം ലഭിച്ചിരുന്ന ഒരു നടീൽ പാട്ടാണു്

''തൈ തൈ തിത്തി തൈ തൈ
തെയ്യാരം തെയ്യാരം തെയ്യാരോ
രാമന്റെ സീതേ തേരേ കേറുമ്പോ–
ഞാനെന്റ ചീതേ ചേക്കേറും.''

ജലസേചനത്തിനായി പല പാരമ്പര്യ മാർഗ്ഗങ്ങളും അനുവർത്തിച്ചിരുന്നു. തോടുകളും, കുളങ്ങളും എന്നിവ ലഭ്യമായ നാടൻ മാർഗ്ഗങ്ങളുപയോഗിച്ചു് ചിറകെട്ടിയും, തടയിണകൾ നിർമ്മിച്ചും കൃഷിസ്ഥലങ്ങളിൽ ജലസേചനം നടത്തിയിരുന്നു. മാത്രമല്ല എലിശല്യം ഒഴിവാക്കാൻ മുളങ്കുററികൊണ്ടിയും, അടിച്ചിലും (അടിവില്ലു്) ഉപയോഗിച്ചിരുന്നു.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം. 2270 ഹെക്ടർ ആണു്. ഭൂപ്രകൃതി അനുസരിച്ചു് ഉയർന്ന സമതലം, ചരിവുകൾ, താഴ്വാരം എന്നിങ്ങനെ മൂന്നായി വിഭജിക്കാം. ഉയർന്ന സമതലം 400 ഹെക്ടറും, ചരുവുകൾ 1220 ഹെക്ടറും താഴ്വാരം 650 ഹെക്ടറും ഉൾപ്പെടുന്നു. ഉയർന്ന സമതലങ്ങളിൽ പാറയും ഇടവിട്ടു് ചെമ്മണ്ണും, ചരുവുകളിൽ കല്ലു് കലർന്ന ചെമ്മണ്ണും, താഴ്വാരങ്ങളിൽ പൊതുവെ മണലും കളിമണ്ണും ചേർന്ന എക്കൽമണ്ണും, തെക്കുംപുറം വാർഡിൽ കല്ലുകലർന്ന ഈർപ്പരഹിത മണലും, ആനക്കോട്ടൂർ വാർഡിൽ ആനയ ഭാഗത്തു് കല്ലുകലർന്ന കരിമണ്ണും പുല്ലാമല വാർഡിൽ ഈർപ്പരഹിത മണലുമാണു്.

പട്ടിക 1

ഭൂപ്രകൃതി (CEES REPORT)

നമ്പർ.	ഭൂപ്രകൃതി	വിസ്തൃതി (ഹെക്ടർ)	ശതമാനം
1	താഴ്വാരകം	650	28.6
2	ചരിവുകം	1220	53.7
3	ഉയർന്നസമതലം	400	17.6

കാർഷികവിളകളുടെ അടിസ്ഥാനത്തിലുള്ള ഭൂവിനിയോഗം

പട്ടിക 2

ഭൂവിനിയോഗം (CESS REPORT)

ക്രമനമ്പർ	വിളകം	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
*1	മിശ്രിത കൃഷികം	815.2	38
**2	മിശ്രിതമരങ്ങം	75	3.5
3	തെങ്ങു്	750	35
4	റബ്ബർ	101	4.7
5	കശുമാവു്	35	1.63
6	കൃഷിക്കുപയുക്തമായ തരിശുഭൂമി	14.44	0.6
7	ഉപയുക്തമല്ലാത്ത ഭൂമി	10	0.46
8	നെൽകൃഷി	320	14.95
9	വയൽ നികത്തിയതു്	19.52	0.8

* നെല്ലു്, മരച്ചീനി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, തെങ്ങു്, കമുകു്, കുരുമുളകു്, പൈനാപ്പിൾ, പ്രയുവർഗ്ഗങ്ങൾ, കശുവണ്ടി, റബ്ബർ, വെററില, ഇഞ്ചി.

** മാവു്, പ്ലാവു്, ആഞ്ഞിലി, കശുമാവു്, പാഴ്മരങ്ങൾ etc.

കുളങ്ങൾ

പഞ്ചായത്തിൽ ജലസേചനത്തിനുപയോഗിക്കാൻ പര്യാപ്തമായ 26 കുളങ്ങളും ഉണ്ട്. 13 സർപ്പ കാവുകളുമുണ്ട്.

പട്ടിക 5

(കുളങ്ങൾ CESS REPORT)

വാർഡ്	കുളങ്ങളും	സർപ്പക്കാവുകളും
I	1	3
II	—	—
III	1	2
IV	2	2
V	4	1
VI	1	—
VII	6	2
VIII	2	—
IX	2	1
X	3	3
XI	5	1

കൃഷിഭവൻ

1987–88 ൽ പ്രവർത്തനം ആരംഭിച്ച കൃഷിഭവൻ കാർഷിക മേഖലയായ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടുകൂടിയാണ് ആരംഭിച്ചതു് കാലാകാലങ്ങളിൽ പല വാർഡുകളിലായി പ്രവർത്തിക്കേണ്ടിവന്നതു കൊണ്ട് ഇതിന്റെ ലക്ഷ്യം പൂർണ്ണമായിട്ടില്ല. അതുകൊണ്ട് തന്നെ കൃഷിഭവന്റെ പ്രവർത്തനംപരിമിതമായ മേഖലകളിൽ മാത്രമേ എത്തിയിട്ടുള്ളൂ. ഈ പോരായ്മ പരിഹരിക്കാൻ പഞ്ചായത്തിന്റെ മദ്ധ്യഭാഗത്ത് കൃഷിഭവൻ സ്ഥാപിച്ച് പ്രവർത്തനം നടത്തണം

കാർഷിക മേഖല നേരിടുന്ന പ്രധാന പ്രശ്നങ്ങൾ

1 ഭക്ഷ്യവിള കൃഷിയുടെ താൽപ്പര്യം കുറയുന്നു. നാണ്യവിള കൃഷിയിൽ കൂടുതൽ പ്രാധാന്യം നൽകുന്നു.

2 കാർഷികരംഗത്ത് ജലസേചന ദൗർലഭ്യവും കർഷക തൊഴിലാളികളുടെ അഭാവവും.

3 അത്യുല്പാദനവും പ്രതിരോധശേഷിയുമുള്ള വിത്തിനങ്ങളുടെ അഭാവം.

4 കാർഷിക വായ്പാ സൗകര്യങ്ങൾ ലഭിക്കുന്നതിലുള്ള കാലതാമസം.

5 വയൽ നികത്തി നാണ്യവിള കൃഷി ചെയ്യുന്നതും, കെട്ടിടനിർമ്മാണവും.

6 അശാസ്ത്രീയമായ വളപ്രയോഗം.

8 കാർഷിക യന്ത്രങ്ങൾ കൃഷിയിടങ്ങളിൽ എത്തിക്കാനുള്ള അസൗകര്യം.

7 അമിതമായ കൂലിയും രാസവളങ്ങളുടെ ക്രമാതീതമായ വിലക്കയറ്റവും.

9 മണ്ണൊലിപ്പും മണ്ണിന്റെ ഫലപുഷ്ടിനഷ്ടപ്പെടലും.

10 കാർഷിക ഉല്പന്നങ്ങളുടെ വിപണന സൗകര്യത്തിന്റെ അഭാവം.

11 കൃഷിക്കുപയുക്തമല്ലാത്ത ചതുപ്പുനിലം അനുയോജ്യമായ കൃഷിക്കുപയുക്തമാക്കൽ.

പരിഹാരമാർഗ്ഗങ്ങൾ

തെക്കുംപുറം 1 നെൽകൃഷി വ്യാപകമാക്കാനും ഇരുപ്പ് കൃഷിയോടൊപ്പം ഇടവിളകൃഷിക്കുതകുന്ന രീതിയിൽ ലഭ്യമായ ജലസേചന സൗകര്യം ശാസ്ത്രീയമായി പുനഃസംവിധാനം ചെയ്യണം. ഇതിനുവേണ്ടി പഞ്ചായത്തിലെ 1 ാംവാർഡിലെ കാരായിക്കോട് ഏലാമുതൽ ചിറ്റള്ളൂർ ഏലാവരെയും അവിടെനിന്നും വല്ലവൻകര വരെയുള്ള കൈത്തോടുകെട്ടി സംരക്ഷിക്കണം. ചിറ്റള്ളൂർ ഭാഗത്ത് ക്രോസ്ബാർ നിർമ്മിക്കണം. മാത്തിലഴികത്ത് കിഴക്കുവശം പ്രാവറ ഏലാക്കുകളിലുള്ള ക്രോസ്ബാർ പുതുക്കിപണിത് ചീർപ്പുകെട്ടണം. കളളിത്തലത്തോട്ടിൽ ചീർപ്പുകെട്ടണം. ചൂണ്ടോലി അമ്പലം മുതൽ വലിയതോട് വരെയുള്ള തോടും വീതിയുള്ള വരമ്പും പുനഃസ്ഥാപിക്കണം. പള്ളിക്കുളം, തോണ്ടോലിക്കുളം നന്നാക്കി ജലസേചനത്തിനു് ഉപയുക്തമാക്കണം.

തേവലപ്പുറം A: തേവലപ്പുറം രണ്ടാംവാർഡിൽ കൂടിയുള്ള KIP കനാൽ വഴി ജലം തുറന്നുവിട്ട് കൃഷിക്കുപയുക്തമാക്കണം. കോട്ടാത്തല പവിത്രേശ്വരം തോടിന്റെതീരത്തു മാമ്പ്രത്തോട്ടിൽ തടയണ കെട്ടണം. മാറനാട് പോളയക്കോണം തോടിന്റെ സൈഡ് കെട്ടണം മാത്തിൽ ഭാഗത്ത് തടയണകെട്ടണം. ഈ തോടുകളിലെ മണൽവാരൽ അവസാനിപ്പിക്കണം. ത്രിമൂർത്തി ക്ഷേത്രക്കുളത്തിൽ നിന്നുമുള്ള കൈത്തോട് മണ്ണ് മാറ്റി ജലസേചനത്തിന് സജ്ജമാക്കണം.

ക്രാപ്പേൻ കുളം ചെളിമാറ്റി പമ്പ് സെറ് സ്ഥാപിച്ച് കൃഷിക്കുപയുക്തമാക്കണം.

തോണ്ടലിൽഏലായിൽപറയത്തിൽഭാഗത്ത് തലക്കുളം നിർമ്മിച്ച് കൃഷിക്കുപയുക്തമാക്കണം.

തേവലപ്പുറം B: പഞ്ചായത്തിലെ 3–ാം വാർഡിലെ കടല ഏലായിലെ ചീർപ്പ് നന്നാക്കി

ഉപയോഗത്തിനു് പര്യാപ്തമാക്കണം കോട്ടാത്തല യിൽ നിന്നും ആരംഭിച്ചു് പാറയിൽ ജംഗ്ഷൻ വഴി വല്ലവൻകര തോടിന്റെ ഇരുവശവും കെട്ടണം കൃഷ്ണവെണ്ണൂർഭാഗം, ചെമ്പേരിക്കോണം, ഏലായുടെ മുകളിൽ മുകളുവിളഭാഗത്തു തലക്കളങ്ങളും നിർമ്മിച്ചു പമ്പു് സെറ്റു് സ്ഥാപിക്കണം.

K I P കനാൽ പൂർത്തിയാക്കി ജലം തുറന്നു വിട്ടാൽ കാർഷിക രംഗത്തു് ഗുണകരമായ മാറ്റം ഉണ്ടാക്കാൻ കഴിയും.

കോട്ടാത്തല: IV വാർഡിലെ പൂഴിക്കാട്ടചിറ–യിൽ പമ്പുസെറ്റു് സ്ഥാപിച്ചാൽ കോട്ടാത്തല, തെവലപ്പുറം B, തെവലപ്പുറം A, വാർഡുകളിലായി വ്യാപിച്ചു് കിടക്കുന്ന ഏകദേശം 150 ഹെക്ടർ പ്രദേശങ്ങളിൽ ജലസേചനം നടത്താൻ കഴിയും.

കളങ്ങുവിള മനക്കരക്കാവു് തോടു് പുനരുദ്ധരിക്കണം. വാർഡിന്റെകിഴക്കുഭാഗത്തേക്കു് കനാൽ ജലം എത്തിക്കാനുള്ള സംവിധാനം ഒരുക്കിയാൽ വാർഡിന്റെ കാർഷിക മുഖച്ഛായ തന്നെ മാറ്റാൻ കഴിയും പന്നയിൽചാക്കയിൽഭാഗത്തുള്ളതോടിന്റെ സൈഡു് കെട്ടിബലപ്പെടുത്തിയാൽ വർഷകാല കൃഷിനാശം ഒരു അളവുവരെ പരിഹരിക്കാൻ കഴിയും.

വല്ലം V: മറ്റുഇതര വാർഡുകളിലെ പോലെ തന്നെ കാർഷികരംഗത്തു് ഒട്ടേറെ പരാധീനതകളുടെ കഥപറയാൻ വല്ലം വാർഡിനുണ്ടു്. ജലസേചന ത്തിന്റെ അപര്യാപ്തതപരിഹരിക്കാൻവാർഡി ലെതോടുകളും കൃഷിക്കു് ഉപയുക്തമാക്കുന്നതിനോ ടൊപ്പം സ്ഥലങ്ങളിൽ പമ്പുസെറ്റു് സ്ഥാപി ക്കാനുള്ള ഏർപ്പാടാക്കണം.

കുറുമ്പാലൂർ: അശാസ്ത്രീയമായ വളപ്രയോ ഗവും ജലസേചനത്തിന്റെ അഭാവവും നല്ലയിനം നടീൽ വസ്തുക്കളുടെ ലഭ്യതക്കുറവും വാർഡിലെ കാർഷികരംഗം നേരിടുന്ന ഏറ്റവും വലിയ പ്രശ്നങ്ങളാണു് വാർഡിലെ പൂങ്ങോടു്, മണ്ണുകുഴി കുറവന്നത്തു് ഏലാ, വേലോണം ഭാഗങ്ങളിൽ തലക്കുളത്തിന്റെ സാധ്യതകളും ഉപയോഗപ്പെടുത്തി പമ്പുസെറ്റു് സ്ഥാപിച്ചും പൂങ്ങോടു് പറതനാടു് തോടു് വൃത്തിയാക്കിയും കാർഷികരംഗത്തു് മാറ്റ ങ്ങൾക്കു് തുടക്കം കുറിക്കാം.

ആനക്കോട്ടൂർ; ഭക്ഷ്യവിള കൃഷിയിൽ നിന്നും നാണ്യവിള കൃഷിയിലേക്കുള്ള മാറ്റം ദ്രുതഗതി യിൽ നടക്കുന്ന ഒരു വാർഡാണിതു്. നെൽകൃഷി വ്യാപകമാക്കാനും ഇരുപ്പു കൃഷിയോടൊപ്പം ഇട വിളകൃഷിക്കു് ഉതകുന്ന രീതിയിൽ ജലസേചന സൗകര്യം സംവിധാനംചെയ്യണം. ഇതിനുവേണ്ടി തരുനില വട്ടക്കാവു് തോടും, വെൺമണ്ണൂർ കിഴക്കേ മാറനാടു് തോടും ജലസേചനത്തിനു് പര്യാപ്തമാക്കുകയും തോടു്കൈയ്യേറ്റക്കാരിൽ നിന്നു് തിരിച്ചെടുക്കയും വേണം. പോതിയോടു് ഭാഗം, മൂഴിയിൽ ഭാഗം, മാന്താനത്തു് ഭാഗം, കുണ്ടപ്പാറഭാഗം എന്നിവിടങ്ങളിൽ ക്രോസ്ബാർ നിർമ്മിക്കണം. ഇവയുടെ കാലാകാലങ്ങളിലുള്ള സംരക്ഷണത്തിനു് ഗുണഭോക്തൃക്കളുടെ പ്രാദേശികതല കമ്മറ്റികളുടെ കമ്മിറ്റി രൂപീ കരിക്കണം. ചുമതലയേല്പിക്കണം പോതിയോടു ഭാഗം, കുറവണത്തുഭാഗം, ചാങ്ങാട്ടുകോണം, ചിറയിൽഭാഗം, കോയ്ലഴികം എന്നിവടങ്ങളിൽ തലക്കുളങ്ങളും നിർമ്മിച്ചും ഉള്ളവയെ മെച്ചപ്പെടു ത്തിയും ജലസേചനം തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്താം. ഈ തലക്കുളങ്ങളിൽ പമ്പുസെറ്റുകളും പ്രവർത്തിപ്പി ക്കാൻ ഗുണഭോക്താക്കളുടെ പ്രാദേശിക സമിതിക്കു രൂപം നൽകണം.

വഷ്കാലത്തു കൃഷിനാശം തടയാൻ തരുനില വട്ടക്കാവു് തോടിന്റെ ഇരുകരകളും കെട്ടി ബലപ്പെ ടുത്തണം. കല്ലടപദ്ധതിയുടെ ഭാഗമായുള്ള കനാൽ ജലം കൃഷിക്കു് ഉപയോഗിക്കാൻപര്യാപ്തമാക്കണം. ഇതിലെ കനാൽ ജലം തുറന്നുവിടാൻ ബന്ധപ്പെ ട്ടവർ തയ്യാറാകണം. പുന്നവിള പുരയിടത്തിലൂടെ കടന്നുവരുന്ന പ്രാക്കാട്ടു് ഏലായിലേക്കുള്ള കനാൽ ജലം തുറന്നുവിടുന്നതിൽ ഇന്നുള്ള നിമയതടസം മാറ്റാൻ കഴിയണം. നീർച്ചാലുകളും, നീരുറവകളും എന്നിവ നികത്തുന്ന പ്രവണത അടിയന്തിരമായി നിയമം മൂലം നിരോധിക്കണം.

പുല്ലൂമല: വാർഡിലെ ജലസേചന സൗകര്യം മെച്ചപ്പെടുത്തി നെൽകൃഷി ലാഭകരമാക്കാൻ ഓല്യ മല പനവിള, പാറയിൽ ജംഗ്ഷൻ എന്നിവിട ങ്ങളിലെ ചിറ്റർപ്പുകളും പലകയിട്ടു് സംരക്ഷിക്കണം പുനച്ചിക്കുഴിഭാഗത്തു് ഒരു തലക്കുളം നിർമ്മിക്കണം ഇളംചിറമാംചിറതോട്ടം പുല്ലൂർഏലായിലേക്കുള്ള തോട്ടം സൈഡു് കെട്ടി സംരക്ഷിക്കണം.

വെൺമണ്ണൂർ: വാർഡിലെ ജലസേചന ദുർ–ബല്യം പരിഹരിക്കാൻ ഇലഞ്ഞിക്കോടു്, ചൂര ക്കോണം തോട്ടിൽ വെൺമണ്ണൂർ ഭാഗത്തു് ക്രോസ് ബാർ നിർമ്മിക്കണം.

കീഴൂർ പങ്കൻപാറ ഏലായിൽ പൊയ്കയിൽ ഭാഗം തോയിത്തല എലത്തിക്കോടു് ഏലായിൽ തോയിത്തല താഴെഭാഗം വെൺമണ്ണൂർ മുണ്ടുകോണ ഏലായിൽ മുണ്ടുകോണം ഭാഗത്തും തലകുളങ്ങൾക്കു സാധ്യതയുണ്ടു്. ഈ ഭാഗങ്ങളെയും തലകിണർ സ്ഥാപിച്ചു് പമ്പുസെറ്റു് സ്ഥാപിക്കാൻ

കഴിഞ്ഞാൽ ജലസേചനരംഗത്ത് ഇന്നത്തെ ചില പ്രശ്നങ്ങൾക്ക് പരിഹാരമാകും. പടിഞ്ഞാറേൻകര പൊയ്കയിൽകുളം മുണ്ടക്കോണം നീരുറവ എന്നിവ ജലസേചനത്തിനുപയോഗപ്പെടുത്തിയും കാർഷികരംഗം മെച്ചപ്പെടുത്താം.

നെടുവത്തൂർ X: മറ്റ് ഇതര ഭാഗങ്ങളിലെ കാർഷിക പ്രശ്നങ്ങളിൽ നിന്നും ഒട്ടും വിഭിന്നമല്ല നെടുവത്തൂർ വാർഡ്. ജലസേചനരംഗത്ത് ശ്രദ്ധ പതിപ്പിച്ചാൽ കർഷകരുടെ ജീവിത നിലവാരത്തിൽ ഗുണകരമായ മാറ്റങ്ങളുണ്ടാക്കാം. വർഷകാലത്തുമാത്രം ജലം ലഭിക്കുന്ന മുനപ് തോട് അരിക്കതോട് ചിറക്കടവ് താഴത്തു തോട് പാർവേലിൽ തോട് വേലംകോണം തോട്ടത്തിൽ തോട് ഇവയുടെ ഉത്ഭവസ്ഥാനങ്ങളിൽ തലക്കുളങ്ങളും നിർമ്മിച്ചും വാർഡിലെ കാർഷികരംഗത്തെ ജല ദൗർബല്യത്തിന് കുറെഏറെ പരിഹാരമാകും നാടല്ലൂർ, ചിറക്കടവ്, ചിറത്തലയ്ക്കൽ ചാലൂക്കോണം എന്നിവിടങ്ങളിലെ വറ്റാത്ത കുളങ്ങളും വാർഡിലെ ജലസേചനത്തിന് ഉപയുക്തമാക്കിയാൽ കാർഷിക രംഗത്തു ഗുണകരമായ മാറ്റമുണ്ടാക്കാം.

അന്നൂർ: പഞ്ചായത്തിന്റെ തെക്കേ അറ്റം സ്ഥിതിചെയ്യുന്ന അന്നൂർ വാർഡ് കാർഷിക വൃത്തിക്ക പ്രസിദ്ധമാണ്. എന്നാൽഇന്നു കാർഷിക രംഗത്തു നിലനില്ക്കുന്ന സാധ്യതകളും പൂർണ്ണമായി വിനിയോഗിക്കാൻ കഴിയുന്നില്ല. ഇത് വാർഡിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കുന്നു. ജലസേചനരംഗത്ത് ശാസ്ത്രീയമായ സ്ഥലജല മാനേജ്മെന്റിന് രൂപം നൽകിയാൽ കാർഷിക നിലമെച്ചപ്പെടുത്താൻ കഴിയും. മൈനർ ഇറിഗേഷന്റെ ഭാഗമായി വാർഡിലുള്ള നാടല്ലൂർ ക്ഷേത്രക്കുളം ചാന്തൂർതലക്കുളം, ചാന്തൂർ താഴെക്കുളം അന്നൂർ ക്ഷേത്രക്കുളംഅന്നൂർ അരുവന്നൂർ കുന്നത്തുകുളം എന്നിവ ആഴംകൂട്ടി പമ്പു സെറ്റുകളും സ്ഥാപിച്ച് ജലം കർഷകർക്ക് ഉപയോഗപ്രദം ആക്കിയാൽ ഇന്നുള്ള ഇരുപ്പുകൃഷി മൂന്ന് പൂകൃഷിയാക്കാനും അതിലൂടെ കർഷകരുടെ ജീവിത നിലവാരം മെച്ചപ്പെടുത്താനും കഴിയും. വാർഡിലെ തോട്ടുകളുടെ ഇരുവശവും കെട്ടിബലപ്പെടുത്തിയാൽ വർഷകാല കൃഷി നാശത്തിൽ നിന്നും കൃഷിയെ രക്ഷിക്കാം, നെട്ടാണിഭാഗത്ത് തലക്കുളത്തിന് സാദ്ധ്യതയുണ്ട്. ഈ സാദ്ധ്യത പ്രായോഗികമാക്കണം.

പഞ്ചായത്തിൽ അടിയന്തിരമായി നടപ്പാക്കേണ്ട ഈ ജലസേചന പദ്ധതികളും സാദ്ധ്യതപ്രദമായ പഞ്ചായത്തിലെ കാർഷികരംഗം കൂടുതൽ ചലനാത്മകമാക്കാൻ കഴിയും ഒപ്പം ജനങ്ങളുടെ ജീവിത നിലവാരവും.

പഞ്ചായത്തിലെ കാർഷികരംഗത്ത് ഭക്ഷ്യ വിളയിൽ നിന്നും നാണ്യവിളയിലേക്കുള്ള ചുവട് മാറ്റത്തിന്റെ പ്രധാനകാരണം ഭക്ഷ്യഉൽപ്പാദന രംഗത്ത് ഇന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്ന അമിതമായ ചെലവാണ്. എന്നാൽ ഈ വാർഡിലെ കൃഷി ചെലവിന് ആനുപാതികമായി കാർഷിക ഉൽപ്പാദനം വർദ്ധിക്കുന്നില്ല. രാസവളങ്ങളുടെയും കീടനാശിനികളുടേയും അധികമായ വിലയും കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന രംഗത്തുള്ള പ്രതിസന്ധികളും കർഷക തൊഴിലാളികളുടെ അഭാവവും ആധുനിക കൃഷിസമ്പ്രദായം അനുവർത്തിക്കേണ്ട പുത്തൻ മാറ്റങ്ങളെ കുറിച്ചുള്ള അറിവില്ലായ്മയും മണ്ണിന്റെ ഫലഭൂയിഷ്ടിക്കുറവും മണ്ണൊലിപ്പും കാർഷികരംഗം നേരിടുന്ന ഗുരുതരമായ പ്രശ്നങ്ങളാണ്. ഈ പ്രശ്നങ്ങളെല്ലാംപഞ്ചായത്തിൽ മുഴുവൻ കർഷകരും നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. ഇതിന് പരിഹാരമെന്നനിലയിൽ താഴെപ്പറയുന്ന കാര്യങ്ങളും അടിയന്തിരമായി നടപ്പിലാക്കാൻ പദ്ധതികളും ആവിഷ്ക്കരിക്കണം.

1) അത്യുൽപ്പാദന ശേഷിയുള്ള വിത്തിനങ്ങളും വളം കീടനാശിനി എന്നിവ സബ്സിഡി നിരക്കിൽ കർഷകർക്ക് വിതരണം ചെയ്യണം.

2) അശാസ്ത്രീയമായ വളപ്രയോഗങ്ങളും കുറയ്ക്കാൻ കർഷകർക്ക് സമഗ്രമായ ബോധവൽക്കരണ പദ്ധതിക്ക് രൂപം നൽകണം.

3) കാർഷിക യന്ത്രങ്ങളും കൃഷിയിടങ്ങളിൽ എത്തിക്കാൻ പര്യാപ്തമായ തരത്തിൽ ട്രാക്ടർ പാസേജുകളും നിർമ്മിക്കണം. ഒപ്പം ആഗ്രോ സർവ്വീസ് സംഘടനകളുടെ സേവനം ശാസ്ത്രീയമായി പുനഃക്രമീകരിച്ച് വിപുലപ്പെടുത്തണം. കാർഷിക വായ്പാ സൗകര്യം ലഭിക്കുന്നതിന് ഇന്ന് നിലനിൽക്കുന്ന കാലതാമസം ഒഴിവാക്കണം ഇതിനുവേണ്ടി പഞ്ചായത്തിലുള്ള സഹകരണ സംഘങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തണംഒപ്പം പഞ്ചായത്തിലെ സൗകര്യപ്രദമായ സ്ഥലത്ത് ദേശസാൽകൃത ബാങ്കിന്റെ ശാഖസ്ഥാപിക്കാനുള്ള പദ്ധതിക്ക് രൂപം നൽകണം.

4) കർഷക തൊഴിലാളികളുടെ അമിതമായ കൂലി നിരക്ക് ക്രമീകരിക്കുന്നതിനുവേണ്ടി പഞ്ചായത്തുതലത്തിൽ കൂലി ഏകീകരിക്കണം.

5) മണ്ണൊലിപ്പ് തടഞ്ഞു മണ്ണിന്റെ ഫലഭൂയിഷ്ഠതയും സ്വഭാവികതയും നിലനിർത്താൻവേണ്ടി കൃഷി

000028

കൃഷിയിടങ്ങളിലൂടെ അതിർത്തി കെട്ടിയും അതിരുകളിൽ പുൽകൃഷി നടത്തിയും പ്രശ്നം പരിഹരിക്കണം.

6 വർഷകാലത്തെ പെയ്തുവീഴുന്ന ജലം സംഭരിക്കാനുള്ള ജല സംഭരണികളും നിർമ്മിക്കാൻ പദ്ധതികളും ആവിഷ്ക്കരിക്കണം. ഇതിന് തെങ്ങിൻ തടങ്ങളും വലുതാക്കിയും, കൃഷിയിടങ്ങളിലും മറ്റും കുഴിയുണ്ടാക്കിയും ഭൂഗർഭ ജലവിതാനം ഉയർത്താം.

7 പഞ്ചായത്തിലെ വാട്ടർഷെഡ് പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ പ്രയോജനം കർഷകർക്കു ലഭ്യമാക്കണം.

8 ഗ്രൂപ്പുകൃഷി സംവിധാനം നടപ്പാക്കി കാർഷിക രംഗത്തെ ഉൽപ്പാദനം വർദ്ധിപ്പിക്കണം.

9 വയൽ നികത്തി നാണ്യവിള കൃഷിചെയ്യുന്നതു, കെട്ടിടനിർമ്മാണം നടത്തുന്നതും നിയമം മൂലം നിരോധിക്കണം.

10 കാർഷിക ഉൽപ്പന്നങ്ങളുടെ വിപണനരംഗത്ത് ഇന്ന് നിലനില്ക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരമായി പഞ്ചായത്ത് നേതൃത്വത്തിൽ ഒരു സഹകരണ മാർക്കറ്റിംഗ് സൊസൈറ്റിക്ക് രൂപം നൽകണം. ഇതിന്റെ സബ്സെന്ററുകൾ എല്ലാവാർഡുകളിലും തുറന്നുപ്രവർത്തിപ്പിക്കണം

11 ഓരോ വീട്ടിലും ഓരോ അടുക്കളത്തോട്ടമെന്ന പദ്ധതിക്ക് രൂപം നല്കണം. ഇതിനുള്ള വിത്തും വളവും കൃഷിഭവന്റെ സഹായത്തോടെ പഞ്ചായത്തുകൾ നൽകണം.

12 വരും തലമുറകളിൽ കാർഷിക അഭിമുഖ്യം വളർത്താൻ സ്കൂൾ സിലബസുകളിൽ കൃഷിക്ക് പ്രാധാന്യം നൽകണം. ഒപ്പം കുട്ടികൾക്ക് പച്ചക്കറികളുടെ വിത്തുകളും, വളവും സൗജന്യമായി നല്കാൻ ഒരു പരിപാടി തയ്യാറാക്കണം. ഈ പരിപാടിയുടെവിലയിരുത്തൽ നടത്താൻ സ്കൂൾ തലത്തിൽ പഞ്ചായത്തിന്റെ സഹായത്തോടെ ഒരു സമിതിക്ക് രൂപം നൽകണം.

13 രാസവളങ്ങളുടെ അമിതഉപയോഗം കുറയ്ക്കാൻ തദ്ദേശീയമായുണ്ടാകുന്ന അമിതചിലവ് കുറയ്ക്കാൻ ജൈവവളപ്രയോഗം പ്രോത്സാഹിപ്പിക്കണം. ഇതിന് ഓരോ വീട്ടിലും ഓരോ കമ്പോസ്റ്റ് വളക്കുഴിയുണ്ടാക്കാനുള്ള പദ്ധതിരൂപം നല്കണം.

14 തെങ്ങുകൃഷി വ്യാപിപ്പിക്കണം. കാറ്റുവീഴ്ച ബാധിച്ച തെങ്ങ് മുറിച്ചുമാറ്റി പുനഃകൃഷിക്ക് സംവിധാനം ഏർപ്പെടുത്തണം മുറിച്ചുമാറ്റപ്പെടുന്ന നഷ്ടപരിഹാരം നൽകാൻ പദ്ധതി ഏർപ്പെടുത്തണം. അത്യുൽപ്പാദന ശേഷിയും പ്രതിരോഗശേഷിയുമുള്ള മേൽത്തരം തെങ്ങിൻതൈ കർഷകർക്ക് സൗജന്യമായി നൽകാൻ പദ്ധതികൾ ആവിഷ്ക്കരിക്കണം.

15) വിള ഇൻഷുറൻസ് പദ്ധതി വ്യാപകമായി കർഷകരെ സഹായിക്കണം.

16) കാവ് സംരക്ഷണത്തിന് പ്രത്യേക പദ്ധതികൾ ആവിഷ്ക്കരിക്കണം.

17) വാർഡ് തലങ്ങളിൽ കർഷക സംഘങ്ങൾക്കു രൂപം നൽകണം. ഈ സംഘങ്ങൾ രൂപീകരിക്കുന്നതിൽ ഇന്ന് നിലനില്ക്കുന്ന ദുഷ്പ്രവണതകൾ ഒഴിവാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. വാർഡുതല കർഷക സംഘങ്ങളുടെ ഭാരവാഹികളെ പങ്കെടുപ്പിച്ച് പഞ്ചായത്ത് തലത്തിൽ ഒരു പഞ്ചായത്ത് കർഷക സംഘത്തിന് രൂപം നൽകണം.

18 വാർഡുതല കർഷക സംഘങ്ങൾ. അതായത് വാർഡുകളിലെ എല്ലാ കാർഷിക പ്രശ്നങ്ങളും ചർച്ചചെയ്തു പരിഹാരം കണ്ടെത്തണം.

19) വാർഡുതല കർഷക സംഘങ്ങളുടെ മത്സരം സംഘടിപ്പിച്ച് കർഷകരെയും കൃഷിയെയും പ്രോത്സാഹിപ്പിക്കണം. ഒപ്പം പഞ്ചായത്തിലെ നല്ല കർഷകരെഅതായത് വർഷം കണ്ടെത്തണം.

20) മരമടിമഹോത്സവം പോലെയുള്ള പരിപാടികൾ പുനരുജ്ജീവിപ്പിക്കണം.

21 ഏറെ പ്രാധാന്യം അർഹിക്കുന്നതു് ഇന്ന് കാർഷികരംഗത്തു് പ്രവർത്തിക്കുന്ന വിവിധ ഡിപ്പാർട്ടുമെന്റുകളുടെപ്രവർത്തനംഏകീകരിക്കണം ഉദാഹരണത്തിന്: കൃഷിവകുപ്പും ജലസേചനവകുപ്പും, മൃഗസംരക്ഷണവകുപ്പും ഏകീകരിച്ചോണ്ടുള്ള ഒരു പുതിയ മാതൃകയുണ്ടായാലേ കാർഷികരംഗത്തു ഗുണകരമായി മാറ്റം ഉണ്ടാക്കാനുവു.

22) കൃഷിവകുപ്പിന്റെ പ്രവർത്തനം വ്യാപിപ്പിച്ച് കർഷകർക്ക് ഗുണപ്രദമാക്കണം.

കാർഷിക രംഗത്ത് വിപ്ലവാത്മകമായ മാറ്റങ്ങൾക്ക് തുടക്കംകുറിക്കാൻ ലക്ഷ്യമിടുന്ന ഈ പദ്ധതികൾ നടപ്പിലാക്കാൻ ശ്രദ്ധിച്ചാൽ പഞ്ചായത്തിലെ കർഷകരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ കഴിയും എന്നുമാത്രമല്ല. നാട്ടിൽ ഒരു പുഞ്ചൻ ജനകീയ സംസ്കാരത്തിന് നാന്ദി കുറിക്കലാകും. പ്രാരംഭമെന്നനിലയിൽ ഈ വർഷം നവംബർ ഒന്നിനു പഞ്ചായത്തിലെ ഏറ്റവും നല്ല 5 കർഷകരെ പാരിതോഷികം നല്കി ആദരിക്കാൻ കഴിഞ്ഞതു് സാഭിമാനംഅറിയിക്കട്ടെ.

000029

000030 es0000

ജനകീയാസൂത്രണ പരിപാടിക്കുവേണ്ടി കൃഷിവകുപ്പു നൽകുന്ന പദ്ധതി

കൃഷിഭവൻ-നെടുവത്തൂർ

I നെൽകൃഷി

1) പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

2) യന്ത്രവൽക്കരണം നടപ്പിലാക്കുക.

3) ഉൽപ്പാദന ബോണസ് ഒരു സീസണിൽ ഒരു ഹെക്ടറിന് 350 രൂപാവച്ച് നൽകുക.

4) നെൽ കൃഷിക്കാവശ്യമായ എല്ലാ ഉൽപ്പാദന ഉപാധികളും സൗജന്യനിരക്കിൽ ലഭ്യമാക്കുക

5) കീട–കുമിൾ നാശിനികൾ സൗജന്യ നിരക്കിൽ അനുവദിക്കണം.

II നാളികേരം

1) സർക്കാർ സബ്സിഡി നൽകി പ്രതിവർഷം 50 കിണറുകളും 50 പമ്പ്സെറ്റുകളും ജലസേചനം വർദ്ധിപ്പിക്കാനായി തെങ്ങും തോട്ടങ്ങളിൽ സ്ഥാപിക്കുക.

2) റോക്കർ സ്പെയറുകളും തെങ്ങുകയറ്റ ഉപകരണങ്ങളും സബ്സിഡി നിരക്കിൽ നൽകുക,

3) തെങ്ങിന് മരുന്നുതളി ഏർപ്പെടുത്തുക.

4) കേടുവന്ന മുഴുവൻ തെങ്ങുകളും വെട്ടി മാറ്റി പകരം പുതിയ തൈകൾ വച്ചു പിടിപ്പിക്കുന്നതിനുള്ള സഹായങ്ങൾ നൽകുക.

5) സർക്കാർ സബ്സിഡിയിൽ തെങ്ങിന് വളപ്രയോഗം നടത്തുന്നതിനുള്ള സൗകര്യം ഉണ്ടാക്കുക.

III സുഗന്ധവ്യഞ്ജനവിള വികസനം കുരുമുളക്

1) 3വർഷത്തേക്ക് 500 രൂപാവീതം സബ്സിഡി നല്കി കുരുമുളക് പ്രദർശനതോട്ടങ്ങൾ അനുവദിക്കുക

2) 3 വർഷത്തേക്ക് ഹെക്ടറിന് 7500 രൂപാ നിരക്കിൽ നൽകി കുരുമുളക് തോട്ട വികസന പദ്ധതി നടപ്പിലാക്കുക.

3) കുരുമുളക് കൃഷിക്ക് വളവും തൂരിയും സൗജന്യ നിരക്കിൽ നൽകുക.

IV ഇഞ്ചികൃഷിവികസനം

1) പ്രദർശനതോട്ടംഅനുവദിക്കുക. തോട്ടംഒന്നിന 1500 രൂപാവീതം സബ്സിഡി നൽകുക.

2) അത്യുൽപ്പാദനശേഷിയുള്ള വിത്ത് ഇഞ്ചി ലഭിക്കുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യുക.

3) കീട-കുമിൾനാശിനികൾ സൗജന്യനിരക്കിൽ നൽകുക.

4) ഇഞ്ചികൃഷി വികസനതോട്ടങ്ങൾ അനുവദിക്കുക. ഒരു ഹെക്ടറിന് 7500 രൂപാ എന്ന തോതിൽ സബ്സിഡി അനുവദിക്കുക.

V ഗ്രാമ്പു-ജാതികൃഷിവികസനം

1) ഗ്രാമ്പൂ, ജാതികൃഷിയുടെ പ്രദർശന തോട്ടങ്ങൾ അനുവദിക്കുക. തോട്ടം ഒന്നിന് 500 രൂപാവീതം സബ്സിഡി അനുവദിക്കുക.

VI വെറ്റിലകൃഷി

1) പ്രദർശനതോട്ടങ്ങൾ സ്ഥാപിക്കുക, തോട്ടങ്ങൾക്ക് സബ്സിഡി അനുവദിക്കുക.

2) ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് സഹായങ്ങൾ അനുവദിക്കുക.

VII കശുമാവ് കൃഷി

1) നിലവിലുള്ള കശുമാവ് തോട്ടങ്ങൾ പുനരുദ്ധരിക്കുക. ഇതിന് ഒരു ഹെക്ടർ സ്ഥലത്തേക്ക് വളം, കീടനാശിനികൾ പ്രയോഗത്തിനായി **Rs.1500/–** (ആയിരത്തി അഞ്ഞൂറുരൂപ) അനുവദിക്കുക.

2) കശുമാവ് പുതുയതായി കൃഷി ചെയ്യുന്നതിനുവേണ്ടി വേരുപിടിപ്പിച്ച കശുമാവിൻ തൈകൾ സൗജന്യനിരക്കിൽ നൽകുക. കൃഷിക്ക് വേണ്ട സഹായവും നൽകുക.

3) കശുമാവിൻ തോട്ടത്തിലെ തേയിലക്കൊതുകിനെതിരെമരുന്നുതളി നടത്തുക.

IX വാഴകൃഷി

1) അത്യൽപ്പാദന ശേഷിയുള്ള വാഴവിത്തുകൾ സൗജന്യമായി നൽകുക. വളം, സസ്യസംരക്ഷണ മരുന്നുകൾ എന്നിവ സഹായനിരക്കിൽ നൽകുക.

2) ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനുവേണ്ട സഹായങ്ങൾ നൽകുക.

VIII പയർ വർഗ്ഗങ്ങൾ

1) 250 ഹെക്ടർ സ്ഥലത്തേക്ക് പുതിയതായി പയർകൃഷി വ്യാപിപ്പിക്കുക.

2) കൃഷിക്കാവശ്യമായ വിത്ത്, വളം കീടനാശിനികൾ സൗജന്യ നിരക്കിൽ നൽകുക.

X പുഷ്പച്ചെടികൃഷി

1) ആന്തൂറിയം, ഓർക്കിഡ്, കറ്റാർവാഴ എന്നീ ചെടികളുടെ കൃഷി വികസിപ്പിക്കുന്നതിനു വേണ്ടി സർക്കാർ സഹായം നൽകുകയും കൃഷിക്കാവശ്യമായ തൈകളും, പരിശീലനവും സൗജന്യമായി ലഭ്യമാക്കുകയും ചെയ്യുക.

XI കൂൺകൃഷി

1) കൂൺകൃഷി വികസനത്തിനുവേണ്ട സഹായവും, വിത്തും പരിശീലനവും ലഭ്യമാക്കുക.

XII പച്ചക്കറി കൃഷി

1) പച്ചക്കറി വികസനത്തിൽ സ്വയം പര്യാപ്തത കൈവരിച്ച് ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് വേണ്ടി അത്യുൽപ്പാദനശേഷിയുള്ള വിത്തുകളും, വളം, കീടനാശിനി എന്നിവയും സബ്സിഡിയായി നൽകുക.

2) പച്ചക്കറി വികസനത്തിന് 10 സെന്റിന് 500 രൂപാ നിരക്കിൽ കർഷകർക്ക് പ്രോത്സാഹനമായി നൽകുക.

3) പച്ചക്കറി കൃഷിയുടെ വിജയത്തിനായി സൗജന്യമായി പരിശീലനക്ലാസുകളും നൽകുക.

XIII വിപണനകേന്ദ്രം

1) കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പാദക വസ്തുക്കൾ വിറ്റഴിക്കുന്നതിനുള്ള വിപണനകേന്ദ്രം സ്ഥാപിക്കുക.

XIV റൈസ്മിൽ സ്ഥാപിക്കുക

1) നെല്ല് സംഭരിച്ച് അരിയാക്കി മാറ്റുന്നതിനു വേണ്ടി ഒരു ആധുനിക റൈസ് മിൽ സ്ഥാപിക്കുക.

XV പ്രകൃതിക്ഷോഭം

1) പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിക്കുന്ന കർഷകർക്ക് സാമ്പത്തികസഹായം ലഭ്യമാക്കുക.

XVI യുവാക്കൾക്ക് തൊഴിൽ

1) യുവാക്കളെ കാർഷികവൃത്തിയിൽ ആകർഷിക്കുന്നതിനുവേണ്ടിയുള്ള പദ്ധതികൾനടപ്പിലാക്കുക.

2) ഈ പദ്ധതിയിൽ ചേരുന്നവർക്ക് ബാങ്കുവായ്പയും അതാതു വകുപ്പുകളുടെ കീഴിൽ വരുന്ന ബന്ധപ്പെട്ട സബ്സിഡിയും അനുവദിക്കുക.

XVII കർഷകപെൻഷൻ

1) തൊഴിൽ പദ്ധതിയിൽ ചേരുന്ന ഗുണഭോക്താക്കൾക്ക് 60 വയസ് കഴിയുമ്പോൾ ഗ്രാറ്റുവിറ്റിയും പ്രതിമാസം ആയിരം രൂപാപെൻഷനും ലഭ്യമാക്കുക.

2) മരണാനന്തര അവാശികൾക്ക് 1 ലക്ഷം രൂപ നൽകുക.

3) 60 വയസിനുമുമ്പ് മരിച്ചാൽ അവകാശികൾക്ക് 25000 രൂപാമുതൽ 1 ലക്ഷം രൂപാ വരെ ലഭ്യമാക്കുക.

XVIII കർഷകദിനം

1) നവംബർ 1-ാം തീയതി എല്ലാ വർഷവും കർഷിക ദിനമായി ആചരിച്ചുവരുന്നു.

ഈ ദിനത്തിൽ പ്രത്യേകമായി സംഘടിപ്പിക്കുന്ന ചടങ്ങിൽ വച്ച് കർഷക ശ്രേഷ്ഠന്മാരെ ആദരിക്കുകയും അഭിനന്ദിക്കുകയും ചെയ്യുന്നു.

XIX വിള ഇൻസ്വറൻസ്

1) പ്രകൃതിക്ഷോഭം മൂലം സംഭവിക്കുന്ന കൃഷിനാശത്തിന് ഒരു പരിധിവരെയെങ്കിലും നഷ്ടപരിഹാരം നൽകുക എന്നതാണ് കാർഷികവിള ഇൻഷ്വറൻസിന്റെ ഉദ്ദേശം.

XX കർഷക അവാർഡ്

1) പഞ്ചായത്ത് തലത്തിൽ ഏറ്റവുംനല്ല നെൽകൃഷി, തെങ്ങുകൃഷി, കുരുമുളകുകൃഷി പച്ചക്കറികൃഷി സമഗ്രവിള കൃഷിക്കാർക്ക് അവാർഡുകൾ ഏർപ്പെടുത്തുക.

XXI വൈദ്യുതികരണം

1) മുഴുവൻ കാർഷികആവശ്യങ്ങൾക്കും സൗജന്യമായി വൈദ്യുതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

XXII പട്ടികജാതി/പട്ടികവർഗ്ഗ വികസനം

1 പട്ടികജാതി/ പട്ടികവർഗ്ഗ വികസനത്തിന് വേണ്ടി പ്രത്യേക ഘടകപദ്ധതി പ്രകാരമുള്ള പദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കുക.

XXIII കർഷകപരിശീലന പരിപാടി

1) പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും നൂതന കൃഷി സമ്പ്രദായത്തെപ്പറ്റിയുള്ള പരിശീലനം സൗജന്യമായി നൽകുക.

XIV കർഷകഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി

1) പഞ്ചായത്തിലെ മുഴുവൻ കർഷകർക്കും ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി ഏർപ്പെടുത്തുക.

5-2

മൃഗസംരക്ഷണം, മൽസ്യബന്ധനം

നെടുവത്തൂർ പഞ്ചായത്തിലെ ജനങ്ങളുടെ മുഖ്യതൊഴിൽ കൃഷിയാണ്. അതിനാൽ കാർഷിക വൃത്തിയ്ക്ക് അവിഭാജ്യ ഘടകമാണ് കന്നുകാലി വളർത്തൽ. കാലി വളർത്തൽ മുഖ്യതൊഴിലാക്കിയ നിരവധി കുടുംബങ്ങളും പഞ്ചായത്തിലുണ്ട്. പശു, എരുമ, കാള, ആട് എന്നിവയാണ് ഇവിടെ വളർത്തിവരുന്ന മൃഗങ്ങളും, വളർത്തുപക്ഷികളിൽ പ്രധാനം കോഴികളും, താറാവും ആണ്. നെടുവത്തൂർ പഞ്ചായത്തിലെ 11 വാർഡുകളിലുമായി 3588 പശുക്കളും 3955 ആടുകളും 03 പോത്തുകളും 34 ഉഴവുകാളകളും ഉണ്ട്. എരുമകളുടെ എണ്ണം 45 ആണ്. പൊതുവെ 90% വീടുകളിലും കോഴിവളർത്തൽ ഉണ്ട്. മുട്ടക്കോഴികളുടെ എണ്ണം 11000, ഇറച്ചിക്കോഴികളും 37.0, താറാവുകളും 946 എന്നിങ്ങനെയാണ്.

പട്ടിക 1

വളർത്തുമൃഗങ്ങളും പക്ഷികളും	
1 പശുക്കളും നാടൻ	93
സങ്കരയിനം	3589
2 എരുമ	45
പോത്ത്	103
ആടുകളും	3955
നായ്ക്കളും	2685
കാളകളും	34
മുട്ടക്കോഴികളും	11000
ഇറച്ചിക്കോഴികളും	3750
താറാവുകളും	946

പശുവളർത്തൽ

പശുക്കളിൽ 97 ശതമാനം സങ്കരയിനത്തിൽപ്പെട്ടവയാണ് 3 ശതമാനം നാടൻ പശുക്കളും. 1996 ലെ സർവ്വെ പ്രകാരം പ്രതിദിനം 8600 ലിറ്റർ പാൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. ഇതിൽ 1600 ലിറ്റർ പാൽ പഞ്ചായത്തിലെ വിവിധ വാർഡുകളിലായി പ്രവർത്തിക്കുന്ന 6 അപ്കോസ് ക്ഷീരസംഘങ്ങളും ശേഖരിക്കുന്നുണ്ട്. ഏകദേശം 1000 ലിറ്റർ പാല് പഞ്ചായത്തിലെ സമാന്തര ഏജൻസികളും ശേഖരിക്കുന്നുണ്ട്. ബാക്കി 6000 ലിറ്റർ പാല് ഇവിടെ തന്നെ വിവിധ ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നു. 30000 വരുന്ന മൊത്തം ജനസംഖ്യയുടെ പാലിന്റെ പ്രതിശീർഷ ഉപഭോഗം 200 മി. ലിറ്ററാണ്. ലോകാരോഗ്യ സംഘടനയുടെ കണക്കനുസരിച്ച് 210 gm ആകുന്ന പ്രതിശീർഷ ഉപഭോഗം. ഈ രംഗത്ത് പഞ്ചായത്തിനു് അസൂയാവഹമായ പുരോഗതി ഉണ്ടായിട്ടുണ്ട്.

എരുമ, പോത്ത്, ആട് വളർത്തൽ

കർഷകതൊഴിലാളികളും നാമമാത്ര കർഷകർ എന്നിവർ ആടുവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നു പാവപ്പെട്ടവന്റെ പശുവായ ആടുവളർത്തൽ പഞ്ചായത്തിന്റെ ഭൂപ്രകൃതിക്കനുസരിച്ച് വളരെ ആദായകരമാണ്. എരുമകളുടെ എണ്ണം താരതമ്യേന കുറവാണ്. ഉഴവുമാടുകളുടെ എണ്ണം, ഗുണനിലവാരം വളരെ മോശമാണ്.

വളർത്തുപക്ഷികൾ

പഞ്ചായത്തിൽ 11000 മുട്ടക്കോഴികളുണ്ട്. ഉൽപ്പാദനശേഷി കുറഞ്ഞ നാടൻകോഴികളാണ് ധാരാളം. ഒരു വർഷത്തെ ശരാശരി ഉൽപ്പാദനം ഒരു ലക്ഷം മുട്ടകളാണ്. എന്നാൽ ഉപഭോഗം പത്തു ലക്ഷത്തോളം വരുന്നു. ആയതിനാൽ മുട്ടയുടെ കാര്യത്തിൽ നാം സ്വയം പര്യാപ്തത കൈവരിക്കേണ്ടതുണ്ട്. കോട്ടാത്തല വാർഡിൽ ഒരു മുട്ടക്കോഴി നഴ്സറി പ്രവർത്തിക്കുന്നുണ്ട്. പഞ്ചായത്തിൽ അഞ്ച് ഇറച്ചിക്കോഴി വളർത്തൽ ഫാമുകളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ എല്ലാംകൂടി ശരാശരി 3750 ഇറച്ചിക്കോഴികളെ വളർത്തുന്നുണ്ട്. താറാവുവളർത്തൽ പഞ്ചായത്തിൽ കാര്യമായി പുരോഗമിക്കുന്നില്ല.

പഞ്ചായത്തിലെ തേവലപ്പുറം വാർഡിൽ ഒരു മൃഗാശുപത്രിയും കോട്ടാത്തല, ആനക്കോട്ടൂർ എന്നീ വാർഡുകളിൽ I C D P സബ്സെന്ററുകളും ഉണ്ട്. 1991 ൽ ആണ് ആശുപത്രി സ്ഥാപിതമായത്. നിലവിൽ ഇവിടെയുള്ള ഉദ്യോഗസ്ഥരുടെ എണ്ണം നാല് ആണ്. വെറ്റിനറി സർജൻ, ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ, അറ്റൻണ്ടർ, പാർടൈം സ്വീപ്പർ എന്നിവരാണ്. എന്നാൽ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, പാർടൈം സ്വീപ്പർ എന്നിവ ഒഴിഞ്ഞുകിടക്കുന്നു ആശുപത്രിയിൽനിന്നും 1 ചികിൽസ, 2 സർജറി, 3 കർഷകപരിശീലനം പ്രത്യേകിച്ച് ഇറച്ചിക്കോഴി വളർത്തൽ, പന്നിവളർത്തൽ, ആട്വളർത്തൽ, താറാവ്വളർത്തൽ എന്നിങ്ങനെയുള്ള സേവനങ്ങളും ലഭിക്കുന്നു. 4 കൃത്രിമ ബീജദാനം, 5 വന്ധ്യതാനിവാരണം 6 കന്നുകാലികളിൽസാംക്രമികരോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പ് 7 പേവിഷബാധ പ്രതിരോധ കുത്തിവയ്പ് എന്നിവയും ലഭിക്കുന്നുണ്ട്.

പഞ്ചായത്തിലെ മറ്റ് മൃഗസംരക്ഷണ കേന്ദ്രങ്ങളും, രണ്ട് I C D P സബ്സെന്ററുകളാണ് ഇവയിൽനിന്നും ലഭ്യമാകുന്ന സേവനങ്ങളും കൃത്രിമ ബീജദാനം, പ്രാഥമിക ശുശ്രൂഷ എന്നിവയാണ്,

കാലികളിൽ പൊതുവേ കണ്ടുവരുന്ന രോഗങ്ങളാണ് അകിടുവീക്കം, കളമ്പുരോഗം, ഉദരരോഗം, പനി എന്നിവയാണ്. രോഗപ്രതിരോധ നടപടികളെ സംബന്ധിച്ചും ശുചിത്വത്തെ സംബന്ധിച്ചും കാലികർഷകരിൽ നിലനിൽക്കുന്ന അറിവില്ലായ്മ രോഗങ്ങളുടെ തുടക്കത്തിലെ ചികിൽസിച്ച് മാറ്റുന്നതിനു തടസമാകുന്നുണ്ട്.

നെടുവത്തൂർ പഞ്ചായത്തിൽ 7 ഗോബർ ഗ്യാസ് പ്ലാന്റുകളുണ്ട് ഇതിൽ പലതും പ്രവർത്തന ക്ഷമമല്ല. കൃഷിക്കാവശ്യമായ ജൈവ വളത്തിന്റെ ഒരു പങ്ക് നിറവേറാൻ കാലിവളർത്തലിലൂടെ കഴിയുന്നുണ്ട്.

നിലവിലുള്ളപദ്ധതികൾ പ്രശ്നങ്ങൾ സാദ്ധ്യതകൾ

1 സമീപകാലത്ത് കാലിത്തീറ്റയുടെ അമിതമായ വിലവർദ്ധനവ് പശുവളർത്തൽ ആദായകരമല്ലാതാക്കി, ഇപ്പോൾ കൃഷി വ്യാപകമായതും, നെല്ല്, മരച്ചീനി മറ്റ് കിഴങ്ങ്വർഗ്ഗങ്ങൾ എന്നിവയുടെ കൃഷി ക്ഷയിച്ചതും പാലുൽപ്പാദനം കുറവ് വർദ്ധിക്കാനിടയാക്കി. അതിനാൽ പശുക്കുട്ടികളെ വളർത്തുന്നതിൽ കർഷകർ വിമുഖത കാണിക്കുന്നു. കറവ പശുക്കളുടെ വില വർദ്ധിക്കുന്നു.

2 ആട് വളർത്തുന്നതിനു പ്രശ്നങ്ങൾ പൊതുവെ കുറവാണെങ്കിലും പച്ചിലക്ക് ക്ഷാമം അനുഭവപ്പെടുന്നുണ്ട്.

3 മുട്ടയുൽപ്പാദനം കുറവായതിനാൽ വീട്ടുവളപ്പിലെ കോഴിവളർത്തൽപ്രോത്സാഹിപ്പിക്കേണ്ടതാണ്. ഇപ്പോൾ വർഷം 200 കുടുംബങ്ങൾക്ക് 5 മുട്ടക്കോഴികളെ വീതം 45 രൂപയ്ക്ക് വിതരണംചെയ്യുന്ന ഒരു പദ്ധതി നടപ്പിലാക്കുന്നുണ്ട്. വീട്ടുവളപ്പിലെ താറാവ് വളർത്തലിലൂടെ മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കാം. സ്വയംതൊഴിൽകണ്ടെത്താനുള്ള മേഖലയായ ഇറച്ചിക്കോഴി വളർത്തിയാൽ രണ്ട് മാസംകൊണ്ട് 2500 രൂപയോളം വരുമാനം കിട്ടുന്നു.

പ്രശ്നങ്ങൾ

1 കാലിത്തീറ്റയുടെ വിലകൂടുതൽ

2 പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതക്കുറവ്

3 മൃഗചികിൽസാസൗകര്യങ്ങളുടെ അപര്യാപ്തത

4 ആശുപത്രിയിലെ അസൗകര്യങ്ങളും, മരുന്നുകളും സൂക്ഷിക്കുന്നതിനുള്ള അലമാരകളും ഇല്ല, സ്റ്റെറിലൈസർ ഇല്ല. റെഫ്രിജറേറ്റർപ്രവർത്തിക്കുന്നില്ല മൈക്രോസ്കോപ്പ് ഫോൺ വാഹനസൗകര്യം മുതലായവ ഇല്ല.

5 പക്ഷിചികിൽസാ സൗകര്യങ്ങളും വർദ്ധിപ്പിക്കണം.

6 ക്ഷീരവിപണന സൗകര്യങ്ങളും കുറവാണ്

7 പ്രത്യേക ഘടകപദ്ധതിയിൽ ഉൾപ്പെടുത്തി നൽകുന്ന പശുവളർത്തൽ യൂണിറ്റുകളും പ്രവർത്തിക്കുന്നില്ല.

8 ക്ഷീരവികസനവകുപ്പിന്റെ പദ്ധതികളും അർഹരായ കൃഷിക്കാർക്ക് ലഭിക്കുന്നില്ല.

9 പേപ്പട്ടിശല്യം അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കളുടെ എണ്ണം എന്നിവ വർദ്ധിക്കുന്നു.

10 കന്നുകാലികളെ വളർത്തുന്നതിനു ധനസഹായത്തിന്റെ അപര്യാപ്തത.

സാദ്ധ്യതകൾ

1 പഞ്ചായത്തിലെ മുഴുവൻ പശുക്കുട്ടികളെയും കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യനിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുക.

2 പശുവളർത്തൽ ആദായകരമായി ചെയ്യാവുന്ന ഇടത്തരം കർഷകർക്ക് രണ്ട് പശുക്കളെ വളർത്തുന്നതിനു 25000 രൂപ കുറഞ്ഞ പലിശക്ക് (D R I Schme) ബാങ്കുകളിൽനിന്നും വായ്പ അനുവദിക്കുക.

3 പീലിവാക, ശീമക്കൊന്ന മുതലായവ വച്ച് പിടിപ്പിക്കുന്നതിനു ആവശ്യമായ സഹായങ്ങളും നൽകുക.

4 കർഷകർക്ക് 10 രൂപയെങ്കിലും പാലിനു വില ക്ഷീരസംഘങ്ങളും ഉറപ്പാക്കുക.

5 ആടുവളർത്തൽ യൂണിറ്റ് ഓരോ വാർഡിലും 25 യൂണിറ്റ് വീതം ആരംഭിക്കാവുന്നതാണ്.

6 കോട്ടാത്തല വാർഡിലെ മുട്ടക്കോഴി നഴ്സറിയിൽനിന്നും ഒരു വർഷം ശരാശരി 1000 മുട്ട കോഴികളെയെങ്കിലും വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിക്കണം.

7 പ്രതിരോധ കുത്തിവയ്പുകളും നടത്തി 45-50 ദിവസം പ്രായമായ താറാവു കുഞ്ഞുങ്ങളെ വിതരണം ചെയ്യണം.

8 ആശുപത്രിയിലെയും സബ് സെൻറുകളുടെയും പ്രവർത്തനം മെച്ചപ്പെടുത്തൻ പഞ്ചായത്തും ഗവൺമെൻറും സത്വര ശ്രദ്ധ പതിപ്പിക്കണം.

9 പഞ്ചായത്തിലെ മുഴുവൻ നായ്ക്കളെയും പേവിഷബാധക്കെതിരെ കുത്തിവയ്ക്കുക.

10 പന്നി, മുയൽ വളർത്തൽ യൂണിറ്റ് തുടങ്ങുന്നതിനാവശ്യമായ നിർദേശങ്ങളും സഹായങ്ങളും നൽകുക.

0000840

മാംസോൽപ്പാദനം സംബന്ധിച്ച വിവരങ്ങൾ

പഞ്ചായത്തിലെ മാംസ ഉൽപ്പാദനരംഗം പൊതുവെ ശ്രുഷ്ക്കമാണ്. പഞ്ചായത്തിലെ തെക്കുംപുറം വാർഡിൽ ഒരു അറവുശാലയുണ്ട്. കൂടാതെ ഒന്നിലധികം അനധികൃത അറവുശാലകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. ഈ അറവുശാലകളിൽ അശാസ്ത്രീയമായാണ് മൃഗങ്ങളെ അറക്കുന്നതും ആയതിനാൽ പരിസരമലിനീകരണവും പൊതുജനാരോഗ്യപ്രശ്നങ്ങളും സൃഷ്ടിക്കുന്നു.

അറവുശാലയിലെ മാംസ സംസ്കരണം

1 ആടുകളുടെ എണ്ണം — $30 \times 15 = 450$ kg
2 പശു എരുമ പോത്ത് — $120 \times 100 = 12000$ kg
3 മൂരിക്കുട്ടികളും — $30 \times 50 = 150$ kg
ആകെ മാംസം $= 12600$ kg

പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന മാംസത്തിന്റെ മൂല്യം 531000

പ്രശ്നം

മാംസോൽപ്പാദനത്തിനുള്ള മൃഗങ്ങളിൽ 80% പുറത്തുനിന്നും കൊണ്ടുവരുന്നു.

അറവുശാലകളിലെ അപരിഷ്കൃതമായ രീതിയിലുള്ള മാംസസംസ്ക്കരണം.

പരിഹാരമാർഗം

1 മാംസോൽപ്പാദനത്തിൽ സ്വയം പര്യാപ്തത കൈവരിക്കുന്നതിനായി ആടുവളർത്തൽ പന്നിവളർത്തൽ കാളക്കുട്ടി പരിപാലനം മുതലായ മേഖലകളിൽ പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പാക്കണം.

2 വന്ധ്യതയുള്ള ആണാടുകളെ തെരഞ്ഞെടുക്കപ്പെട്ട കർഷകർക്കു വിതരണം ചെയ്യണം.

3 തീറ്റലഭ്യത ഉറപ്പുവരുത്തുന്നതിനായി പുരയിടത്തിന്റെ അതിരുകളിൽ പ്ലാവ് പിലിവാക മുരുക്ക് ശീമക്കൊന്ന മുതലായവ നട്ടുവളർത്തണം.

4 മൂരിക്കുട്ടികളെ സമയാസമയം വിരയിളക്കുകയും അവയെ സംരക്ഷിക്കുകയും ചെയ്യണം.

5 ആധുനിക സൗകര്യങ്ങളും അറവുശാലയിൽ ഏർപ്പെടുത്തുക.

6 ഒരു വാർഡിൽ ഒരു ബീജസങ്കലന കേന്ദ്രങ്ങളുമെങ്കിലും സ്ഥാപിക്കണം.

7 ഓരോ വാർഡിലും കുറഞ്ഞത് ഒരു മിനി ഡയറി യൂണിറ്റ് എങ്കിലും സ്ഥാപിക്കണം.

മത്സ്യബന്ധനം

ഒരു മലയോരഗ്രാമമായ നെടുവത്തൂർ പഞ്ചായത്തിൽ മത്സ്യബന്ധനത്തിനുള്ള സാദ്ധ്യതകളും വളരെ കുറവാണ് എന്നിരുന്നാലും മത്സ്യ ഉപഭോഗത്തിന്റെ കാര്യത്തിൽ പഞ്ചായത്തിലെ ജനങ്ങളും മുൻപന്തിയിലാണ്. അയല, മത്തി, നന്തൽ, ചൂഡ, ആകോലി എന്നി മീനുകളും ഇവിടെ ലഭിക്കാറുണ്ട്. മൽസ്യവിപണനത്തിനുള്ള മാർക്കറ്റ് സൗകര്യങ്ങളും പഞ്ചായത്തിൽ പരിമിതമാണ്, മൽസ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന 50ഓളം തൊഴിലാളികളും ഈ പഞ്ചായത്തിൽ ഉണ്ട്. അവർക്ക് സാമ്പത്തിക സാമൂഹിക പരിഗണന ലഭിക്കേണ്ടതാണ്.

സാദ്ധ്യതകൾ

അന്നൂർ, വെൺമണ്ണൂർ എന്നീ വാർഡുകളിലെ ഓരുനിലങ്ങളിൽ ചെമ്മീൻ കൃഷിയും ശുദ്ധജല മത്സ്യകൃഷിയും സാദ്ധ്യതയുണ്ട്. കുളങ്ങളിലും ഡാങ്കുകളിലും മൽസ്യം വളർത്തൽ നടത്തുന്നതിനാവശ്യമായ സഹായസഹകരണങ്ങളും പഞ്ചായത്തിൽനിന്നും, മൽസ്യബന്ധന വകുപ്പിൽനിന്നും ലഭ്യമാക്കേണ്ടതാണ്.

000035

5-3
വ്യവസായം

ഈ പഞ്ചായത്തിൽ പൊതുമേഖലയിലോ സഹകാര്യമേഖലയിലോ വൻകിട വ്യവസായങ്ങളൊന്നും തന്നെ നിലവിലില്ല. ചെറുകിട വ്യവസായങ്ങളിൽ 3 പൊതുമേഖലാ വ്യവസായയൂണിറ്റുകളും 10 സഹകാര്യമേഖലാ വ്യവസായ യൂണിറ്റുകളും ഉണ്ട്. 2 (രണ്ട്) കശുവണ്ടി ഫാക്ടറികളും, കാർഷികമേഖലയ്ക്ക് പമ്പ് ട്രാക്ടർ, ട്രില്ലർ തുടങ്ങിയ കൃഷിഉപകരണങ്ങളും ലഭ്യമാക്കുന്ന ഒരു (1) ആഗ്രോസർവ്വീസ് സെന്ററുമാണ് പൊതുമേഖലയിലുള്ളത്. എന്നാൽ 2 (രണ്ട്) കശുവണ്ടി ഫാക്ടറികളും 2 (രണ്ട്) തീപ്പെട്ടി നിർമ്മാണകമ്പനികളും, 3 (3)തീപ്പെട്ടിക്കൊള്ളികമ്പനികളും, കരുമുളക് സംസ്കരണശാല, ആണിനിർമ്മാണകമ്പനി, ധാന്യപ്പൊടി കമ്പനി, സിമൻറ് പോളോ ബ്ലോക്ക് നിർമ്മാണശാല, ഇഷ്ടികനിർമ്മാണശാല എന്നിവ ഓരോന്നും ആണ് സഹകാര്യമേഖലയിലുള്ളത്.

സഹകരണമേഖല

ഈ പഞ്ചായത്തിൽ സഹകരണമേഖലയിൽ എടുത്തുപറയാവുന്നത് കൈത്തറിയും, നൂൽനൂൽപും മാത്രമാണുള്ളത്. ആധുനികരീതിയിലുള്ള തുണികളുടെ ഉല്പാദനത്തോടെ ഈ മേഖലയ്ക്കും ആഗോളമായി ഉണ്ടായിട്ടുള്ള മാന്ദ്യം വ്യവസായത്തിന് നിലനിൽപില്ലാത്ത അവസ്ഥയാണ്. പിന്നെ സഹകരണാടിസ്ഥാനത്തിൽ നടത്തുന്നതുകൊണ്ടുമാത്രം പിടിച്ചു നിൽക്കാൻ കഴിയുന്നു എന്നുമാത്രം. ഈ മേഖലയിൽ 80 പുരുഷന്മാരും 210 സ്ത്രീകളും ഉൾപ്പടെ ആകെ 290 തൊഴിലാളികളാണുള്ളത്.

പരമ്പരാഗത കുടിൽവ്യവസായം

ഈ പഞ്ചായത്തിൽ പരമ്പരാഗത കുടിൽവ്യവസായത്തിന് എടുത്തുപറയാവുന്ന യാതൊന്നും നിലവിലില്ല എങ്കിലും ഇരുമ്പ് ഉപകരണനിർമ്മാണം, ഫർണിച്ചർ നിർമ്മാണം, പർപ്പിടകനിർമ്മാണം, തഴപ്പായനിർമ്മാണം എന്നിവ ചെറിയരീതിയിൽ നടക്കുന്നുണ്ട്.

മറ്റു വ്യവസായങ്ങൾ

ഈ പഞ്ചായത്തിൽ മുകളിൽ ഉൾപ്പെടാത്ത മറ്റു വ്യവസായങ്ങളിൽ തടിമില്ല്, അച്ചാർ സോപ്പ്, പാൽ, ബേക്കറി, കരിങ്കൽ, അച്ചടി, ഗാർമെൻറ് & റെഡിമെയിഡ്, കൊപ്ര എന്നീ മേഖലയിൽ ചെറിയതോതിലുള്ള വ്യവസായങ്ങളും മാത്രമാണ്

പൊതുവേ ഈ പഞ്ചായത്തിലെ വ്യവസായങ്ങളിൽ കശുവണ്ടി, തടി, ഭക്ഷ്യധാന്യം തുടങ്ങിയവയെ ആശ്രയിച്ച് പ്രവർത്തിക്കുന്നതിനാൽ മിക്ക വ്യവസായ യൂണിറ്റുകളും കാർഷികമേഖലയുമായി ബന്ധപ്പെട്ടുകിടക്കുന്നു. എന്നാൽ വ്യവസായങ്ങളിൽ അധികവും ഇറക്കുമതിയെ ആശ്രയിച്ചു നടത്തേണ്ടി വരുന്നു.

പ്രശ്നങ്ങൾ

വ്യാവസായികവളർച്ചയ്ക്കാവശ്യമായ ഘടകങ്ങളിൽ തൊഴിലാളികളും ധാരാളമുണ്ടെങ്കിലും മുതൽമുടക്കാനും വായ്പാസൗകര്യങ്ങളും ലഭിക്കാനുമുള്ള അപര്യാപ്തമൂലവും വൈദ്യുതി, ഗതാഗതംഎന്നിവയുടെ വികസനം പൂർണ്ണതോതിൽ നടത്തിയിട്ടില്ലാത്തതിനാലും പല വ്യവസായങ്ങൾക്കും വളർന്നുവരാൻ കഴിയുന്നില്ല. 22.70 ച. കി. മീറ്റർ വിസ്തീർണ്ണവും 26186 ജനസംഖ്യയുമുള്ള ഈ പഞ്ചായത്തിലെ ഉപഭോക്താക്കൾക്ക് ഏറിയ പങ്കും മറ്റു സ്ഥലങ്ങളിലെ ഉൽപ്പന്നങ്ങളെ ആശ്രയിക്കേണ്ടിവരുന്നതല്ലാതെ സാധ്യതക്കനുസരിച്ചുള്ള വ്യവസായങ്ങളും തുടങ്ങുകവഴി ഉല്പന്നങ്ങളും നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. അതുപോലെതന്നെ കാർഷികമേഖലയിലെ പല അസംസ്കൃത വസ്തുക്കളും ഉപയോഗിച്ചുള്ള വ്യവസായങ്ങളും തുടങ്ങാമെന്നിരിക്കിലും മറ്റു സാഹചര്യമില്ലാത്തതിനാൽ അവ നിൽക്കുന്ന പ്രവണതയാണ് ഉള്ളത്.

ഈ പഞ്ചായത്തിന്റെ വ്യവസായവികസനത്തിനനുകൂലമായ ഘടകങ്ങളും ഒരു പരിധിവരെ ഉണ്ടെങ്കിലും വ്യവസായിക വളർച്ച വേണ്ടതോതിൽ കൈവരിക്കാൻ താഴെപ്പറയുന്ന കാരണങ്ങളാൽ കഴിയുന്നില്ല.

1. മുഖ്യ വ്യാവസായികമായ കശുവണ്ടിമേഖലയ്ക്ക് ആവശ്യമായ കശുവണ്ടി ധാരാളം കൃഷിചെയ്യുന്നുണ്ടെങ്കിലും ആവശ്യത്തിന് തികയുന്നില്ല. ഉള്ളത് സംഭരിച്ച് പ്രയോജനപ്പെടുത്തുന്നില്ല. കൃഷിക്കാരുടെ അഭാവം അനുഭവപ്പെടുന്നു.

2 ജോലിക്കനുസരിച്ചുള്ള കൂലിയും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നില്ല.

3 മിക്ക വ്യവസായമേഖലയിലും പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ കുറഞ്ഞ കൂലിനിരക്ക്,

4 വ്യവസായം തുടങ്ങുന്നതിനുള്ള ധനസഹായം ലഭിക്കുന്നതിനുള്ള അപര്യാപ്തത

5 വ്യവസായങ്ങൾ തുടങ്ങുന്നതിനു ആവശ്യമായ മാനസികപക്വതയുടെയും പ്രേരണയുടേയും അഭാവം,

6, സാങ്കേതിക പരിജ്ഞാനക്കുറവ്

000036

7. വ്യാവസായിക വികസനത്തിനുള്ള ശാസ്ത്രീയ അവബോധത്തിന്റെ കുറവും, വ്യവസായമേഖലയുമായുള്ള സമ്പർക്കം ഇല്ലായ്മ.

8 വൈദ്യുതി ലഭിക്കുന്നതിനുള്ള അഭാവം.

9 വിപണന സൗകര്യം മെച്ചപ്പെടുന്നതിനു് ഉപയുക്തമായ ഗതാഗത സൗകര്യക്കുറവു്.

10 സഹകരണമേഖലയിൽ പല കാരണങ്ങളാലും കൊണ്ടുമുള്ള നഷ്ടം

11 മികവുവ്യവസ്ഥയുടെ അസംസ്കൃത വസ്തുക്കളും ഇക്കൈമതിയെ ആശ്രയിക്കേണ്ടിവരുന്നു.

12 പല വ്യവസായങ്ങൾക്കും സ്ത്രീകളെ ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യം

13 ഉദ്ദേശ്യ ഉല്പന്നങ്ങൾക്കു് മാധുര്യങ്ങളുടെ പരസ്യത്തിന്റെ കാഠിന്യം വിപണനക്കുറവു് നേരിടുന്നു

14 റബ്ബർ തുടങ്ങിയ അസംസ്കൃത വസ്തുക്കൾ സംസ്കരിക്കുന്നതിനുള്ള സൗകര്യക്കുറവു്

15 മരവ്യവസായത്തിനും തീപ്പെട്ടിവ്യവസായത്തിനും ആവശ്യമായ തടി ലഭ്യമാകുന്നില്ല

16 കരിങ്കൽ തൊഴിലാളികളുടെ അപകട ഭീഷണി

17 അച്ചടി മേഖലയിൽ കൂലി കുറവുകാരണം പരിശീലനം നേടുന്നതിനുള്ള താല്പര്യമില്ലായ്മ

18 കാലാവസ്ഥയെ ആശ്രയിച്ചുള്ള തൊഴിൽ

19 ക്ഷീരോല്പന്ന വ്യവസായത്തിനു് കാലിത്തീറ്റയുടെ വില കൂടുതൽ ക്ഷീര കർഷകർക്കു് താങ്ങാൻ പറ്റാത്തതിനാൽ പുറകോട്ടുപോകുന്നു

20 പരമ്പരാഗത വ്യവസായങ്ങളിലും കടിൽ വ്യവസായങ്ങളിലും ഉല്പാദനച്ചെലവിനനുസരിച്ചു് ഉൽപന്നങ്ങൾക്കു് വില ലഭിക്കുന്നില്ല

21 കയർ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനു് തൊണ്ടഴുക്കുന്നതിനുള്ള സൗകര്യം ലഭ്യമാകുന്നില്ല

22 വായ്പ ലഭ്യമാക്കുന്നതിനു് ബാങ്കുകളുടെ അഭാവം

സാദ്ധ്യതകൾ

കൊല്ലംജില്ലയിൽ വിദ്യാസമ്പന്നതയിൽ മുൻപന്തിയിൽ നിൽക്കുന്ന പ്രദേശങ്ങളിലൊന്നായ കൊട്ടാരക്കര താലൂക്കിൽ സ്ഥിതിചെയ്യുന്ന നമ്മുടെ പഞ്ചായത്തിലെ നല്ലൊരു വിഭാഗം ജനങ്ങളും ഇൻഡ്യയിലെ ഇതര സംസ്ഥാനങ്ങളിലും വിദേശങ്ങളിലുമായി ജോലി നോക്കുന്നു എങ്കിലും വിദേശമലയാളികളുടെ മൂലധന നിക്ഷേപവും സഹകരണവും ഉണ്ടെങ്കിൽ ധാരാളം വ്യവസായങ്ങൾക്കു് സാദ്ധ്യതയുണ്ടു്.

പരമ്പരാഗത മേഖലയിൽ കൈത്തറി വ്യവസായ മേഖലയാണു് ഇവിടെ പ്രധാനപ്പെട്ടതു്. കൈത്തറി സംഘങ്ങളുടെ നഷ്ടവും ഉൽപന്നങ്ങളുടെ വിപണനം മറ്റു തുണിത്തരങ്ങളെഅപേക്ഷിച്ചു് കുറവായതിനാൽ ഈ മേഖലയിൽ കുറഞ്ഞ കൂലിയെ ലഭിക്കുകയുള്ളു എന്ന കാരണത്താൽ ഈ മേഖലയിൽ കൂടുതൽ ആളുകളെ ആകർഷിക്കപ്പെടുന്നില്ല. ഉയർന്ന സാങ്കേതിക വിദ്യയും യന്ത്രത്തറിയുടെ ഉപയോഗവും വഴി പോളിസ്റ്റർ തുണിത്തരങ്ങൾ വിപുലമായ രീതിയിൽ ഉൽപാദിപ്പിച്ചാൽ വിപണനം നല്ലരീതിയിൽ ഉറപ്പാക്കി ഈ വ്യവസായത്തിനു് വൻ സാദ്ധ്യതലഭിക്കും.

ഈ പഞ്ചായത്തിൽ സുലഭമായി ലഭിക്കുന്നതു് റബ്ബർ, നാളീകേരം, കശുവണ്ടി, നെന്ത്രക്കായ, മരച്ചീനി തുടങ്ങിയവയാണു്. റബ്ബർസംസ്കരിക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കുന്നപക്ഷം അല്പമായ പെരുപ്പുനീർമ്മാണം, കിടക്ക, മറ്റു് റബ്ബർ ഉൽപന്നങ്ങൾ എന്നിവയുള്ള വ്യവസായ സാദ്ധ്യത വളരെയുണ്ടു്. ഇതിനായി "കൊഴുവൻപാറ" യിലെ സർക്കാർ വക പുറമ്പോക്കായ 4 ഏക്കർ സ്ഥലത്തു് (ധാരാളം റബ്ബർഉള്ള പ്രദേശമായതിനാൽ) ഒരു റബ്ബർ സംസ്കരണ യൂണിറ്റിനു് പഞ്ചായത്തോ സർക്കാരോ ധനസഹായം നൽകിയാൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ റബ്ബർ ഉല്പന്നങ്ങളുടെ വ്യവസായത്തിനു് വൻ സാദ്ധ്യത ലഭിക്കും

അതുപോലെ തന്നെ സുലഭമായി കിട്ടുന്ന നാളീകേരം ഉപയോഗിച്ചു് പ്രവർത്തിക്കാവുന്ന വ്യവസായങ്ങളും വളരെ കുറവാണെങ്കിലും തൊണ്ടു് തേങ്ങ തടി ചിരട്ട തുടങ്ങിയവ ഉപയോഗിച്ചുള്ള കയർ കയറു പായ്, ഫർണിച്ചർ തവി, മറ്റു് കര കൗശല വസ്തുക്കൾ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള വൻ വ്യവസായ സാദ്ധ്യത തള്ളിക്കളയാവുന്നതല്ല. പിന്നെ സുലഭമായി ലഭിക്കുന്ന കശുവണ്ടി ഉപയോഗിച്ചുള്ള വ്യവസായത്തിനു് പ്രത്യേകിച്ചു് കൊല്ലം ജില്ലയിൽ വളരെ സാദ്ധ്യതയുണ്ടു്. എന്നാൽ നമ്മുടെ വ്യവസായത്തിനു് ആവശ്യമായ കശുവണ്ടി ഉൽപാദിപ്പിക്കുന്നതിനോ ഉള്ളവ സംരക്ഷിക്കുന്നതിനോ കഴിയുന്നില്ല. കശുമാവു് കൃഷിക്കാരെ പ്രോത്സാഹിപ്പിച്ചു് കശുവണ്ടി ഉൽപാദനം വർദ്ധിപ്പിച്ചും ഉള്ളതു് ശരിയായ രീതിയിൽ സംരക്ഷിക്കുന്നതിനുള്ള സംവിധാനവും ഉണ്ടായാൽ ഈ മേഖലയിൽ ധാരാളം തൊഴിലവസരങ്ങളും പ്രത്യേകിച്ചു് സ്ത്രീകൾക്കു് നൽകുകവഴി ധാരാളം വ്യവസായ സംരഭത്തിനുള്ള സാദ്ധ്യതകളും ഉണ്ടു്.

കൊപ്ര സംസ്കരണത്തിനുള്ള യൂണിറ്റുകളും തുടങ്ങുന്നപക്ഷം വെളിച്ചെണ്ണ, മരങ്ങാവെള്ളംകൊണ്ടുള്ള പാനീയങ്ങളും, പിണ്ണാക്കുകൊണ്ടുള്ള കാലിത്തീറ്റ ഇവയ്ക്കുള്ള സാദ്ധ്യതയുണ്ടു്.

000037

നമുക്ക് സുലഭമായി ലഭിക്കുന്ന മറ്റൊരു ഇനമായ നേന്ത്രക്കായ, മരച്ചീനി എന്നിവ ഉപയോഗിച്ച് ചിപ്സ് നിർമ്മാണം, സ്ത്രീകൾക്ക് ധാരാളം തൊഴിലവസരങ്ങൾ ലഭിക്കുന്ന വ്യവസായത്തിന് സാദ്ധ്യതയുണ്ട്.

പ്രകൃതിദത്തമായി നമ്മുടെ പഞ്ചായത്തിന് സുലഭമായി ലഭിക്കുന്നതിന് അനുഗ്രഹീതമായിട്ടുള്ള പാറ, മണ്ണ്, മരം മുതലായവ ഉപയോഗിച്ച് ധാരാളം വ്യവസായങ്ങൾക്ക് വൻ സാദ്ധ്യതയുണ്ട്. അതായത് കരിങ്കൽമേഖലയിൽ പാറപൊട്ടിച്ച് മെറ്റൽ ആക്കി മാറ്റുന്നതിന് ക്രഷർയൂണിറ്റുകൾ, മണ്ണ്, ചെളി ഇവ ഉപയോഗിച്ച് ഇഷ്ടികനിർമ്മാണം, മരം ഉപയോഗിച്ചുള്ള കെട്ടിടനിർമ്മാണ സാമഗ്രികളും ഫർണിച്ചർ നിർമ്മാണംതുടങ്ങിയവയ്ക്ക് ഉപഭോക്താക്കളുടെ എണ്ണം അനുദിനം വർദ്ധിക്കുന്ന സാഹചര്യത്തിൽ മേൽപറഞ്ഞവ്യവസായങ്ങൾക്ക് വൻ സാദ്ധ്യതകൾ ഉണ്ട്. അതുപോലെ കോൺ: ഹോളോ ബ്ലോക്കും.

അതുപോലെതന്നെ കരുമുളകു് സംസ്കരിക്കുന്നതിന് വേണ്ട യൂണിറ്റുകൾ തുടങ്ങുന്നപക്ഷം ധാരാളം കയറുമതിക്ക് സാദ്ധ്യതയുള്ളതിനാൽ കർഷകർക്ക് ന്യായമായ വില ലഭിക്കുന്നതിന് കഴിയും

ഖാദിമേഖല

ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ നമുക്ക് സുലഭമായി ലഭ്യമാകുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് ധാരാളം വ്യവസായസംരംഭങ്ങൾക്ക് സാദ്ധ്യത ഏറെയാണ്

പഞ്ഞി ഉപയോഗിച്ചുള്ള മെത്ത കുഷൻ തുടങ്ങിയവ നിർമ്മിക്കുന്നതിനുള്ള വ്യവസായയൂണിറ്റുകൾ, ചകിരി ഉപയോഗിച്ച് നിർമ്മിക്കുന്ന കിടക്ക, സീറ്റുകൾ തുടങ്ങിയവയ്ക്കുള്ള വ്യവസായയൂണിറ്റുകൾ, തെങ്ങ് ചിരട്ട ഇവകൊണ്ടുള്ള കരകൗശലവസ്തുക്കൾ നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ, പട്ടുനൂൽവ്യവസായ യൂണിറ്റ് (കർഷകരെ പട്ടുനൂൽ പുഴുക്കളെ വളർത്തുന്നതിനവേണ്ട പ്രോൽസാഹനം നൽകുന്നപക്ഷം) അതിന്റെ ലഭ്യതയുടെ കുറവിനു പരിഹാരമായി ധാരാളം ഉപഭോക്താക്കളുടെ ആവശ്യം വർദ്ധിക്കുന്നതുകൊണ്ട് കോൺക്രീറ്റ് ഉപയോഗിച്ചുള്ള കെട്ടിടനിർമ്മാണസാമഗ്രികളും മറ്റും നിർമ്മിക്കുന്നതിനുള്ള യൂണിറ്റുകൾ ഇവകൾക്ക് ഖാദിമേഖലയിൽ വൻ സാദ്ധ്യതകൾ ഉണ്ട്

അതുപോലെതന്നെ വനിതകൾക്ക് ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുള്ള അലക്കു് സോപ്പ്, സോപ്പ്പൗഡർ, റെഡിമെയിഡ് ഗാർമെന്റ്, എംബ്രോയിഡറി, കുട, നോട്ട്ബുക്ക്, സ്ക്കൂൾബാഗ് എന്നിവ നിർമ്മിക്കുന്നതിനുള്ള വ്യവസായ യൂണിറ്റുകൾക്ക് വൻ സാദ്ധ്യതയുണ്ട്

മിനി വ്യവസായ എസ്റ്റേറ്റ്

വൻ വ്യവസായ ശൃംഖലക്ക് സാദ്ധ്യതയുള്ള സ്ഥാപനങ്ങൾ തുടങ്ങുന്നതിനും വ്യവസായസംരംഭകർക്ക് വാടകക്ക് കൊടുക്കുന്നതിനും ഉതകുന്നതിനായി തേവലപ്പുറം ||-ാംവാർഡിലെ ശാസ്താംകാവിൽ ഒരു മിനിവ്യവസായ എസ്റ്റേറ്റ് പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പാക്കണം

സഹകരണമേഖല

നഷ്ടം സംഭവിച്ച പ്രവർത്തിക്കുന്ന സഹകരണസംഘങ്ങൾവഴിയുള്ളമേഖലകളെ പ്രോൽസാഹിപ്പിക്കുന്നതിനും അവശ്യമുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തിൽനിന്നോ സർക്കാരിൽനിന്നോ സഹായപദ്ധതികൾ നടപ്പാക്കുകവഴി താഴെപ്പറയുന്ന വ്യവസായയൂണിറ്റുകൾക്ക് വൻ സാദ്ധ്യതയുണ്ട്.

1. കൈത്തറിനെയ്ത്ത് വ്യവസായയൂണിറ്റുകൾ
2. തീപ്പെട്ടി വ്യവസായ യൂണിറ്റുകൾ (തീപ്പെട്ടിക്കൊള്ളി ഉൾപ്പടെ)
3. ക്ഷീരോൽപ്പന്ന വ്യവസായയൂണിറ്റുകൾ
4. ഇഷ്ടികനിർമ്മാണയൂണിറ്റുകൾ
5. ക്രഷർയൂണിറ്റുകൾ
6. സിമൻറ്, ഇഷ്ടിക, ഹോളോബ്ലാക്ക്നിർമ്മാണം മുതലായവ

വൻകിടവ്യവസായം

നമ്മുടെ പഞ്ചായത്തിന് സുലഭമായി ലഭിക്കുന്ന പാറകൊണ്ടുള്ള വൻകിട വ്യവസായത്തിനു് അല്ലാതെ മറ്റൊരു സാദ്ധ്യതയും പഞ്ചായത്തിന് ഇല്ല

മറ്റു നിർദ്ദേശങ്ങൾ

1 വ്യവസായങ്ങൾ തുടങ്ങുന്നതിനുള്ള ആളുകളെ കണ്ടെത്തി അവർക്ക് വ്യവസായസംരംഭങ്ങളെപ്പറ്റിയുള്ള ആശങ്ക ഒഴിവാക്കുന്നതിനു് ആശയവിനിമയം നടത്തുവാൻ പര്യാപ്തമായരീതിയിൽ പഠനങ്ങൾ സംഘടിപ്പിക്കുന്നതിന് അവസരം ഒരുക്കുക.

2 10 ലക്ഷം രൂപാവരെ മൂലധനമുള്ള വ്യവസായങ്ങളുടെ ലൈസൻസ് ഉദാരമാക്കുകവഴി ധാരാളം സംരംഭകരെ ആകർഷിക്കുക.

3 വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിന് ബാങ്കുവായ്പകൾ ഉദാരവൽക്കരിക്കുകയും ദേശസാൽകൃത ബാങ്കുകൾ പഞ്ചായത്തിന്റെ ഭാഗങ്ങളിൽ തുടങ്ങുകവഴി വയ്പാസൗകര്യം മെച്ചപ്പെടുത്തി വ്യവസായങ്ങൾ ആരംഭിക്കുക.

4 കരകൗശലരംഗത്ത് വിദഗ്ദ്ധമായി പരിശീലനം നൽകുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.

000038

5 വ്യവസായ സംരഭത്തിനു് താല്പര്യമുള്ളവരെ കണ്ടെത്തുന്നതിനു് പഞ്ചായത്തിൽനിന്നും പരസ്യം നൽകി അവർക്കു് വേണ്ട പരിശീലനം നൽകുകവഴി വ്യവസായ സാദ്ധ്യതകളും കണ്ടെത്തുക.

6 കാർഷികമേഖലയുമായി ബന്ധപ്പെട്ടുള്ള വ്യവസായങ്ങളും ആരംഭിക്കുക, കാർഷികോൽപ്പന്നങ്ങളും ലഭ്യമാക്കുന്നതിനുള്ള പ്രോത്സാഹനം നൽകുക.

7 സഹകരണ നെയ്ത്തു്, യന്ത്രത്തറിയുടെ ഉപയോഗം എന്നിവ പ്രോൽസാഹിപ്പിച്ചു് നെയ്ത്തു് വ്യവസായം പരിപോഷിപ്പിക്കുക

8 കശുഅണ്ടിമേഖലയിലെ തൊഴിലാളികൾക്കു് മിനിമംകൂലിയും, ഡി. എ തുടങ്ങിയ ആനുല്യങ്ങളും യഥാസമയം നൽകിയും അവരുടെ പ്രാഥമികസൗകര്യങ്ങളും മെച്ചപ്പെടുത്തുകയും ചെയ്യുക.

9 ഉല്പന്നങ്ങളുടെ വിപണിക്കുള്ള ഗതാഗതസൗകര്യം മെച്ചപ്പെടുത്തുക.

10 പാരതൊഴിലാളികൾക്കു് അപകടഭീഷണി നീലനിൽക്കുന്നതിനാൽ അവർക്കു് ചികൽസ, ഇൻഷ്വറൻസ് പദ്ധതി എന്നിവ നടപ്പിലാക്കി അവരെ പ്രോത്സാഹിപ്പിക്കുക, അങ്ങനെ പാറക്വാർ യൂണിറ്റു് ഒരു വൻകിട വ്യവസായസംരംഭം ആക്കുക.

11 റബ്ബർ സംസ്ക്കരണശാലകളും, കൊപ്രാസംസ്ക്കരണശാലകളും സ്ഥാപിച്ചു് ഇവകൊണ്ടുള്ള ഉല്പന്നങ്ങളും ഉപയോഗിച്ചുള്ള മറ്റു് വ്യവസായങ്ങൾക്കു് അവസരം ഉണ്ടാക്കുക.

12 സഹകരണമേഖല വിപുലപ്പെടുത്തി അതുമായിബന്ധപ്പെട്ടവ്യവസായങ്ങൾക്കു് സംരംഭം ഒരുക്കുക

13 ക്ഷീരോല്പാദകരുടെ പ്രശ്നങ്ങളും പരിഹരിക്കുന്നതിനും അവരെ പ്രോൽസാഹിപ്പിക്കുന്നതിനും, കുറഞ്ഞചെലവിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിനുള്ള വ്യവസായങ്ങളും തുടങ്ങുകവഴി ക്ഷീരോല്പന്നവ്യവസായം മെച്ചപ്പെടുത്തുക.

14 പരമ്പരാഗത കുടിൽ വ്യവസായങ്ങളും നടത്തുന്നതിനു് സഹായപദ്ധതികളും നടപ്പിലാക്കി അവരെ പ്രോൽസാഹിപ്പിക്കുകയും വ്യവസായ സംരംഭങ്ങളും വിപുലപ്പെടുത്തുക.

15 പരിശീലനംലഭിച്ച യുവതീ-യുവാക്കളുടെ ഒരു ലിസ്റ്റു് സമ്പൂർപിച്ചു് അവരെ ആശയവിനിമയത്തിലൂടെയും, വ്യവസായങ്ങളും നേരിൽകണ്ടു് മനസ്സിലാക്കുന്നതിനും അവസരം നൽകുകയും അവർക്കുള്ള വായ്പാപദ്ധതികളും ഉദാരമാക്കി വ്യവസായ സംരംഭം സൃഷ്ടിക്കുകവഴി സ്വയംതൊഴിൽ പരിപോഷിപ്പിക്കുക.

16 മാങ്ങ, കശുമാങ്ങ തുടങ്ങിയ അച്ചാറുകളും നിർമ്മിക്കുന്നതിനുള്ള ചെറുകിട വ്യവസായ യൂണിറ്റുകളും പ്രോത്സാഹിപ്പിക്കുന്നതിനുകയറുമതി സാദ്ധ്യതകളും വർദ്ധിപ്പിക്കുകയും വിപണി കണ്ടെത്തുകയും ചെയ്യുക.

17 വ്യവസായരംഗത്തു് വൈദ്യുതി ലഭ്യമാക്കുമെന്നു് ഉറപ്പുവരുത്തുക.

(o)

000039

5-4
വിദ്യാഭ്യാസം

സാക്ഷരകേരളത്തിനു് അഭിമാനമായികൊണ്ടു് മൊത്തം ജനസംഖ്യയുടെ 98 ശതമാനത്തേയും അക്ഷരമാകുന്ന അറിവിന്റെ ലോകത്തിലേക്കു് കൈപിടിച്ചുയർത്തികൊണ്ടുവന്ന ഒരു പഞ്ചായത്തിന്റെ കഥയാണു് നെടുവത്തൂരിനു് പറയാനുള്ളതു്. അവശരും ആലംബഹീനരുമായ 2% മാത്രമേ അവശേഷിച്ചിട്ടുള്ള. പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ 8 LPS കളും ഉള്ളതിൽ പൊതുമേഖലയിൽ 5 ഉം സ്വകാര്യ മേഖലയിൽ 3 ഉം പ്രവർത്തിച്ചുവരുന്നു. അപ്പർ പ്രൈമറി സ്കൂളുകളിൽ 4 എണ്ണവും സ്വകാര്യ മേഖലയിലുള്ളതാണു്. ഒരു ഹൈസ്കൂളുള്ളതു് സ്വകാര്യ മേഖലയിലാണു്. നെടുവത്തൂരിൽ ആകെ 13 സ്കൂളുകളിലായി 3850 ഓളം വിദ്യാർത്ഥികളും അവർക്കായി 136 ഓളം അദ്ധ്യാപകരുമാണുള്ളതു്. പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നുംതന്നെയില്ല. സാമ്പത്തിക സാമൂഹിക കാരണങ്ങളാൽ നിർദ്ധനരായ കുടുംബങ്ങളിലെ വിദ്യാർത്ഥികളും ഇടയ്ക്കുവച്ചു് പഠനം നിർത്തി ഉപജീവനമാർഗ്ഗം അന്വേഷിച്ചു പോകുന്നു. ഇവിടത്തെ ഭൂരിഭാഗം ആളുകളും മക്കളെ പൊതു വിദ്യാലയങ്ങളിൽ ചേർക്കാൻ ആഗ്രഹമുള്ളവരാണു്. ഇവിടെനിന്നും ദൂരെ പ്രദേശങ്ങളിലുള്ള വിവിധ ഇംഗ്ലീഷ് മീഡിയം സ്കൂളുകളും തേടിയും കുറെപേർ പോകുന്നുണ്ടു്. നാട്ടിൻപുറത്തെ ഇടത്തരക്കാരിൽ കുറെയേറെ പേർക്കും P.T.A, മാതൃസംഗമം എന്നിവയെപ്പറ്റി ശരിയായ ധാരണയില്ല. ഇവിടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളൊന്നുതന്നെ ഇല്ലാതിരുന്നിട്ടുകൂടിയും ജില്ലയിലെ വിവിധ കേന്ദ്രങ്ങളിൽ പോയി വിദ്യാഭ്യാസം നേടുക എന്നതു് ഇവിടത്തെ വിദ്യാർത്ഥികളുടെയും നാട്ടുകാരുടെയും വിദ്യാഭ്യാസ ബോധത്തിനു് ഉദാഹരണമാണു്. പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ വിജയശതമാനം കുറവായതിനാൽ ചെറിയൊരു വിഭാഗം വിദ്യാർത്ഥികൾക്കു മാത്രമേ അഫിലിയേറ്റഡ് കോളേജുകളിൽ പ്രവേശനം ലഭിക്കാറുള്ള, ബാക്കിയുള്ളവർ പാരലൽ കോളേജുകളിലും മറ്റും അഭയം പ്രാപിക്കേണ്ടിവരുന്നു. പ്രീ-പ്രൈമറി സ്കൂളുകളും അംഗൻവാടികളും പഞ്ചായത്തിൽ അപര്യാപ്തമായതിനാൽ മറ്റു് സ്ഥലങ്ങളിലെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കു് അയയ്ക്കാൻ രക്ഷകർത്താക്കൾ താല്പര്യം കാണിക്കുന്നു.

സ്കൂളിന്റെ പൊതുവിവരം

നമ്പർ	സ്കൂളിന്റെ പേരു്	സ്കൂളിന്റെ ഉടമസ്ഥത				കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം							
		ഹൈസ്കൂൾ/യു.പി./എൽ.പി./പ്രീപ്രൈമറി	സർക്കാർ	എയ്ഡഡ്	അൺ എയ്ഡഡ് അംഗീകാരമില്ലാത്തതു്	ആൺ	പെൺ	ആകെ	ആകെ അനുവദിച്ചിട്ടുള്ളതു്	നിലവിലുള്ളവരുടെ എണ്ണം	ഒഴിവുകളുടെ എണ്ണം	ദിവസവേതനക്കാരുടെ എണ്ണം	സ്കൂൾകൃഷിയുടെ മൊത്ത വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	ഒന്നിനും ഉപയോഗിക്കാതെകിടക്കുന്ന സ്ഥലത്തിന്റെ അളവു്	മറുകുറിപ്പുകൾ
	1	2	3	4	5	6	7	8	9	10	11	12	13	14	15	16	17
1	ഗവ. LPS തേവലപ്പുറം LP						97	88	185	6	6	ഇല്ല	ഇല്ല	50സെ.	ഇല്ല	ഇല്ല	
2	UPS തേവലപ്പുറം UP						164	118	282	12	12	ഇല്ല	ഇല്ല	1 ഏക്കർ	50 സെ.	ഇല്ല	
3	NSSDVUPS നെടുവത്തൂർ LP, UP						547	510	1057	34	34	ഇല്ല	1	157സെ.	50 സെ.	ഇല്ല	
4	ഗവ. LPS ആനക്കോട്ടൂർ LP						93	85	178	7	6	1	ഇല്ല	50 സെ.	ഇല്ല	ഇല്ല	
5	UPS കോട്ടാത്തല UP						190	156	346	15	15	ഇല്ല	ഇല്ല	2ഏ40സെ	1 ഏ	ഇല്ല	
6	LPSതെക്കുംപുറം LP						44	64	108	4	4	ഇല്ല	ഇല്ല	50സെ	0സെ	ഇല്ല	
7	SVMLPSആരീക്കൽഭാഗംLP						222	193	415	13	13	ഇല്ല	ഇല്ല	2ഏക്കർ	50സെ	ഇല്ല	

0000400000

8	MSLPS നീലേശ്വരം LP	41	38	79	4	4	ഇല്ല	ഇല്ല	60 75സെ	15സെ	ഇല്ല		
9	DVNSSUPS അന്നൂർ LP, UP	114	94	208	10	10	ഇല്ല	ഇല്ല	1.50 ഏ	50സെ	ഇല്ല	ചുറ്റുമതിലുണ്ട്	
10	LPS അന്നൂർ LP	95	86	181	7	7	ഇല്ല	ഇല്ല	1 ഏ	50 സെ	ഇല്ല		
11	WLPS തേവലപ്പുറം LP	53	51	104	4	4	ഇല്ല	ഇല്ല	30 സെ	ഇല്ല	ഇല്ല		
12	BVLPS വല്ലം LP	50	58	108	4	4	ഇല്ല	ഇല്ല	50 സെ	ഇല്ല	ഇല്ല		
13	EVHS നെടുവത്തൂർ UP, HS	309	281	590	16	16	ഇല്ല	ഇല്ല	3ഏ5സെ	1ഏ5 സെ	ഇല്ല	ചുറ്റുമതിൽഉണ്ട്	അറ്റകുറ്റപണികൾനടത്താറുണ്ട്

പ്രശ്നങ്ങൾ

ഒരു ഹൈസ്ക്കൂൾ മാത്രമുള്ള ഈ പഞ്ചായത്തു് വിദ്യാഭ്യാസരംഗത്തു് പ്രത്യേകിച്ചു് ഉന്നതവിദ്യാഭ്യാസരംഗത്തു് നേരിടുന്ന പ്രശ്നങ്ങൾ നിരവധിയാണു്. ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തതയും സാമ്പത്തികരംഗത്തെ പിന്നോക്കാവസ്ഥയുമുള്ള സ്ക്കൂളുകളുടെ പ്രത്യേകിച്ചു് ഗവ: സ്ക്കൂളുകളുടെ പിന്നോക്കാവസ്ഥയുമാണു് വിദ്യാഭ്യാസരംഗത്തെ പ്രധാന പ്രശ്നങ്ങൾ. പഞ്ചായത്തിലെ മിക്ക ഗവ: L P. സ്ക്കൂളുകൾക്കും അടിസ്ഥാനസൗകര്യങ്ങൾ ഇല്ല. ചുറ്റുമതിലുകളോ റിക്കാർഡ് സ് സൂക്ഷിക്കാനുള്ള സൗകര്യങ്ങളോ അവശ്യം വേണ്ട അദ്ധ്യാപകരോ ഇല്ലാത്ത അവസ്ഥയാണു് തെക്കുംപുറത്തുള്ള LP സ്ക്കൂളിനുള്ളതു്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾഏറെയുള്ള തേവലപ്പുറം Aവാർഡിൽ സ്ക്കൂളുകൾ ഒന്നുംതന്നെ ഇല്ല പൊതുവെ മോശമല്ലാത്തനിലയിൽ പ്രവർത്തിക്കുന്ന ഒരു LPSഉം UPSഉം ആണു് തേവലപ്പുറം B വാർഡിൽ ഉള്ളതു്. LP സ്ക്കൂളിനു് ചുറ്റുമതിൽ ഇല്ലാത്തതും ശുദ്ധജലവിതരണത്തിന്റെ അപര്യാപ്തതയും പ്രശ്നങ്ങളായി അവശേഷിക്കുന്നു, കോട്ടാത്തല പ്രദേശത്തു് ഒരു UPS ഉം LPSഉം പൊതുവെ തൃപ്തികരമായി പ്രവർത്തിക്കുന്നുവെങ്കിലും LP സ്ക്കൂളിനു് ചുറ്റുമതിൽ ഇല്ല എന്നതു് പ്രധാന പ്രശ്നങ്ങളിൽ ഒന്നാണു്. ചുറ്റുമതിലോ ആവശ്യമായ ഫർണിച്ചറുകളോ സുരക്ഷിതമായ കെട്ടിടമോ ഇല്ലാത്ത ഒരു LP സ്ക്കൂളാണു് വല്ലം പ്രദേശത്തുള്ളതു്. വിദ്യാഭ്യാസസ്ഥാപനങ്ങൾ ഒന്നുംതന്നെ ഇല്ലാത്ത കുമ്പാലൂർ ഭാഗത്തെ വിദ്യാർത്ഥികൾ പഠനത്തിനായി മറ്റു പ്രദേശങ്ങളെ ആശ്രയിക്കേണ്ടിവരുന്നു എന്നതാണു് ഒരു പ്രധാന പ്രശ്നം. ചുറ്റുമതിലുകൾ ഇല്ലാത്തതും അവശ്യം വേണ്ട ഭൗതികസൗകര്യങ്ങളും ഇല്ലാത്ത ഒരു ഗവ: LP സ്ക്കൂൾ സ്ഥിതിചെയ്യുന്ന പ്രദേശമാണു് ആനക്കോട്ടൂർ.

UP സ്ക്കൂൾ, ഹൈസ്കൂൾ എന്നിവിടങ്ങളിൽ പോകുന്ന വിദ്യാർത്ഥികളുടെഗതാഗത അസൗകര്യവും സാമ്പത്തിക പിന്നോക്കാവസ്ഥയും. വിദ്യാസമ്പന്നരുടെ തൊഴിലില്ലായ്മയുമാണു് പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തായി സ്ഥിതിചെയ്യുന്ന പുല്ലാമല വാർഡ് വിദ്യാഭ്യാസരംഗത്തു് നേരിടുന്ന പ്രശ്നങ്ങൾ. സ്ക്കൂളുകൾ ഒന്നുംതന്നെയില്ലാത്ത വാർഡായ വെൺമണ്ണൂർ പ്രദേശത്തെ കുട്ടികൾക്കു് പ്രാഥമികവിദ്യാഭ്യാസത്തിനുവേണ്ടി ഏറെ നടക്കേണ്ടിവരുന്നു. പഞ്ചായത്തു് ആസ്ഥാനമായ നെടുവത്തൂരിൽ ഒരു LPS ഉം, UPS ഉം, ഒരു ഹൈസ്കൂളും പ്രവർത്തിക്കുന്നു. പൂർണ്ണമായും അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്ത ഒന്നും ഉയർന്ന പഠനനിലവാരം ഇല്ലാത്തതുമായ ഒരു HS ആണു് ഇവിടെ ഉള്ളതു്. അന്നൂർ പ്രദേശത്തു് ഒരു LPS ഉം, UPS ഉം ഉണ്ടെങ്കിലും അവയുടെ പ്രവർത്തനങ്ങൾ പൂർണ്ണമായും തൃപ്തികരമല്ല. മുകളിൽ സൂചിപ്പിച്ചിരിക്കുന്നവയാണു് ഈ പഞ്ചായത്തിലെ വിവിധ പ്രദേശങ്ങൾ വിദ്യാഭ്യാസരംഗത്തു് അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ

നിർദ്ദേശങ്ങൾ

പഞ്ചായത്തിലെ വിവിധ പ്രദേശങ്ങളിലെ ഗവൺമെൻറ് സ്ക്കൂളുകൾക്കു് അവശ്യം വേണ്ട അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തിക്കുക

കുട്ടികളുടെ കലാകായികരംഗത്തു് ഉചിതമായ സഹായങ്ങൾ നൽകുക. സാമ്പത്തികരംഗത്തു് പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കു് സഹായങ്ങൾനൽകുക. തെക്കുംപുറം, തേവലപ്പുറം, ആനക്കോട്ടൂർ, കോട്ടാത്തല, അന്നൂർ, വല്ലം മുതലായ പ്രദേശങ്ങളിലെ LP സ്ക്കൂളുകൾക്കു് ചുറ്റുമതിൽ നിർമ്മിക്കുകയും ശുദ്ധജലസംവിധാനത്തിനു് ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കുകയും ചെയ്യുക. ഉച്ചഭക്ഷണം എല്ലാ സ്ക്കൂളുകളിലും നൽകുക. എല്ലാവാർഡുകളിലും അവശ്യം വേണ്ടുന്ന അംഗനവാടികളും നഴ്സറി സ്ക്കൂളുകളും സ്ഥാപിക്കുക, സ്ക്കൂളുകളിലെ ലൈബ്രറിസംവിധാനം വർദ്ധിപ്പിക്കുക, തൊഴിൽഅധിഷ്ടിത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുക. പുല്ലാമല, തേവലപ്പുറം, കോട്ടാത്തല എന്നിവിടങ്ങളിലെ കുട്ടികൾക്കു് സൗകര്യമായവിധം ഒരു ഹൈസ്ക്കൂൾ സ്ഥാപിക്കുക. PTA, മാതൃസംഗമം എന്നിവയുടെ പ്രവർത്തനം വ്യാപകമാക്കുക. സ്ക്കൂളുകൾ ഇല്ലാത്ത വാർഡുകളായ വെൺമണ്ണൂർ,

കുമ്പാലൂർ, തേവലപ്പുറം A എന്നീ വാർഡുകൾക്ക് ഓരോ LP സ്കൂൾ അനുവദിക്കുക, പുല്ലാമല LP സ്കൂൾ അപ്ഗ്രേഡുചെയ്യുകയും നഴ്സറിസ്കൂൾ ഗവൺമെൻറ് നിയന്ത്രണത്തിലാക്കുകയും ചെയ്യുക, നെടുവത്തൂർ ഹൈസ്കൂളിനോടുചേർന്ന് ഒരു വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ അനുവദിക്കുക, പഞ്ചായത്തിലെ കുട്ടികളുടെ സൗകര്യാർത്ഥം ഒരു JTS അനുവദിക്കുക, ആനക്കോട്ടൂർ സ്കൂൾ അപ്ഗ്രേഡ് ചെയ്ത് UPS ആക്കുക, വല്ലം സ്കൂളിലേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കണം

പൊതുനിർദ്ദേശങ്ങൾ

ഗ്രന്ഥശാലകളുടെ പ്രവർത്തനം വ്യാപിപ്പിക്കുക, കൊഴിഞ്ഞുപോക്കൽ തടയാനാവശ്യമായ നടപടികളും സ്വീകരിക്കുക, സ്കൂളുകളിൽ ഹെൽത്ത് ക്ലബ്ബുകളും സംഘടിപ്പിച്ച് കുട്ടികൾക്ക് വൈദ്യപരിശോധന നടത്തി ഹെൽത്തുകാർഡുകളും നൽകുക, ദേശീയദിനങ്ങളും അവധിദിവസങ്ങളാകുന്നതിനു പരി ദേശീയബോധം വളർത്തുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുക, സ്കൂൾസൈക്കോറിക്കളുടെ പ്രവർത്തനം സജീവമാക്കുകയും പാഠപുസ്തകങ്ങളും യഥാസമയം എത്തിക്കുകയും ചെയ്യുക, സാക്ഷരതാപ്രവർത്തനങ്ങൾക്ക് അവശ്യംവേണ്ട സഹായങ്ങളും നൽകുക, പഞ്ചായത്തിലെ എല്ലാ സ്കൂളുകളിലെയും ഹെഡ്മാസ്റ്റർമാരുടെ ഒരു യോഗം എല്ലാ മാസത്തിലും പഞ്ചായത്താഫീസിൽ കൂടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യണം. മിടുക്കന്മാരായ വിദ്യാർത്ഥികൾക്ക് ഉന്നതവിദ്യാഭ്യാസത്തിനു വേണ്ട സഹായങ്ങളും നൽകുക. സംസ്കാരത്തിൻറെ അളവുകോലായ വിദ്യാഭ്യാസരംഗത്ത് സാരമായ ചലനങ്ങളിലൂടെ സാംസ്കാരികകേരളത്തിൻറെ ഭൂപടത്തിൽ പഞ്ചായത്തിൻറെ സ്ഥാനം നിലനിർത്താനും കൂടുതൽ ശോഭിക്കുവാനും നിർദ്ദേശങ്ങളും പ്രവർത്തിമണ്ഡലത്തിൽ എത്തിക്കുന്നതിലൂടെ സാദ്ധ്യമാക്കാം.

000042

5-5
കുടിവെള്ളവും പൊതുജന ആരോഗ്യവും

ആരോഗ്യമുള്ള സമൂഹമാണ് രാജ്യത്തിന്റെ സമ്പത്ത്. 1984-നുമുമ്പ് നെടുവത്തൂർ പഞ്ചായത്തിൽ ആരോഗ്യപരിപാലന കേന്ദ്രങ്ങളും ഉണ്ടായിരുന്നില്ല. 1984-ലാണ് നെടുവത്തൂർ പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യകേന്ദ്രം പുല്ലാമലയിൽ സ്ഥാപിതമായത്. മന്ത്രം കൊണ്ടും, പൂജകൊണ്ടും രോഗങ്ങൾ ഭേദമാക്കാമെന്നുള്ള ജനങ്ങളുടെ വിശ്വാസങ്ങൾക്ക് വളരെയധികം മാറ്റമുണ്ടായിട്ടുണ്ട്. ഇന്നും അന്ധവിശ്വാസങ്ങൾ നിലനിൽക്കുന്നുണ്ട്. സ്വകാര്യമേഖലയിൽ പഞ്ചായത്തിൽ ഒരാശുപത്രിയാണുള്ളത്. ആരോഗ്യരംഗത്ത് ആശുപത്രികൾ പരിമിതമായതിനാൽ കൊട്ടാരക്കര താലൂക്ക് ആശുപത്രി മറ്റു സ്വകാര്യ ആശുപത്രികളുമാണ് ജനങ്ങൾ ആശ്രയിക്കുന്നത്. ശരിയായ വൈദ്യസഹായത്തിനു വേണ്ടയാതൊരു സൗകര്യവും ഈ പഞ്ചായത്തിലില്ല. പഞ്ചായത്തിൽ നെടുവത്തൂർ, ആനക്കോട്ടൂർ, വല്ലം, അന്തൂർ പുത്തൂർ എന്നിവടങ്ങളിൽ ഹെൽത്ത് സബ് സെൻറുകളും പ്രവർത്തിക്കുന്നുണ്ട്.

പഞ്ചായത്തിൽ പൊതുവെ പകർച്ചവ്യാധികൾ കുറവാണ്. പഞ്ചായത്തു ഹെൽത്തുസെൻററിൽ കിടത്തി ചികിത്സാസൗകര്യം ഇല്ല

പ്രശ്നങ്ങൾ

പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് ഉള്ള ഹെൽത്ത് സെൻററിൽ എത്തി ചികിത്സ നടത്തുക ചിന്തിക്കുവാൻപോലും പ്രയാസമാണ്. ഈ സെൻററിൽതന്നെ എല്ലാ ദിവസവും ഡോക്ടറില്ല. മരുന്നില്ല, ആവശ്യംവേണ്ട ഉപകരണങ്ങളും ഇല്ല ഉച്ചഭോഷിണികൾ സൃഷ്ടിക്കുന്ന ശബ്ദമലിനീകരണം ആരോഗ്യരംഗം നേരിടുന്ന പ്രശ്നമാണ് 10-ാം വാർഡിൽ സ്ഥിതിചെയ്യുന്ന സബ്സെൻറർ കാലോചിതമായി വാടക കൂട്ടാത്തതുകൊണ്ട് മാറുന്നതിനു കെട്ടിട ഉടമസ്ഥൻ നിർബന്ധിക്കുന്നു. ഇതു അവിടത്തെ ഗ്രാമസഭയിൽ ഉന്നയിച്ച ഏറ്റവുംവലിയ പ്രശ്നമാണ്. നെടുവത്തൂർ പഞ്ചായത്തിൽ ആയുർവ്വേദ ആശുപത്രിയോ ഹോമിയോ ആശുപത്രിയോ ഇല്ല. ഉള്ള പ്രാഥമികാരോഗ്യകേന്ദ്രത്തിൽ മുഴുവൻസമയ ഡോക്ടറുടെ സേവനം ലഭ്യമല്ല. ആരോഗ്യ സംരക്ഷണകാര്യത്തിൽ മരുന്നുകളോളം പ്രാധാന്യമുള്ള ആരോഗ്യ ബോധവൽക്കരണം പഞ്ചായത്തിൽ ഫലപ്രദമായിനടപ്പാക്കുന്നില്ല ഫിൽഡ്വർക്കേഴ്സിന്റെ കാര്യക്ഷമതയില്ലായ്മ ആരോഗ്യകേന്ദ്രം ഉപയോഗപ്പെടുത്തുന്നതിൽനിന്നും ജനങ്ങളെ പിന്തിരിപ്പിക്കുന്നു.

പരിഹാരം

ഈ പഞ്ചായത്തിൽ ഏറ്റവും കുറഞ്ഞത് 4 ഓളം ഹെൽത്തുസെൻറുകൾസ്ഥാപിക്കുകയും പുല്ലാമല ഹെൽത്തുസെൻറർ 20 കിടക്കകളോടുകൂടിയ ആശുപത്രിയാക്കി ഉയർത്തുകയും മുഴുവൻ സമയ ഡോക്ടറുടെ സേവനവും, പ്രത്യേകമായിഗൈനക്കോളജിസ്റ്റിന്റെ സേവനവും, ആവശ്യമായ മരുന്നുകളും മറ്റും ലഭ്യമാക്കുവാനുള്ള നടപടികളും സ്വീകരിക്കണം. സബ്സെൻറുകൾ പ്രവർത്തിക്കുന്ന കെട്ടിടങ്ങൾക്ക് കാലാനുസൃതമായ വാടകനൽകുകയോ അതിനു സമീപംതന്നെ പുതിയ കെട്ടിടം നിർമ്മിക്കുകയോ ചെയ്യണം. നെടുവത്തൂർ പഞ്ചായത്തിൽ ഹോമിയോ, ആയുർവ്വേദാശുപത്രികൾ നിർബന്ധമായും സ്ഥാപിക്കുകയും, ഔഷധച്ചെടി വളർത്തൽകേന്ദ്രവും ആയുർവ്വേദ ചികിത്സാ സമ്പ്രദായത്തെ പ്രോൽസാഹിപ്പിക്കുകയും ചെയ്യുക. ശബ്ദമലിനീകരണം നിയന്ത്രിക്കുവാൻ ബോക്സ് മാത്രം ഉപയോഗിക്കുവാൻ നിയമം നടപ്പാക്കുക. ആരോഗ്യബോധവത്കരണ ക്ലാസുകൾ ഫലപ്രദമായി നടപ്പാക്കുകയും അതിനായി ക്യാമ്പുകളും മറ്റും സംഘടിപ്പിക്കുകയും ചെയ്യുക.

പരിസര ശുചിത്വം

പരിസരശുചിത്വം നിലനിർത്താൻ ആദ്യമായിവേണ്ടത് മുഴുവൻ വീടുകൾക്കും കക്കൂസ് സ്ഥാപിക്കുക എന്നതാണ്. നാമമാത്രമായ പ്രവർത്തനങ്ങൾ പഞ്ചായത്തും മറ്റു സന്നദ്ധ സംഘടനകളും നടത്തുന്നു എങ്കിലും പൂർണ്ണമായും ലക്ഷ്യത്തിലെത്താൻ വളരെദൂരം സഞ്ചരിക്കേണ്ടതുണ്ട്. പഞ്ചായത്തിലെ 50% ഓളം ആളുകൾക്ക് നിലവിൽ കക്കൂസില്ല. ഇതുമൂലം വയറിളക്കം തുടങ്ങിയ രോഗങ്ങൾ സാർവ്വത്രികമാണ്. കോളനികളിലും ലക്ഷം വീടുകളിലും താമസിക്കുന്നവർക്കും ഈ പ്രശ്നം ബാധകമാണ്.

വ്യവസായവത്കരണം കുറവുള്ളതിനാൽ അന്തരീക്ഷ മലിനീകരണം വളരെകുറവാണ്. സ്ഥിരമായി പണിയെടുക്കുന്ന പണിശാലകളിൽ ആരോഗ്യപരിപാലനത്തിനും പ്രാഥമികകാര്യങ്ങൾ നിർവ്വഹിക്കുന്നതിനും പൊതുവിൽ ബുദ്ധിമുട്ടനുഭവിക്കുന്നു പഞ്ചായത്തിലെ പ്രധാന ജലസേചനപദ്ധതികളുടെ ടാങ്കുകൾ പൂർണ്ണമായും പലപ്പോഴും വൃത്തിയാക്കാറില്ല. 1-ാം വാർഡിലെ ഒരു വ്യവസായശാലയിൽ നിന്നും പുറത്തുവിടുന്ന മലിനജലം പരിസരത്തിനെ ബാധിക്കുന്നതായി അവിടത്തെ ഗ്രാമസഭയിൽ ഉയർന്നുവരുന്ന പ്രശ്നമാണ്. അതുപോലെ അസുഖംവന്ന കാലികളെ വെട്ടി ഇറച്ചിയാക്കുന്നതും പഞ്ചായത്തിലെ ഒരു പ്രശ്നമാണ്, പഞ്ചായത്തിലെ നെടുവത്തൂർപ്രദേശത്ത് കച്ചവടസ്ഥാപനങ്ങളിലെ മാലിന്യങ്ങൾ കുന്നുകൂടുന്നതു ഒരു പ്രധാന പ്രശ്നമാണ്. വല്ലം ഹരിജൻകോളനി (ലക്ഷംവീട്) യിൽ ശ്മശാനത്തിനായുള്ള ഭൂമി സ്വകാര്യവ്യക്തികൾ കയ്യേറി

രുന്നതു്. കിഴങ്ങുവർഗ്ഗങ്ങളിൽ പ്രധാനം മരച്ചീനി യായിരുന്നു. നെടുമങ്ങാടൻ, ഏഴൂററൻ, മൊട്ടയരി യൻ, അരിമണിയൻ എന്നിവയായിരുന്നു. ഈ ഇനങ്ങൾക്കുണ്ടായിരുന്ന പല സവിശേഷ ഗുണ ങ്ങളും ഇന്നുള്ളവയ്ക്കില്ല എന്നതു് എടുത്തുകാട്ടേ ണ്ടതാണു്.

മനുഷ്യ സംസ്ക്കാരത്തിനു് അടിത്തറയിട്ട കാർഷിക വൃത്തിയിലൂടെ നാം നേടിയെടുത്ത ഞാറുപാട്ടുകളും, കൊയ്ത്തുപാട്ടുകളും, നാടൻ ശൈലികളും, പഴഞ്ചൊല്ലുകളും ഇന്നു് നമുക്കു് കൈമോശം വന്നിരിക്കയാണു്. ഉദാഹരണത്തിനു് ഏറെ പ്രചാരം ലഭിച്ചിരുന്ന ഒരു നടീൽ പാട്ടാണു്

''തൈ തൈ തിത്താ തൈ തൈ
തെയ്യാരം തെയ്യാരം തെയ്യാരോ
രാമന്റെ സീതേ തേരേ കേറുമ്പോ—
ഞാനെന്റ ചീതേ ചേക്കേറും.''

ജലസേചനത്തിനായി പല പാരമ്പര്യ മാർഗ്ഗങ്ങളും അനുവർത്തിച്ചിരുന്നു. തോടുകൾ, കുളങ്ങൾ എന്നിവ ലഭ്യമായ നാടൻ മാർഗ്ഗങ്ങൾ ഉപയോഗിച്ചു് ചിറകെട്ടിയും, തടയിണകൾ നിർമ്മിച്ചും കൃഷിസ്ഥലങ്ങളിൽ ജലസേചനം നടത്തിയിരുന്നു. മാത്രമല്ല എളിശല്യം ഒഴിവാ ക്കാൻ മുളങ്കുററികൊണ്ടിയും, അടിച്ചിലും (അടി വില്ലു്) ഉപയോഗിച്ചിരുന്നു.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ആകെ വിസ്തീർണ്ണം. 2270 ഹെക്ടർ ആണു്. ഭൂപ്രകൃതി അനുസരിച്ചു് ഉയർന്ന സമതലം, ചരിവുകൾ, താഴ്വാരം എന്നി ങ്ങനെ മൂന്നായി വിഭജിക്കാം. ഉയർന്ന സമതലം 400 ഹെക്ടറും, ചരുവുകൾ 1220 ഹെക്ടറും താഴ്വാരം 650 ഹെക്ടറും ഉൾപ്പെടുന്നു. ഉയർന്ന സമതലങ്ങളിൽ പാറയും ഇടവിട്ടു് ചെമ്മണ്ണും, ചരുവുകളിൽ കല്ലു് കലർന്ന ചെമ്മണ്ണും, താഴ്വാ രങ്ങളിൽ പൊതുവെ മണലും കളിമണ്ണും ചേർന്ന എക്കൽമണ്ണും, തെക്കുപുറം വാർഡിൽ കല്ലുകലർന്ന ഈർപ്പരഹിത മണലും, ആനക്കോട്ടൂർ വാർഡിൽ ആനയ ഭാഗത്തു് കല്ലുകലർന്ന കരിമണ്ണും പല്ലാമല വാർഡിൽ ഈർപ്പരഹിത മണലുമാണു്.

പട്ടിക 1

ഭൂപ്രകൃതി (CEES REPORT)

നമ്പർ.	ഭൂപ്രകൃതി	വിസ്തൃതി (ഹെക്ടർ)	ശതമാനം
1	താഴ്വാരകം	650	28.6
2	ചരിവുകം	1220	53.7
3	ഉയർന്നസമതലം	400	17.6

കാർഷികവിളകളുടെ അടിസ്ഥാനത്തിലുള്ള ഭൂവിനിയോഗം

പട്ടിക 2

ഭൂവിനിയോഗം (CESS REPORT)

ക്രമനമ്പർ	വിളകൾ	വിസ്തൃതി (ഹെക്ടറിൽ)	ശതമാനം
*1	മിശ്രിത കൃഷികൾ	815.2	38
**2	മിശ്രിതമരങ്ങൾ	75	3.5
3	തെങ്ങു്	750	35
4	റബ്ബർ	101	4.7
5	കശുമാവു്	35	1.63
6	കൃഷിക്കുപയുക്തമായ തരിശുഭൂമി	14.44	0.6
7	ഉപയുക്തമല്ലാത്ത ഭൂമി	10	0.46
8	നെൽകൃഷി	320	14.95
9	വയൽ നികത്തിയതു്	19.52	0.8

* നെല്ലു്, മരച്ചീനി, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ, തെങ്ങു്, കമുകു്, കുരുമുളകു്, പൈനാപ്പിൾ, പ്രയു— വർഗ്ഗങ്ങൾ, കശുവണ്ടി, റബ്ബർ, വെററിലു, ഇഞ്ചി.

** മാവു്, പ്ലാവു്, ആഞ്ഞിലി, കശുമാവു്, പാഴ്മരങ്ങൾ etc.

പഞ്ചായത്തിലെ കൃഷിവിഭവങ്ങളുടെ ഉൽപാദന ക്ഷമത
പട്ടിക 3 കൃഷിഭവൻറിപ്പോർട്ട്

ക്രമനമ്പർ	വിള	വിസ്തീർണ്ണം ഹെക്ടറിൽ	മൊത്തം ഉൽപ്പാദനം	ഉൽപ്പാദന ക്ഷമത
1	നെല്ല് (ഒന്നാംവിള)	320	960000 Kg.	3000 Kg/Hr
2	നെല്ല് (രണ്ടാംവിള)	320	800000	2500 Kg/Hr
3	പയർ	200	60000	300 Kg/Hr
4	എള്ള്	100	28000 Kg/Hr	250 Kg/Hr
5	പച്ചക്കറികൃഷി	—	—	—
6	തെങ്ങ്	750	3.2 മില്യൺ	4315
7	വാഴ	450	7200 Kg/Hr	7200
8	മരച്ചീനി	500	35 ടൺ/Hr	35 ടൺ/Hr
9	കരുമുളക്	200	220/Hr	220 Kg
10	കശുമാവ്	100	580 Kg/Hr	580
11	മാവ്	350	600 Kg/Hr	600Kg
12	കവുങ്ങ്	40	190000 Nuts/Hr	190000 Nuts/Hr

ആകെ വിസ്തൃതിയുടെ ഭൂരിഭാഗം പ്രദേശവും നെൽകൃഷിക്കും മരച്ചീനിക്കും തെങ്ങിനും കശുമാവിനും പ്രാധാന്യമുണ്ടായിരുന്ന ഇവിടെ ഇപ്പോൾ നാണ്യ വിളകളായ റബ്ബറിനു വഴിമാറികൊടുക്കുകയാണ്.ഇടവിളയായി എള്ള്, പയർ, പച്ചക്കറി എന്നീകൃഷിക്ക്സാധ്യതയുണ്ടായിട്ടുമതു പൂർണ്ണമായി വിനിയോഗിക്കുന്നില്ല. വേണ്ടത്ര പരിചരണം ഇല്ലാതെ കവുങ്ങ്, കശുമാവ് എന്നിവ പഞ്ചായത്തിന്റെ ചിലയിടങ്ങളിൽ 'കൃഷിചെയ്യുന്നുണ്ട്. 1989—ൽ ആദ്യമായി മംബറിൽ വൻതോതിൽ കൃഷി ചെയ്തുവെങ്കിലും കർഷകർക്ക് കൃഷിയെ സംബന്ധിച്ചുണ്ടായ ആശങ്കകളും ഈകൃഷിപരാജയമാകുന്നതിന് കാരണമായി.

ആധുനിക കൃഷിസമ്പ്രദായത്തിന്റെ ആവിർഭാവത്തോടെ നെല്ലുൽപ്പാദന രംഗത്ത് വർദ്ധനവ് ഉണ്ടായിട്ടുണ്ട്. IR 8, ജയ, ജ്യോതി, പവിഴം, ത്രിവേണി. കാഞ്ചർ മുതലായ സങ്കരയിനം വിത്തുകളും വ്യാപകമായി ഉപയോഗിക്കാൻ തുടങ്ങിയതോടെ രാസവളങ്ങളുടെ ഉപഭോഗവും വർദ്ധിക്കാൻ ഇടയായിഇതോടെ ജൈവവളത്തിന്റെ പ്രാധാന്യം തന്നെ ഇല്ലാതായി.

വളം കീടനാശിനം

സഹകരണമേഖലയിൽ 2 സ്വകാര്യമേഖലയിൽ 10 ഉംപ്പെടെ 12 വളം വിപണന കേന്ദ്രങ്ങളാണ് പഞ്ചായത്തിലുള്ളതു്. 1995—1996 കാലയളവിൽ 31200 Kg രാസവളങ്ങളും 170 കി. ദ്രവ കീടനാശിനിയും ഉപയോഗിച്ചിരുന്നു.

കാർഷികഉപകരണങ്ങൾ

പഞ്ചായത്തിന്റെ പുല്ലാമല വാർഡിൽ പ്രവർത്തിക്കുന്ന ആഗ്രോസർവ്വീസ് സെന്ററിൽ ഒരുട്രാക്ടറും, മെതിയന്ത്രവും, സ്പ്രേയറുകളുംഉണ്ട് നാടൻ കലപ്പകളും 44 ജോഡി ഉഴവ് കാളകളും പഞ്ചായത്തിലുണ്ട്. മത്രമല്ല സമീപ പഞ്ചായത്തുകളിലെ യന്ത്രോപകരണങ്ങളും കൃഷിക്ക് ഉപകരിക്കുന്നുണ്ട്.

ജലസേചനം

പ്രധാനമായും മഴയെ ആശ്രയിച്ച് കൃഷി നടത്തുന്ന പഞ്ചായത്തിൽ രണ്ടു ഘട്ടങ്ങളിലായിട്ടാണ് മഴ ലഭിക്കുന്നതു് ജൂൺ മുതൽ ആഗസ്റ്റ് വരെയും സെപ്തംബർ മുതൽ ഒക്ടോബർ വരെയും വർഷത്തിൽ ശരാശരി 320 സെൻറീമീറ്റർ മഴ ഇവിടെ ലഭിക്കുന്നു. പൊതു ജലസേചനത്തിന് ഉപയോഗിക്കുന്ന68കിണറുകളും പഞ്ചായത്തിലുണ്ട് കല്ലട ഇറിഗേഷൻ പ്രോജക്ടിന്റെ ഭാഗമായി 6370 മീറ്റർ ജലസേചന കനാലുണ്ട്.

പട്ടിക 4

കനാൽ (CESS REPORT)

ക്രമനമ്പർ	വാർഡ്	നീളം-മീറ്റർ
1	തേവലപ്പുറംB.	1000 ,,
2	കോട്ടാത്തല	3240 ,,
3	ആനക്കോട്ടൂർ	850 ,,
4	പുല്ലാമല	2080 ,,

5-6

ഗതാഗതം, ഊർജ്ജം, മാർക്കറ്റ്.

ഗതാഗതയോഗ്യമായ റോഡുകളും രൂപപ്പെട്ടുന്നതിലൂടെ ആ പ്രദേശത്തിന്റെ വികസനം സാധ്യമാകുന്നു. ഈ പഞ്ചായത്തിൽ ഇന്നു് നിലവിലുള്ള ഗതാഗത മാർഗ്ഗങ്ങളും റോഡും റയിൽവേയും ആണു്. ഈ രണ്ടു് ഗതാഗതമാർഗ്ഗവും നിലവിൽ ഉണ്ടെങ്കിൽതന്നെയും പ്രധാനമായും റോഡു് ഗതാഗതമാണു് പ്രധാനപങ്കു് വഹിക്കുന്നതു്. പല ജനകീയ മുന്നേറ്റത്തോടു് കൂടിയും KIP NES ബ്ലോക്കു് SCP PWD തുടങ്ങി ഏജൻസികളിലൂടെയും ഉള്ള പ്രവർത്തനത്തിന്റെ ഫലമായി ഇന്നുള്ള റോഡുകളും പലതും ഉണ്ടായി. ഈ പഞ്ചായത്തിന്റെ ഹൃദയഭാഗത്തു് കൂടി ആറര കി.മീ.റോ മീറ്റർ നീളത്തിൽ ജനകീയ പങ്കാളിത്തത്തോടു കൂടി പുത്തൂർ, നെടുവത്തൂർ റോഡും മറ്റു് റോഡുകളും ഉണ്ടായി ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ചു് റോഡു് ഗതാഗതത്തിനു് വളരെ പ്രാധാന്യം അർഹിക്കുന്നു, തെക്കു് കിഴക്കു് പടിഞ്ഞാറായി കൊല്ലം-ചെങ്കോട്ടറോഡും, കിഴക്കു് ഭാഗത്തായി ആയൂർ-വട ആശുപത്രി (പാലുക്കോണം മുകൾ ഭാഗം) റോഡും വടക്കു് ഭാഗത്തായി കൊട്ടാരക്കര പുത്തൂർ ശാസ്താംകോട്ട റോഡും പടിഞ്ഞാറു് ഭാഗത്തായി പുത്തൂർ പവിത്രേശ്വരം ചീരങ്കാവു് റോഡും പഞ്ചായത്തിന്റെ അതിർത്തി നിർണ്ണയിക്കുന്നു.

പഞ്ചായത്തിലെ ഗതാഗത യോഗ്യമായ ആകെ റോഡുകളുടെ നീളം 111.963½ കി: മീ. ആണു്. ആകെ ടാർ ചെയ്ത റോഡുകളുടെ നീളം 17.7 കി മീ ആണു്. മെറ്റൽ ചെയ്ത റോഡുകളുടെ നീളം 6 കി. മീറ്ററും ആണു്.

പഞ്ചായത്തിലെ മൊത്തം ജനസംഖ്യയും ടാർ ചെയ്ത റോഡിന്റെ നീളവും കൂടി കണക്കാക്കുമ്പോൾ 1510 പേർക്കു് ഒരു കി മീ ടാറിട്ട റോഡു് മാത്രമാണുള്ളതു്. കൊല്ലം-ചെങ്കോട്ടറോഡിൽ 120ൽ അധികം ബസ്സും നെടുവത്തൂർ പുത്തൂർ റൂട്ടിൽ നാല്പ് ബസ്സും പുത്തൂർ-മാറനാട് റൂട്ടിൽ അഞ്ചു് ബസ്സുകളും കൊട്ടാരക്കര ചിറ്റാക്കോട് രണ്ടു് ബസ്സും കൊട്ടാരക്കര-നീലേശ്വരം വഴി അമ്പലപ്പുറം റൂട്ടിൽ അഞ്ചു് ബസ്സുകളും ഓടിക്കുന്നു് ടെംബോ, ട്രക്കർ, ഓട്ടോ റിക്ഷകളും സർവ്വീസു് നടത്തുന്നു.

പഞ്ചായത്തിൽ നിലവിലുള്ള റോഡുകളുടെ പൊതുവിവരപട്ടിക താഴെ ചേർക്കുന്നു.

ക്രമ നമ്പർ	ടാർ ചെയ്ത റോഡുകളും റോഡിന്റെ പേരും	ഉടമസ്ഥത	ദൂരം കി:മീ	വീതി മീ	ബസ്സു്/മാർക്കറ്റു് സൗകര്യം
1	പുല്ലുമല, പകുതിപ്പാറ	പഞ്ചായത്തു്	8	7	ഉണ്ടു്
2	നെടുവത്തൂർ-പുത്തൂർ	PWD	6½	7	ഉണ്ടു്
3	പുത്തൂർ. മാറനാടു്	PWD	2	8	ഉണ്ടു്
4	താമരശ്ശേരി-അമ്പല: കുരിശടി QS	PWD	2	10	ഉണ്ടു്
5	കിള്ളൂർ-ഇലഞ്ഞിക്കോടു്	PWD	2½	7	ഉണ്ടു്
6	ആലുംകുന്നുംപുറം-കോമളംമുക്കു്	പഞ്ചായത്തു്	1.8	7	ഇല്ല
7	പാറയിൽമുക്കു്-ആലിൻകുന്നുംപുറം	ടി	3½	7	ഇല്ല
8	പണയിൽ പാറയിൽ	ടി	3	8	ഇല്ല
9	ചുങ്കത്തറ-ശാസ്താംകാവു്	ടി	3	7	ഇല്ല
10	അവണൂർ-വല്ലം	ടി	1½	7	ഇല്ല

നിലവിലുള്ള റോഡുകളുടെ സ്ഥിതി പരിശോധിച്ചാൽ വളരെ ശോചനീയമാണു്. കാലാകാലങ്ങളിൽ അറ്റകുറ്റപ്പണികളും നടക്കുന്നില്ല. ഓടകളും കലുങ്കുകളും എന്നിവയുടെ അഭാവങ്ങളും ഇതിനു കാരണമായി കാണുന്നു.

പ്രശ്നങ്ങൾ

നിലവിൽ വാർഡുകളിൽ വേണ്ടത്ര റോഡു് സൗകര്യം ഇല്ല. നിലവിലുള്ള റോഡുകളുടെ ഗുണനിലവാരം വളരെ മോശമാണു്. ഓട, കലുങ്കു് എന്നിവയുടെ അഭാവമാണു് നിലവിലുള്ളതു്. മികച്ചയാത്രാസൗകര്യത്തിനു് അനുയോജ്യമായി റോഡുകളും മെച്ചപ്പെടുത്തുക. നിലവിലുള്ള റോഡുകളുടെ വീതികുറവു് പാർശ്വങ്ങളിൽ നടപ്പാത ഇല്ലായ്മ എന്നിവ റോഡുകളുടെ പ്രശ്നങ്ങളിൽ പ്രധാനപ്പെട്ടവയാണു്.

നിലവിലുള്ള റോഡുകളും വികസനവും

പുതിയ റോഡുകളും

1. മാധവശ്ശേരി, കല്ലേലിമുക്കു്റോഡു്
2. പുത്തൂർ പാലിൽമുക്കു്

000046

1 തണ്ടാനമുക്ക്-കാരായിക്കോട്ട് വടുതാനംവഴി കരുവായത്തുട് ജംഗ്ഷൻ

2 ചരുവിൽമോഗം ആലുംകുന്നുംപുറം ഇളം ചിറ വഴി ആനക്കോട്ടൂർ എൽ പി എസ് ജംഗ്ഷൻവരെ

3 പണയിൽ ജംഗ്ഷൻ പാറയിൽമുക്ക്റോഡും

4 കോമള ജംഗ്ഷൻ പുല്ലൂർജംഗ്ഷൻ മാറനാട് എഴകോൺ റോഡും

5 കൊല്ലക്കര റോഡു-വല്ലംക്ഷേത്രം കണിയാം മുക്ക് ആനക്കോട്ടൂർ കരയോഗമന്ദിരംറോഡും

6 തെങ്ങുവിള ജെ റ്റി എസ് റോഡും

7 അവണൂർ-വല്ലം കുറുൻചിറ ജംഗ്ഷൻ റോഡും

8 ആനക്കോട്ടൂർ എൽ പി എസ് ഇളംചിറ ജംഗ്ഷൻ - ആലുംകുന്നുംപുറം റോഡ്

9 ഇഴക്കാല വിളയിൽഴികത്ത് ജംഗ്ഷൻ മുക്കോണിമുക്ക്റോഡ്

10 ദേവിവിലാസം സ്കൂൾജംഗ്ഷൻ നെല്ലിവിള, കോലേലിവിള, പൂന്തോട്ടംമുക്ക്റോഡ്

11 പുളിവിള ജംഗ്ഷൻ ഭൂതനാഥക്ഷേത്രം ആലുംകുന്നുംപുറം റോഡും

12 ആനക്കോട്ടൂർ എൽ പി എസ്ആനയം ഹരിജൻ കോളനിറോഡ്

പഞ്ചായത്തിൽ പുതിയതായി ഉണ്ടാകേണ്ടുന്ന റോഡുകളും നിലവിൽ ഉള്ളവയുടെ വികസനവും കാണിക്കുന്നതായ പട്ടിക താഴെ കാണിച്ചിരിക്കുന്നു.

1 മാധവശ്ശേരി-കല്ലേലിമുക്ക്റോഡും

2 പണയിൽറോഡ്-പാറയിൽമുക്ക്റോഡ്

3 കോമളൻജംഗ്ഷൻപുല്ലൂർജംഗ്ഷൻമാറനാട് എഴകോൺറോഡ് (മാറനാട് ഭാഗംവരെ)

4 കൊല്ലക്കരെട്ട് വല്ലം ജംഗ്ഷൻ കണിയാൻ മുക്ക് ആനക്കോട്ടൂർ കരയോഗംജംഗ്ഷൻ റോഡ്

5 പുത്തൂർ ചാലിൽമുക്ക് കാരായിക്കോട്ട് വഴുതാനംപുഴി കരുവായിത്തു ജംഗ്ഷൻ ചരുവിൽ ഭാഗം ആലിൻകുന്നുംപുറംവഴിഇളംചിറ ആനക്കോട്ടൂർ എൽ പി എസ് ജംഗഷൻറോഡ്

6 തെങ്ങുവിള JTS റോഡ്

7 അവണൂർ-കുമ്മൽചിറ ജംഗ്ഷൻറോഡ്

8 ഇഴക്കാല വിളയിൽഴികത്ത് ജംഗ്ഷൻ മുക്കോണിമുക്ക്റോഡ്

1 ചാലിൽമുക്ക് കളത്തര LPS റോഡ്

2 മണ്ണംത്തറ

3 ചാലിൽമുക്ക് വല്ലവൻക്കരവഴി കോട്ടാടി ജംഗ്ഷൻ

4 കരുചോലിൽ-കാരായിക്കോട്ട് റോഡ്

5 കാഞ്ഞിലഴികം ജംഗ്ഷൻ മുതൽ കാരായിക്കോണം ഹരിജൻകോളനി (പെവിട്ടഴി) റോഡ്

6 പുളിമുക്ക് ചങ്കത്തറ റോഡ് കുരിശിൻമൂട് ജംഗ്ഷൻ പുളിമുക്ക് റോഡ്

7 കിണറുവിള ജംഗ്ഷൻ ചൂണ്ടാലിൽക്ഷേത്രം റോഡ്

8 മിനിമുക്ക് വല്ലഭൻകര എൽപിറോഡ്

9 പവിത്രേശ്വരം മുണ്ട്വിള കൊഴക്കാട്റോഡും

10 കല്ലേലിമുക്ക് തൃമൂർത്തിക്ഷേത്രംറോഡ്

11 മാമ്പ്രപാലം ശാസ്താംക്കാവ് റോഡ്

12 പടിഞ്ഞാറിൻകര വടക്കേക്കരറോഡ്

13 വടക്കേവീട് കുട്ടൻറഴികത്ത്റോഡ്

14 പ്ലാവിള ഇടത്തറ റോഡ് പോങ്ങോട്ട ജംഗ്ഷൻ തൃമൂർത്തിക്ഷേത്ര റോഡ്

16 വഴുതാനം കരുവായ് റോഡ്

17 പുന്നത്താലം തലക്കൽ റോഡ്

18 താമരംചിറ വലിയവിളറോഡ്

19 മുട്ടമ്പലംജംഗ്ഷൻ പുളിത്തറ എലാ പുടല കുന്നുംപുറംവഴി പുല്ലൂർ എലാവഴി പാറയിൽ ജംഗ്ഷൻറോഡ്

20 തേവലപ്പുറം പ്രാഥമിക ആരോഗ്യകേന്ദ്രം തെറ്റിക്കഴിവരെ

21 മുട്ടമ്പലം ജംഗ്ഷൻ തെക്കേചെരിവ്റോഡ്

22 മനക്കരക്കാവ് കുറിക്കാട് റോഡ്

23 മുട്ടമ്പലം തെക്കേചെരിവ് റോഡ്

24 പാറയിൽ ജംഗ്ഷൻ തെക്കേചെരിവ്റോഡ്

25 പാറയിൽ ജംഗ ഷൻ പേരൂർമുക്ക്റോഡ്

26 പാലവിളജംഗ്ഷൻ-പുളിയത്തറ റോഡും

27 കാഞ്ഞിരംവിളമുക്ക മുതൽ വെണ്മണ്ണൂർഎലാ

28 വഞ്ചിമുക്ക് മൂർത്തിക്കാവ്റോഡ്

29 പണയിൽ പാറയിൽമുക്ക്റോഡ്

30 മൂർത്തിക്കാവ് മനക്കരക്കാവ്റോഡും

31 അവണൂർ കല്ലടറോഡ്

32 വല്ലം ചക്കപുരറോഡ്

33 മരുതൂർ പറമ്പിൽവയൽറോഡ്

34 മരുതൂർ മലയിൽപാററോഡ്

35 കാരാമിക്കോട് വല്ലം ചരിപ്പുറത്തു

36 എം എൽ എ റോഡ്

37 പാലത്തടം ഏറത്തുറോഡ്

38 എം എൽ എ റോഡ് ഭ്രാന്താൻക്ഷേത്രംറോ.

39 തലയിണവിളമുക്ക് ആലുംകുന്നുംപുറംറോഡ്

000047

40 കോഴിക്കുന്നത്തു് സൊസൈറ്റിറോഡ്
41 ചാക്കയിൽ ഭാഗം കല്ലുംമുറിഞ്ഞകാല
42 സുരേന്ദ്രസ്മാരക വായനശാലചെമ്പട്ടു്ഏല
43 വല്ലം കുമ്പാലൂർ ആനക്കോട്ടൂർറോഡ്
44 ചക്കപുരജംഗ്ഷൻ-വല്ലം ക്ഷേത്രം
45 പാട്ടത്തിൽ ജംഗ്ഷൻ മലമുകളിൽറോഡു്
46 ചാപ്പോക്കിൽ മൈലം ഏലാ റോഡ്
47 ഹരിജൻ ബാലവാടി-കൊല്ലാക്കരറോഡ്
48 തറവയിൽഭാഗം വടക്കേക്കരഭാഗം
49 മാന്നാറകുളം പഞ്ചായത്തു്റോഡ്
50 വല്ലംസ്ക്കൂൾജംഗ്ഷൻ ആശ്രമംവഴി മാന്നാറകുളം
51 മണിക്കോലിൽഭാഗം അവണൂർറോഡ്
52 ഊരക്കുളം റോഡ്
53 ആനക്കോട്ടൂർ എൻ എസ്എസ് കരയോഗം പനന്തോട്ടം കോളനിറോഡു്
54 കണിയാംമുക്കു് ചിറയിൽഅമ്പലം ജം;
55 കുറിക്കാട്ടു് കണ്ണംപള്ളിഭാഗംറോഡ്
56 പൂങ്ങോട്ടുകോളനി വല്ലംസ്ക്കൂൾറോഡ്
57 വടക്കേക്കര ജം: മാടൻനട കുറവുകോണം കോളനി റോഡ്
58 4 സെൻറ്കോളനി പോങ്ങരത്തുവഴി ആനക്കോട്ടൂർ റോഡ്
59 മങ്കാലജംഗ്: കുറവൻചിററോഡ് (MLA)
60 എള്ളുവിള ജം: കരിപ്പൂർ ഏലാറോഡ്
61 പട്ടാഴിവിള പേഴുംകാലറോഡു്
62 ഭരണിക്കാവുവിള ഇടക്കടമ്പാട്ടു ഏലാ റോ:
63 പോങ്ങുമേക്കാവു് പുളിന്താനം ജം: റോഡ്
64 മുണ്ടപാറ ജം: പുല്ലാമല PHC റോഡ്
65 ആനക്കോട്ടൂർ ഹരിജൻ കോളനി ചണ്ണക്കപ്പാറകോളനി റോഡു്
66 ആനയംഹരിജൻകോളനി ആനക്കോട്ടൂർ ഹരിജൻകോളനിറോഡ്
67 കുളങ്ങറ ജം: കൊറവണം സെറ്റിൽ മെൻറ് കോളനിറോഡ്
68 പുളിവിള ജം: ഭ്രതനാഥക്ഷേത്രംവഴി ആലുംകുന്നുംപുറംറോഡ്
69 പുല്ലാമല ഇലഞ്ഞിക്കോട്ടു് റോഡ്
70 ആനയംകോളനി കിഴക്കേമാറനാട്ടുകോളനി
71 ആനയം മൈലക്കുഴിഭാഗം റോഡ്
72 ആനക്കോട്ടൂർ മുണ്ടപാറ കനാൽറോഡ്
73 NSS ജം: ചാങ്ങോട്ടുവഴി പുല്ലാമലറോഡ്
74 മുരിങ്ങമൂട്ടു് ജം; തെങ്ങുവിള ജം:
75 ചാങ്ങോട്ടുകോണം മൂഴിയിൽ റോഡ്
76 ആനക്കോട്ടൂർ ആലുവിള ജം. കുമ്പാലൂർറോ
77 ടി SNDP ജ: മാടൻനട റോ:
78 വടക്കേക്കര ജം: മഹാദേവർക്ഷേത്രം
79 ആനക്കോട്ടൂർ മുണ്ടപാറ ജം: വയൽവഴി കനാൽ റോ:
80 മണ്ണാർകോട്ടു് കോളനി പാറയിൽ ജം:
81 ഓലിമല രക്ഷാസൈന്യപള്ളി പുറക്കോട്ടഭാഗം
82 ഇലഞ്ഞിക്കോട്ടു് ആനയം പുല്ലാമലവഴി ആലിൻകുന്നിൻപുറം റോ:
83 തടത്തിവിള റോ. പാലമൂട്ടു് വഴി പുല്ലാമല ലക്ഷംവീട്ടു് റോ.
84 പുല്ലാമല ലക്ഷംവീട്ടു് മാറനാടു് റോ
85 പുല്ലാമല ക്ഷേത്രം പുത്തൻപുരഭാഗം
86 ഇളംചിറഭാഗം ആലിൻകുന്നിൻപുറം
87 പുല്ലാമല സ്ക്കൂൾ ജം. പുല്ലൂർ ജം.
88 എലിപ്പാറ കുഴിഞ്ഞവിളവഴി ചിറയിൽ ജം.
89 പുല്ലാമല അമ്പലം ജംഗ്ഷനിൽനിന്നും മുകൾഭാഗം റോഡ്
90 കുഴുക്കാട്ടുഭാഗം പുല്ലാമല കനാൽറോഡ്
91 പാറയിൽജം: കൃഷ്ണൻചിററോഡ്
92 കൃഷ്ണൻചിറക്ഷേത്രം കിഴക്കേമാറനാട്ടു്
93 പുല്ലാമല ആശുപത്രി പുരയ്ക്കോട്ടുഭാഗംവഴി ആനയം റോഡ്
94 തെക്കേക്കര ഭാഗം കുളക്കോട്ടഭാഗംവഴി ഡിസ്ക്കറു് പാറ റോഡ്
95 പനവിള ജം അഴകത്തുഭാഗംവഴി 4 സെൻറ് കോളനി
96 ആലിൻകുന്നുംപുറം ഹരിജൻകോളനി പനച്ചിക്കുഴി ഭാഗം വഴി ഓലിമല റോഡു്
97 കിള്ളൂർ ആനയം റോഡു്
98 പൂന്തോട്ടം കൃഷിഭവൻ റോഡ്
99 കുരോംവിള എലിമുള്ളിൽറോഡ്
100 തെങ്ങുംവിളജംഗ്ഷൻ-കുരോംവിള ജംഗ്ഷൻ റോഡ്
101 വിളയിലഴികം ജംഗ്ഷൻ-ആനയം റോഡ്
102 അമ്പലത്തുംകാല-വഴീക്കോണം റോഡ്
103 അമ്പലത്തുംകാല പ്രിയദർശിനിറോഡ്
104 വെൺമണ്ണൂർ നെടുവത്തൂർ വാർഡിനെ ബന്ധിപ്പിക്കുന്ന പൂവൻപൊയ്കറോഡ്
105 ആയുർവ്വേദ ആശുപത്രി-ഹരിജൻകോളനി
106 വില്ലേജാഫീസ്-ഫാക്കറി ജംഗംഷൻ
107 നീലേശ്വരം താമരശ്ശേരി ജംഗ്ഷൻ
108 തൂവല്ലൂർ അന്നൂർ റോഡ്

000048

110 ലക്ഷ-വീട്-നെട്ടാണിറോഡ്
111 കൊത്തമ്പിൽ തെക്കേക്കര-നാടല്ലൂർ റോഡ്
112 മുക്കോണിമുക്ക്-വൻവള്ളൂർവരമ്പ് റോഡ്
113 അന്നൂർ ജംഗ്ഷൻ-ഏലാറോഡ്-
ഇടവഴിവിളറോഡ്
114 ആശാരിമേലതിൽ-ഈലിയോട് റോഡ്
115 അന്നൂർ സ്കൂൾ ജംഗ്ഷൻ-
പടിഞ്ഞാറെ ഏലാവഴി-ആശാരിമുകൾ-
ഈലിയോട് റോഡ്

ഊർജ്ജം

ഒരു പ്രദേശത്തിന്റെ പുരോഗതികണക്കാക്കുന്നത് ആ പ്രദേശത്ത് ഉപയോഗിക്കുന്ന ഊർജ്ജത്തിന്റെ ഉപയോഗം കണക്കാക്കിയാണ് ഊർജ്ജത്തിന്റെ ഉപയോഗത്തിൽ നമ്മുടെ പഞ്ചായത്ത് വളരെ പിന്നിലാണ്. ഗാർഹികം, കാർഷികം വാണിജ്യം, വ്യവസായം എന്നിങ്ങനെ നാല് മേഖലകളിലായി പഞ്ചായത്തിലെ ഇന്ധനഉപയോഗത്തെ തരംതിരിക്കാം. ഇതിൽ പ്രധാനമായി ഗാർഹിക ആവശ്യത്തിനായി ഉപയോഗിക്കുന്ന ഊർജ്ജസ്രോതസ്സാണ് നിലവിൽ ഉള്ളത്. പഞ്ചായത്തിലെ വീടുകളിൽ ഏറിയ പങ്കും പാചകത്തിനു വിറകും തെങ്ങ് ഉല്പന്നങ്ങളും ഉപയോഗിക്കുന്നു. നിലവിൽ 8% കുടുംബങ്ങൾ മാത്രമേ ഗ്യാസ്സ് കണക്ഷൻ ലഭിച്ചിട്ടുള്ള മണ്ണെണ്ണസ്റ്റൗ ഉപയോഗിക്കുന്ന കുടുംബങ്ങൾ 30 ശതമാനവും. ഗോവർഗ്യാസ് ഉപയോഗിക്കുന്ന കുടുംബങ്ങൾ 5ശതമാനവും ഇലക്ട്രിക്ഹീറ്റർ ഉപയോഗിക്കുന്നവർ 6 ശതമാനവും ബാക്കിവരുന്ന 51 ശതമാനം കുടുംബങ്ങളും വിറക്, തെങ്ങ്ഉല്പന്നങ്ങളും ഇന്ധനമായി ഉപയോഗിക്കുന്നു. വാണിജ്യവ്യവസായ, കാർഷിക മേഖലകളിലെ ഊർജ്ജത്തിന്റെ ഉപയോഗം വളരെ നാമമാത്രമാണ്

ഏകദേശം 15 കിലോമീറ്റർ നീളത്തിൽ ത്രീഫെയിസ ലൈനുകളും 85 കിലോമീറ്റർ നീളത്തിൽ സിംഗിൾ ഫെയിസുകളും ഉണ്ട്. പഞ്ചായത്തിൽ 28 ട്യൂബുകളടക്കം 860 സ്ട്രീറ്റ്ലൈറ്റുകളും മാത്രമാണ് നിലവിലുള്ളത്

പഞ്ചായത്തുപ്രദേശത്ത് ഉള്ള ട്രാൻസ്ഫോമറുകളുടെ വിവരണം പട്ടികയിൽ പെടുത്തിയിരിക്കുന്നു

വാർഡ് നമ്പർ	കപ്പാസിറ്റി	പേര്	നമ്പർ
II	66 KV	തേവലപ്പുറം	1
III	66 KV	കൊളത്തോടി	1
V	66 KV	വല്ലം	2
VI	66 KV	പനന്തോട്ടം	1
VII	66 KV	ആനക്കോട്ടൂർ	2
IX	66 KV	കിള്ളൂർ	1
X	66 KV	നെടുവത്തൂർ	1
XI		അന്നൂർ	3

പഞ്ചായത്തിലെ മൊത്തം 1583 വീടുകളും മാത്രമേ വൈദ്യുതീകരിക്കുകയും 4026 കുടുംബങ്ങളും ഇപ്പോഴും മണ്ണെണ്ണയെ ആശ്രയിച്ചു കഴിയുന്നു

പഞ്ചായത്തിൽ നിലവിലുള്ള വൈദ്യുതി സംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ ചേർക്കുന്നു.

ഗാർഹികം	1583
വ്യാപാരം	67
വ്യാവസായികം	42
കാർഷികം	10
സ്ട്രീറ്റ്ലൈറ്റുകൾ:	
ലാംബ്	831
ട്യൂബ്	28

പഞ്ചായത്തിൽ 12 ഹരിജൻ സെറ്റിൽമെന്റ് കോളനികൾ നിലവിലുണ്ട്. ഏകദേശം 300 ൽ പരം കുടുംബങ്ങൾ ഈ കോളനികളിലായി താമസിക്കുന്നു ഹരിജൻ കോളനികളിലെ വൈദ്യുതീകരണംസംബന്ധിച്ച വിവരങ്ങൾ പട്ടികയിൽ കാണിക്കുന്നു

വാർസ് നമ്പർ	കോളനികളുടെ പേര്	വൈദ്യുതി കണക്ഷൻ ലഭിച്ച കുടുംബങ്ങൾ
III	കൊളത്തോടി	20
V	വല്ലം ഹരിജൻ കോളനി	42
VI	പനന്തോട്ടം	40
VIII	ആനക്കോട്ടൂർ	14
VIII	ആനയം	16
X	ചാലൂക്കോണം	39
XI	കൊത്തമ്പിൽ	20

മെച്ചപ്പെട്ട അടുപ്പുകൾ, ബയോഗ്യാസ് അടുപ്പുകളും വിളക്കുകളും, സോളാർ വിളക്കുകൾ, കോമ്പാക്ട്, ഫ്ളൂറസെന്റ്ലാമ്പുകൾ, ട്യൂബ്ലൈറ്റിന്റെ ഇലക്ട്രോണിക്ചോക്കുകൾ എന്നീ മെച്ചപ്പെട്ടഉപകരണങ്ങൾ, അനർട്ട്, ഖാദിബോർഡ് എന്നീ സ്ഥാപനങ്ങൾവഴി ലഭ്യമാക്കുവഴി ഊർജ്ജപ്രതിസന്ധി പരിഹരിക്കാം. വൈദ്യുതി എത്താത്ത നിരവധി പ്രദേശങ്ങൾ ഈ പഞ്ചായത്തിന്റെ 11 വാർഡുകളിലുമുണ്ട്. ഈ പ്രദേശങ്ങൾ സർവ്വേയിലൂടെ കണ്ടെത്തി വൈദ്യുതി എത്തിക്കുന്ന സംവിധാനം ഉണ്ടാക്കുകയും ട്രാൻസ്ഫോമറുകൾ സ്ഥാപിക്കുകയുംചെയ്താൽ നന്നായിരിക്കും

000049

000050

5-7

പാർപ്പിടവും സാമൂഹ്യ ക്ഷേമവും

നെടുവത്തൂർ പുത്തൂർ എന്നീ വില്ലേജുകളും ചേർന്നതാണ് ഈ പഞ്ചായത്ത്. കശുവണ്ടിതൊഴിലാളികളും കർഷകതൊഴിലാളികളും തിങ്ങിപാർക്കുന്ന ഈ വാർഡിൽ ഭവന രഹിത കുടുംബങ്ങളുടെ ബാഹുല്യം ഒരു പ്രശ്നമായി തീർന്നിരിക്കുകയാണ്. ഭൂപ്രകൃതിയുടെ പ്രത്യേകതയനുസരിച്ച് കുന്നുകളും പാറക്കെട്ടുകളും വളരെ കൂടുതലുള്ള ഈ പഞ്ചായത്തിൽ ഭവന നിർമ്മാണച്ചിലവ് സാധാരണക്കാരനു താങ്ങാവുന്നതിലും ഏറെയാണ്. ഭവനനിർമ്മാണ സാമഗ്രികളും പണിസ്ഥലത്തു് എത്തിക്കുന്നതിനു ഗതാഗത സൗകര്യങ്ങളുടെ അഭാവം ഈ രംഗത്തു് പ്രതിസന്ധി സൃഷ്ടിക്കുന്നു.

പഞ്ചായത്തിലെ 4538 വീടുകളിൽ 1156 വീടുകളും ഭേദപ്പെട്ടതും 2036 വീടുകളും ഇടത്തരവും 1346 വീടുകളും കുടിലുകളോ ഓലമേഞ്ഞതോ ആയിട്ടുള്ളവയാണ്. IAY JRY രാജീവ് ദശലക്ഷ പാർപ്പിടപദ്ധതി, പുനരധിവാസ ഭവനനിർമ്മാണ പദ്ധതി, പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമവകുപ്പ് എന്നീ വിവിധ ഏജൻസികളിലൂടെ നടപ്പാക്കിയിട്ടുള്ള ഭവന നിർമ്മാണ പദ്ധതികളിലൂടെ 254 കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനുവേണ്ടി സൗജന്യങ്ങളും വായ്പകളും ലഭിച്ചിട്ടുണ്ടെങ്കിലും മുകളിൽ സൂചിപ്പിച്ച എണ്ണം കുടുംബങ്ങൾക്ക് വാസയോഗ്യമായ ഭവനങ്ങൾ ഉണ്ടാകേണ്ടതായിരിക്കുന്നു.

നിലം നികത്തി ഭവനനിർമ്മാണം നടത്തുന്ന പ്രവണത ചെറിയ തോതിലെങ്കിലും ആരംഭിച്ചിട്ടുള്ളതു് നിരുത്സാഹപ്പെടുത്തേണ്ടതാണ്. പട്ടികജാതിവർഗ്ഗത്തിൽപ്പെട്ട ദുർബല കുടുംബങ്ങൾക്കാണ് ഭവന നിർമ്മാണത്തിനു സഹായങ്ങൾ ലഭ്യമാകേണ്ടിയിരിക്കുന്നതു്. ഭവനനിർമ്മാണ രംഗത്തു പ്രവൃത്തിക്കുന്ന ധനകാര്യ സ്ഥാപനങ്ങൾ ഇവിടെ നിലവിലില്ല. ദേശസാൽകൃത ബാങ്കുകൾ ഇല്ലാത്തതും, സഹകരണ ബാങ്കുകളുടെ കഴിവില്ലായ്മയും വായ്പാരംഗത്തു കൂടി ഭവനനിർമ്മാണം അസാധ്യമാക്കുന്നു. ചിലവു കുറഞ്ഞ ഭവനനിർമ്മാണത്തിനുള്ള സാങ്കേതികമായ അജ്ഞത ഭവനനിർമ്മാണ ചിലവു് വർദ്ധിപ്പിക്കുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം ഈ പഞ്ചായത്തിൽ ഒരു പ്രശ്നമായികൊണ്ടിരിക്കയാണ്. ദുരിതരായ ദുർബല കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിനു ധനസഹായം നൽകുന്ന കാര്യത്തിൽ വിവിധ ഏജൻസികളും ധനകാര്യ സ്ഥാപനങ്ങളും വിമുഖതകാട്ടുന്നു. നിലവിലുള്ള ലക്ഷംവീടു് കോളനികളിലെ കെട്ടിടങ്ങളും പലതും വാസയോഗ്യമല്ലാത്ത നിലയിൽ കേടുപാടുകളും സംഭവിച്ചുകൊണ്ടിരിക്കുന്നു. ഇതു് ലക്ഷംവീടു് നിവാസികളുടെ ആത്മവീര്യം ചോർത്തുന്നു. കെട്ടിട നിർമ്മാണ സാമഗ്രികളായ, ഇഷ്ടിക, സിമൻറ്, കമ്പി, തടി, ഓട്, മണൽ, പാറ എന്നിവയുടെ അമിതമായ വിലവർദ്ധനവു് മൂലം സാധാരണക്കാരനു് വീടു് ഒരു സ്വപ്നമായി അവശേഷിക്കുന്നു. കൂടാതെ വിദഗ്ധ തൊഴിലാളികളുടെ അഭാവം, അവിദഗ്ധ തൊഴിലാളികളുടെ കൂലിവർദ്ധനവു് സാധനങ്ങളുടെ വിലക്കുറ്റൽ ഇവയും കെട്ടിട നിർമ്മാണ രംഗത്തു് സാധാരണക്കാരനു് ഭീഷണിയുയർത്തുന്ന ഘടകങ്ങളാണ്.

പാർപ്പിട നിർമ്മാണ രംഗത്തെ സങ്കീർണ്ണമായ പ്രശ്നങ്ങളുടെ പരിഹാരത്തിനു താഴെപറയുന്ന നിർദ്ദേശങ്ങളാണുള്ളതു്.

പരിഹാരനിർദ്ദേശങ്ങൾ

ദുർഘടപ്രദേശങ്ങളിൽ ഭവനനിർമ്മാണത്തിനു ധനസഹായം നൽകുന്ന കുടുംബങ്ങൾക്കു് നിർമ്മാണ ചിലവിലുണ്ടാകുന്ന വർദ്ധനവുകൂടി കണക്കിലെടുത്തു് ധനസഹായത്തോതു് വർദ്ധിപ്പിക്കേണ്ടതാണ്.

ദാരിദ്ര്യ രേഖയ്ക്കു താഴെ അധിവസിക്കുന്ന ഭവന രഹിതരായ എല്ലാ കുടുംബങ്ങൾക്കും ധനസഹായവും വായ്പയും ലഭ്യമാക്കേണ്ടതാണ്.

നിലം നികത്തി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനെതിരെ വ്യാപകമായ തോതിൽ ബോധവൽക്കരണം നടത്തേണ്ടതാണ്. കൂടാതെ കുന്നുകളും, പാറക്കെട്ടുകളും നിറഞ്ഞ പ്രദേശങ്ങൾ ആധുനിക യന്ത്രോപകരണങ്ങളുടെ സഹായത്തോടെ നിരപ്പു പ്രദേശങ്ങളാക്കി മാറ്റി കെട്ടിടനിർമ്മാണത്തിനു് അനുയോജ്യമാക്കി തീർക്കേണ്ടതാണ്.

പഞ്ചായത്തുതലത്തിൽ ഒരു ഹൗസിംഗ് സൊസൈറ്റി രൂപീകരിച്ച് വായ്പ, വ്യവസ്ഥകളും ഉദാരവും ലളിതവുമാക്കി ഭവനനിർമ്മാണ വായ്പാ രംഗത്തേക്ക് സാധാരണക്കാരെ ആകർഷിക്കാവുന്നതാണ്

പഞ്ചായത്തുതലത്തിൽ ഒരു ഭവന നിർമ്മാണ സഹായ നിധി രൂപീകരിക്കേണ്ടതാണ്. അഞ്ചു് ലക്ഷം രൂപയിൽ കവിഞ്ഞ് നിർമ്മാണ ചിലവു് വന്നിട്ടുള്ള വീടുകൾക്ക് അധികം വരുന്ന തുകയ്ക്ക് പത്തു ശതമാനമെന്ന തോതിൽ സംഭാവന സ്വീ

കരീച്ചും വിദേശമലയാളികളിൻ നിന്നും സംഭാവന സ്വീകരിച്ച് ഈ നിധിയിലേക്ക് ധനം സമ്പാദിക്കാവുന്നതാണ്.

നിലവിലുള്ള വീടുകളുടെ അറ്റകുറ്റപണികളും നിർവ്വഹിക്കുന്നതിനു പ്രസ്തുത ആവശ്യങ്ങൾക്ക് ചിലവാകുന്ന തുകയുടെ 50% ഗുണഭോക്താവിന്റെ വിഹിതമായും ബാക്കി 50% ഏതെങ്കിലും ഏജൻസികളിലൂടെയും ലഭ്യമാക്കണം.

എല്ലാ വാർഡുകളിൽ നിന്നും കുറഞ്ഞത് പത്തു പേരെ വീതം തിരഞ്ഞെടുത്ത് ചിലവ് കുറഞ്ഞ ഭവന നിർമ്മാണത്തിനുള്ള പരിശീലനം നൽകേണ്ടതാണ്.

പഞ്ചായത്തിന്റെ രണ്ട് ഭാഗങ്ങളിലായി രണ്ട് ഹോളോ ബ്രിക്സ് കമ്പനികളും പഞ്ചായത്തിന്റെ അധീനതയിൽ തുടങ്ങാവുന്നതാണ്. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ ഓഹരി പങ്കാളിത്തത്തോടു കൂടി ഇതിന്റെ വിഭവം കണ്ടെത്താവുന്നതാണ്.

രാസപ്രക്രിയയിലൂടെ Soft Wood നെ Hard Wood ആക്കി ഭവന നിർമ്മാണത്തിനാവശ്യമായ തടിയുടെ നിലവിലുള്ള ക്ഷാമം പരിഹരിക്കാം.

പട്ടികജാതിക്കാരും മതപരിവർത്തനം നടത്തിയ ആളുകളും തിങ്ങിപാർക്കുന്ന മേഖലകളിൽ ഹൗസിംഗ് കോമ്പ്ലക്സുകളും, ഫ്ലാറ്റുകളും, ഇവ പരീക്ഷിക്കാവുന്നതാണ് വിവിധ വകുപ്പുകളും വഴിയുള്ള ഹൗസിംഗ് പദ്ധതികളും ഏകീകരിച്ച് പ്രത്യേക വകുപ്പ് രൂപീകരിക്കണം.

സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമ രംഗത്ത് ഗ്രാമവികസന വകുപ്പ് വഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളും കേന്ദ്രസംസ്ഥാന ഗവൺമെന്റുകളുടെ സഹായത്തോടുകൂടി നടപ്പാക്കുന്ന പദ്ധതികളും കൂടാതെ റവന്യൂ വകുപ്പുകൾ വഴി വിതരണം ചെയ്യുന്ന വിവിധ പെൻഷനുകളും സാമൂഹ്യക്ഷേമ വകുപ്പ് നടപ്പാക്കുന്ന അംഗനവാടികളും ആണ് പ്രധാനമായും ജനങ്ങളാശ്രയിക്കുന്നപദ്ധതികൾ. ഇതിനു പുറമെ പട്ടികജാതി വികസനവകുപ്പിൽ നിന്നും നേരിയ തോതിലുള്ള സഹായങ്ങളും നൽകി വരുന്നു ഗ്രാമവികസന വകുപ്പ് വഴി നടപ്പാക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിൽ പ്രധാനമായിട്ടുള്ളത് പൂർണ്ണമായും കേന്ദ്രാവിഷ്കൃതമായ IRDP തന്നെയാണ്. പരിമിതമായ എണ്ണം കുടുംബങ്ങളെ മാത്രം സഹായിക്കുന്നതു വഴി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള വളരെ കൂടുതൽ കുടുംബങ്ങൾ അഗണ്യകോടിയിലേക്ക് തള്ളപ്പെടുന്നു.

നെടുവത്തൂർ ഗ്രാമപഞ്ചായത്ത്

11. 1 IRDP സർവ്വേ-പ്രകാരം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരുടെ എണ്ണം

വാർഡ് നമ്പർ	സർവ്വേ പ്രകാരം കണ്ടെത്തിയ കുടുംബങ്ങളുടെ എണ്ണം	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ
I	183	10	29	14	183
II	267	09	26	15	267
III	203	05	30	13	203
IV	288	22	25	14	288
V	208	68	35	17	208
VI	212	42	32	17	212
VII	226	46	50	25	226
VIII	173	30	31	11	173
IX	241	35	26	20	241
X	188	43	44	27	188
XI	262	27	44	29	262

000052

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണവും 8-ാം പദ്ധതികാലത്ത് സഹായം ലഭ്യമായ കുടുംബങ്ങളുടെ എണ്ണവും തമ്മിലുള്ള അന്തരം പട്ടികയിൽനിന്നും മനസ്സിലാക്കാം. IRDP നടപ്പാക്കുന്നതിലും ഗുണഭോക്താക്കളെ കണ്ടെത്തുന്നതിലും പോരായ്മകളുണ്ട് എന്ന് പറയാതെ തരമില്ല. IRDP കുടുംബ സർവ്വേ ലിസ്റ്റിൽ അനഹർ കടന്നു കൂടുന്നതുവഴി അർഹർക്ക് ആനുകൂല്യം നിഷേധിക്കപ്പെടുകയോ ആനുകൂല്യം ലഭിക്കുന്നതിന് കാലതാമസം ലഭിക്കുകയോ ചെയ്യപ്പെടുന്നു. വിവിധ ക്ഷേമ പെൻഷനുകളുടെ വിതരണത്തിലും ഇതേ അവസ്ഥ നിലനിൽക്കുന്നു. IRDP യുടെ അനുബന്ധം എന്ന നിലയിൽ നടപ്പാക്കപ്പെടുന്ന DWCRA പദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിൽ തേവലപ്പുറം 2-ാം വാർഡിൽ ഒന്നും VIII-ാം വാർഡിൽ ഒന്നും യൂണിറ്റുകളാണ് പ്രവർത്തിച്ചുവരുന്നു. രണ്ട് യൂണിറ്റുകളും പശുവളർത്തൽ പദ്ധതിക്കു ആകയാൽ DWCRA യുടെ സങ്കൽപം പോലും സാധിത പ്രായമാകുന്നില്ല. IRDP യുടെ തന്നെ മറ്റൊരു അനുബന്ധ പരിപാടിയായ ടൈസും പദ്ധതിയനുസരിച്ച് ഈ പഞ്ചായത്തിൽ 8-ാം പദ്ധതികാലത്ത് 18 യുവതീയുവാക്കൾക്ക് സ്വയം തൊഴിൽ പരിശീലനം നൽകിയതായി കാണുന്നു. എന്നാൽ ഇവരിൽ ആരുംതന്നെ പരിശീലനം സിദ്ധിച്ച വിഷയങ്ങളിൽ സ്വയം തൊഴിൽ കണ്ടെത്തിയിട്ടുള്ളതായി കാണുന്നില്ല. IRDP സർവ്വേ പ്രകാരം സാനിട്ടറി കക്കൂസുകളും ഇല്ലാത്ത 1623 വീടുകളും നിലനിൽക്കുമ്പോൾ 8-ാം പദ്ധതിക്കാലത്ത് വിവിധ പദ്ധതികളിലായി 307 കുടുംബങ്ങൾക്ക് മാത്രം കക്കൂസ് പണിയുന്നതിന് സഹായം നൽകാൻ കഴിഞ്ഞിട്ടുള്ളൂ.

റവന്യൂ വകുപ്പ് വഴിവിതരണം ചെയ്യുന്ന വിവിധ പെൻഷനുകളും സംബന്ധിച്ച വിവരങ്ങളും (ഈ പഞ്ചായത്തിനു) താഴെ പട്ടികപ്പെടുത്തുന്നു.

നെടുവത്തൂർ പഞ്ചായത്ത്

2 5 പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ

വില്ലേജ്	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർദ്ധക്യ പെൻഷൻ	അവശ കലാകാരന്മാർ	കായിക	ക്ഷയ രോഗം	കാൻസർ	കർഷക തൊഴിലാളി	വേതനം തൊഴിലാളി
നെടുവത്തൂർ	185	75	250	1		15		120	850
പുത്തൂർ	88	62	61		62		29	9	206

അർഹരായ മുഴുവൻ പേർക്കും ആനുകൂല്യങ്ങളും കിട്ടുന്നില്ല എന്നതും അനർഹരായ കുറേ പേർക്കെങ്കിലും ആനുകൂല്യം ലഭിക്കുന്നു എന്നതും നിലവിലുള്ള സംവിധാനത്തിന്റെ പോരായ്മയായി ചൂണ്ടിക്കാണിക്കാവുന്നതാണ്. വികലാംഗത്വം തെളിയിക്കുന്നതിനുള്ള Certificate ലഭിക്കുന്നതിനു വളരെയധികം പരിമിതികളും നിലവിലുള്ളതുകൊണ്ട് അർഹരായ വികലാംഗർക്കെല്ലാം പെൻഷൻ ലഭിക്കുന്നില്ല. കർഷക തൊഴിലാളികളും മൊത്തം ജനസംഖ്യയുടെ ഏതാണ്ട് ഇരുപത്തു ശതമാനത്തോളം വരുമെങ്കിലും 129 പേർക്ക് മാത്രമാണ് ഈ പഞ്ചായത്തിൽ കർഷകതൊഴിലാളി പെൻഷൻ ലഭിക്കുന്നത്. പ്രായപൂർത്തിയായ ആൺമക്കളുണ്ടെങ്കിൽ അഗതിയായ വിധവയ്ക്കുപോലും പെൻഷനുകളും നിഷേധിക്കുന്നു.

തൊഴിലില്ലായ്മ വേതനവിതരണ രംഗത്ത് അർഹർ കടന്നു കൂടുന്നുവെന്നുള്ളതും ഈ സംസ്ഥാനത്തിന്റെ ആകെ കൂടിയുള്ള ഒരു പ്രശ്നം എന്നുള്ളതുപോലെ തന്നെ ഈ പഞ്ചായത്തിലും ഒരു പ്രശ്നമാണ്. തൊഴിലില്ലായ്മ വേതനമായി ഇപ്പോൾ നല്കികൊണ്ടിരിക്കുന്നതുക അപര്യാപ്തമാണ്. യഥാസമയങ്ങളിൽ തൊഴിലില്ലായ്മ വേതനവിതരണം നടത്തുന്നില്ല.

പരിഹാരനിർദ്ദേശങ്ങൾ

IRDP യിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതുമുതൽ പദ്ധതിയുടെ നടത്തിപ്പുവരെ ഉള്ള അവസരങ്ങളിൽ ജനകീയ പങ്കാളിത്വം ഉറപ്പുവരുത്തുക. ഗുണഭോക്തൃ കമ്മറ്റികളും പഞ്ചായത്തുതലത്തിൽ രൂപീകരിക്കുകയും പദ്ധതിയുടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യണം. IRDP list-ൽ അനഹർ കടന്നു കൂടുന്നത് ഒഴിവാക്കുന്നതിനു ഗ്രാമപഞ്ചായത്തു പ്രസിഡൻറ് അതതു പ്രദേശത്തെ Block division മെമ്പർ വാർഡു മെമ്പർ VO സ്ഥലത്തെ സന്നദ്ധ

സംഘടനാ പ്രതിനിധികളും എന്നിവരടങ്ങുന്ന ഒരു കർമ്മസമിതിയെ നിയോഗിക്കാവുന്നതാണ്. ധനകാര്യ സ്ഥാപനങ്ങളും അവയുടെ വായ്പ നിക്ഷേപ അനുപാതം പാലിക്കുന്നതിനു പ്രത്യേക നിർദ്ദേശങ്ങളും നൽകേണ്ടതാണ്. ദാരിദ്ര്യ രേഖയുടെ മാനദണ്ഡമായി നിശ്ചയിക്കപ്പെട്ടിട്ടുള്ള കുടുംബ വരുമാന പരിധി ഇന്നുള്ള പ്രതിനോരായിരം രൂപയിൽ നിന്നും കുറഞ്ഞതു 25000 രൂപയിലേക്കു വർദ്ധിപ്പിക്കണം. IRDP ഉൾപ്പെടെയുള്ള പദ്ധതികളും എടുക്കുന്ന വായ്പകളും കൃത്യമായി തിരിച്ചടയ്ക്കുന്നതിനാവശ്യമായ ബോധവൽക്കരണം നൽകുക.

മഹിളാ സമാജങ്ങളുടെ പ്രവർത്തനം പുനരുജ്ജീവിപ്പിച്ചു വനിതകൾക്കു വിവിധ തൊഴിലുകളിൽ പരിശീലനം നൽകുക. DWCRA യൂണിറ്റ് ആരംഭിക്കുന്നതിനു 10 വനിതകളെങ്കിലും വേണം എന്ന നിബന്ധന ഒഴിവാക്കി 5 വനിതകൾക്കു ഒരു യൂണിറ്റ് എന്ന തോതിൽ യൂണിറ്റുകൾ അനുവദിക്കുക.

നാശോന്മുഖമായിക്കൊണ്ടിരിക്കുന്ന പരമ്പരാഗത തൊഴിലുകളായ ഈറ്റ, മുള, വ്യവസായങ്ങൾ മൺപാത്രങ്ങളുടെ നിർമ്മാണം കൈത്തറി, കരകൗശലവസ്തുക്കളുടെ നിർമ്മാണം. റബ്ബർ ടാപ്പിംഗ്, റബ്ബർ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണം, കളിപ്പാട്ട നിർമ്മാണം എന്നീ പദ്ധതികളിൽ പരിശീലനം കൊടുത്തി സ്വയം തൊഴിൽ കണ്ടെത്തുന്നതിനു യുവാക്കളെ പ്രാപ്തരാക്കേണ്ടതാണ്.

CRSP പദ്ധതിയിൽ ഉൾപ്പെടുത്തി കക്കൂസില്ലാത്ത എല്ലാവീടുകൾക്കും കക്കൂസിനുള്ള ധനസഹായം നൽകേണ്ടതാണ്.

വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷകതൊഴിലാളി പെൻഷൻ തുടങ്ങിയുള്ള പെൻഷനുകൾക്കു അർഹതയുള്ളവരെ കണ്ടെത്തുന്നതിനുള്ള സമഗ്രമായ സർവ്വേ നടത്തേണ്ടതാണ്. ആയതിലേക്കു പഞ്ചായത്തിലെ സന്നദ്ധ പ്രവർത്തകരെ ഉപയോഗിക്കാവുന്നതാണ്. പെൻഷൻ വിതരണം പൂർണ്ണമായി ഗ്രാമ പഞ്ചായത്തുകളെ ഏൽപ്പിക്കേണ്ടതാണ്. മിശ്രവിവാഹം പ്രോൽസാഹിപ്പിക്കുന്നതിനുവേണ്ടി ധനനിർമ്മാണം പോലെയുള്ള സാമൂഹ്യസേവന രംഗങ്ങളിൽ മിശ്രവിവാഹിതർക്കു മുൻഗണന കൊടുക്കണം. നാടൻ കലകളുടെ പ്രോൽസാഹനത്തിനു സന്നദ്ധ സംഘടനകൾ വഴി ആനുകൂല്യം പ്രഖ്യാപിക്കണം. വിധവകളുടെ പെൺമക്കളുടെ വിവാഹ ആവശ്യത്തിനു നൽകിവരുന്ന തോതു വർദ്ധിപ്പിക്കണം.

തൊഴിലില്ലാത്ത യുവതീയുവാക്കളെ കണ്ടെത്തുന്നതിനു വർഷാവർഷങ്ങളിൽ സർവ്വേ നടത്തുകയും അർഹരായവർക്കു മാത്രം വേതനം ഗ്രാമപഞ്ചായത്തുകൾ വഴി വിതരണം ചെയ്യപ്പെടുകയും വേണം.

തൊഴിലില്ലായ്മ വേതനം വർദ്ധിപ്പിക്കുകയും യഥാസമയങ്ങളിൽ അതു ഗുണഭോക്താക്കൾക്കു എത്തിച്ചുകൊടുക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വേണം. സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളുടെ വിവിധ ഘട്ടങ്ങളിൽ തൊഴിലില്ലാത്ത യുവാക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തേണ്ടതാണ്.

അംഗനവാടികൾ

ഈ പഞ്ചായത്തിൽ തെക്കുംപുറം തേവലപ്പുറം III വാർഡ്, വല്ലം, അന്നൂർ ഈ വാർഡുകളിൽ മാത്രമാണ് നിലവിൽ അംഗനവാടികൾ ഉള്ളതു. ഇവയ്ക്കു് നാമിനും സ്വന്തമായി കെട്ടിടങ്ങൾ ഉള്ളതാണ്. ആയിരം ജനങ്ങൾക്കു ഒരു അംഗനവാടി എന്നതാണു ICDS ന്റെ ലക്ഷ്യമെങ്കിലും 26186 ജനസംഖ്യയുള്ള ഈ പഞ്ചായത്തിൽ 4 അംഗനവാടികൾ മാത്രമാണു പ്രവർത്തിക്കുന്നതു് ഇനിയും ഏറ്റവും കുറഞ്ഞതു് 22 അംഗനവാടികൾ എങ്കിലും അനുവദിക്കണം. പഞ്ചായത്തുവകുപ്പുമായോ പുറംപോക്കുഭൂമിയോ അംഗനവാടികളുടെ കെട്ടിടം പണികൾക്കു് ഉപയോഗിക്കാവുന്നതാണ്. നിലവിലുള്ള അംഗനവാടികളുടെ അറ്റകുറ്റപണികൾ നടത്തുക അംഗനവാടികൾക്കു് ആവശ്യമായ കളിപ്പാട്ടങ്ങൾ, ഫർണീച്ചർ ഇവ നൽകേണ്ടതാണ്. അംഗനവാടി വർക്കർമാർക്കും, ഹെൽപ്പർമാർക്കും കുട്ടികളുടെ പ്രാഥമിക ചികിൽസാകാര്യങ്ങളിൽ വിദഗ്ധ പരിശീലനം നൽകേണ്ടതാണ്. ഇതിന്റെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നുണ്ടോയെന്നറിയാനും നിർദ്ദേശങ്ങൾ നൽകാനും വാർഡ് തലത്തിൽ ഒരു ജനകീയ സമിതിയെ രൂപീകരിക്കണം,

000054

ക്ഷേമനിധികളെ സംബന്ധിച്ച്

കെട്ടിടനിർമ്മാണ തൊഴിലാളി ക്ഷേമനിധി:-

കെട്ടിട നിർമ്മാണ രംഗത്തു പ്രവൃത്തിക്കുന്ന എല്ലാ തൊഴിലാളികളെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തി 55-ാം വയസ്സുമുതൽ പെൻഷൻ ഏർപ്പെടുത്തേണ്ടതാണ്. കൂടാതെ കരിങ്കൽ തൊഴിലാളി കംക്ഷ് അപകടഇൻഷ്വറൻസ് ഏർപ്പെടുത്തി ക്ഷേമനിധിയിൽ അംഗങ്ങളാക്കണം. എല്ലാ കൈത്തറി തൊഴിലാളികളെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തണം.

പൊതുവിതരണം.

ഈ പഞ്ചായത്തിലാകെ 17 പൊതുവിതരണ കേന്ദ്രങ്ങളാണ് പ്രവർത്തിക്കുന്നത്. 4-ാം വാർഡായ കോട്ടാത്തലയിൽ പൊതുവിതരണ കേന്ദ്രങ്ങളാണ് ഒന്നും തന്നെയില്ല. I, V എന്നീ വാർഡുകളിൽ മൂന്നുവീതം പൊതുവിതരണ കേന്ദ്രങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. 6, 10 വാർഡുകളിൽ '2' വീതവും, മറ്റുവാർഡുകളിൽ ഓരോന്നും പൊതുവിതരണ കേന്ദ്രങ്ങളാണ് പ്രവർത്തിച്ചുവരുന്നത്. ഇത് പുനഃക്രമീകരിച്ച് ഓരോ വാർഡുകളിലും '2' എന്ന തോതിലെങ്കിലും പൊതുവിതരണ കേന്ദ്രങ്ങൾ അനുവദിക്കണം.

ഈ പഞ്ചായത്തിൽ മാവേലി സ്റ്റോറുകൾ നിലവിലില്ല. സിവിൽ സപ്ലൈസ് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള '2' മാവേലി സ്റ്റോറുകളെങ്കിലും ഈ പഞ്ചായത്തിലനുവദിക്കേണ്ടതാണ്. എല്ലാ പൊതുവിതരണ കേന്ദ്രങ്ങളുടെയും തെക്കുംപുറത്തു പ്രവർത്തിക്കുന്ന വനിതാ സഹകരണ സംഘത്തിന്റെയും പ്രവർത്തനം പൂർണ്ണതോതിൽ നിക്ഷിപ്തമാക്കേണ്ടതാണ്.

000055

000056

5-8

സംസ്കാരം

പച്ച പട്ടു വിരിച്ച നെൽപ്പാടങ്ങളും മല നിരകളും അവയെ ചുറ്റി ഒഴുകുന്ന ചെറുതോടുകളും കാർഷിക ഗ്രാമമായ ഈ പഞ്ചായത്തിന് മോടിപിടിപ്പിക്കുന്നു. സമ്പന്നതയിൽ കൊടികുത്തി വാണിരുന്ന നായർ തറവാടുകളും അന്ധവിശ്വാസങ്ങളും അനാചാരങ്ങളും കൈമുതലാക്കിയ കുടിയാൻമാരും ഇടകലർന്ന ഒരു ജീവിത പശ്ചാത്തലമാണ് ഇവിടെ ഉണ്ടായിരുന്നത്. തൊഴിലാളി വർഗ്ഗത്തിന്റെ മോചനത്തിന് ആവേശപൂർവ്വം പ്രവർത്തന പന്ഥാവിലേക്ക് ഇറങ്ങി തിരിച്ച കോട്ടാത്തല സുരേന്ദ്രൻ ജനിച്ചതും ഈ പഞ്ചായത്തിലാണ്. അദ്ധ്വാനിക്കുന്ന തൊഴിലാളികൾക്ക് മിനിമം വേതനം ഒരു രൂപയാക്കണം എന്നാവശ്യപ്പെട്ട മഹത്തായ സമരത്തിനുടമയാണ് കോട്ടാത്തല സുരേന്ദ്രൻ.

ഈ പഞ്ചായത്തിൽ നിരവധി പ്രാചീന കലാരൂപങ്ങൾ നിലനിന്നിരുന്നു. അവ ഇന്ന് ഇവിടെ നിന്നും അപ്രത്യക്ഷമായികൊണ്ടിരിക്കുന്നു. ലോകപ്രശസ്തിയാർജിച്ച കഥകളിയുടെ ഉറവിടമായ കൊട്ടാരക്കരയുമായി ബന്ധപ്പെട്ടു കിടക്കുന്നു. കഥകളിയുമായി ബന്ധപ്പെട്ട അനേകം ആളുകളും ഈ പഞ്ചായത്തിലുണ്ട്. ഓണം തുടങ്ങിയ ആഘോഷവേളകളിൽ തിരുവാതിര, നാടോടിനൃത്തങ്ങൾ എന്നീ കലാരൂപങ്ങൾ ഇന്നും ഈ പഞ്ചായത്തിൽ വളരെ പ്രാധാന്യത്തോടെ അവതരിപ്പിക്കപ്പെടുന്നു.

ജനങ്ങളുടെ മാനസികവളർച്ചയ്ക്കും ബുദ്ധിവികസനത്തിനും വേണ്ടി ഈ പഞ്ചായത്തിൽ വിവിധഭാഗങ്ങളിലായി 7 വായനശാലകളും 4 ഗ്രന്ഥശാലകളും സജീവമായി പ്രവർത്തിക്കുന്നു. കലാ കായികരംഗത്ത് പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 13 ക്ലബുകൾ പ്രവർത്തിച്ചുവരുന്നു. മിക്കവയ്ക്കും സ്വന്തമായി കെട്ടിടങ്ങളും വർഷം മുഴുവൻ നീണ്ടുനിൽക്കുന്ന പ്രവർത്തനങ്ങളും ഉണ്ട്. പ്രസ്തുത ക്ലബുകൾ ജില്ലാ സംസ്ഥാന നിലവാരങ്ങളിൽ പ്രവർത്തിക്കുന്നു.

പ്രശ്നങ്ങൾ

1 സാംസ്കാരിക കേന്ദ്രങ്ങളുടെ അപര്യാപ്തത
2 ഇലക്ട്രോണിക് മാധ്യമങ്ങളുടെ കടന്നു കയറ്റം.
3 നീലചിത്രങ്ങളുടെ അതിപ്രസരം.
4 നിലവിലുള്ള ഗ്രന്ഥശാലകളിൽ സാംസ്കാരികനിലവാരം മെച്ചപ്പെടത്തക്ക രീതിയിലുള്ള പുസ്തകങ്ങളുടെ അപര്യാപ്തത.
5 മിക്കവാർഡുകളിലും സാംസ്കാരിക നിലയങ്ങൾ ഒന്നും തന്നെ ശരിയായരീതിയിൽ പ്രവർത്തിക്കുന്നില്ല.

പരിഹാരനിർദ്ദേശം

1 ഗ്രന്ഥശാലകളിലേയും വായനശാലകളിലേയും പ്രവർത്തകരുടെ കർമ്മമേഖല ഏകോപിപ്പിച്ച് കാര്യക്ഷമ വളർത്തുന്നതിനാവശ്യമായ പ്രോൽസാഹനം നൽകും.
2 ഓരോ സാംസ്കാരിക സംഘടനയും പ്രവർത്തനം വിലയിരുത്തി വർഷംതോറും അവാർഡുകൾ നൽകുക.
3 പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും കലാ മത്സരങ്ങളിൽ പങ്കെടുക്കാൻ കലാബോധമുള്ള കുട്ടികളെ കണ്ടെത്തി പ്രോൽസാഹിപ്പിക്കുക.
4 എല്ലാ വാർഡുകളിലും ഹരിജൻ കോളനികൾ കേന്ദ്രീകരിച്ച് റേഡിയോ, ടെലിവിഷൻ സെറ്റുകൾ സ്ഥാപിക്കുക.
5 വനിതകളുടേയും ദുർബല വിഭാഗങ്ങളുടേയും സാമൂഹ്യ പുരോഗതി ഉറപ്പു വരുത്തുവാൻ ആവശ്യമായ പ്രവർത്തനങ്ങൾക്ക് രൂപം കൊടുക്കുക.
6 പഞ്ചായത്ത് തലത്തിൽ സാഹിത്യ കലാ മത്സരങ്ങൾ സംഘടിപ്പിച്ച് യുവജനങ്ങളുടെ സർഗ്ഗവാസനയെ പ്രോൽസാഹിപ്പിക്കുക.
7 പഞ്ചായത്തിൽ ഒരു മുഖ്യഗ്രന്ഥശാലയെ ആധുനിക വിജ്ഞാന മേഖലകളിൽ പ്രാവിണ്യം നൽകുന്ന പുസ്തകങ്ങൾ സംഭരിച്ച് ഒരു റഫറൻസ് ലൈബ്രറിയാക്കുക.
8 ഉത്സവങ്ങളും ആഘോഷങ്ങളും സംഘടിപ്പിക്കുന്ന ഇന്നത്തെ രീതി മാറ്റി എന്തുകൊണ്ട്

നമുക്ക് സംഘടന കമ്മിറ്റികളിൽ എവ്വാവിധ മതവിഭാഗങ്ങളെയും പങ്കെടുപ്പിച്ചുകൂടാ. ഇങ്ങനെയായാൽ ഒരു പുത്തൻ മാനവിക സംസ്കാരം നമ്മുടെ പഞ്ചായത്തിൽ വളർത്തിയെടുക്കാൻ കഴിയും.

ജനസംഖ്യയിൽ ഭൂരിഭാഗവും ഹിന്ദുക്കളാണ്. ക്രിസ്തുമതത്തിൽപ്പെട്ടവരും നല്ല ഒരു ശതമാനം ഉണ്ട്. മുസ്ലീം മതത്തിൽപ്പെട്ടവർ നാമമാത്രമാണ്. ജനസംഖ്യാ ആനുപാതികമായി 30 ഓളം ക്ഷേത്രങ്ങളും ഇവിടെ ഉണ്ട്. ക്രിസ്ത്യൻ പള്ളികളും 16 എണ്ണം ഉണ്ട്. ക്ഷേത്രങ്ങളോടനുബന്ധിച്ച് പ്രകൃതി കനിഞ്ഞ് നൽകിയ 18 ഓളം സർപ്പ കാവുകളും ഉണ്ട്. വിവിധ മതവിഭാഗത്തിൽപ്പെട്ടവർ ഇടകലർന്ന് ഈ പഞ്ചായത്തിൽ സാഹോദര്യത്തോടെ പ്രവർത്തിക്കുന്നു.

പത്രപ്രവർത്തന രംഗത്ത് പുത്തൻ ശൈലിയുമായി ഒരു സായാഹ്ന ദിനപത്രം ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്നു.

കായികരംഗം

കായിക രംഗങ്ങളിൽ നിർണ്ണായകമായ സ്ഥാനം ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. ഗ്രാമത്തിന്റെ വിവിധ ഭാഗങ്ങളിൽ നിരവധി കായിക പ്രതിഭകളെ കണ്ടെത്താൻ കഴിയും. കായിക ക്ലബുകളും നിരവധി നിലവിലുണ്ടെങ്കിലും വർഷം മുഴുവൻ പ്രവർത്തിക്കുന്നവ വളരെ കുറവാണ്. പഞ്ചായത്ത്തല കായികമേളകളിലുടേയും മറ്റുമാണ് കായിക വിരുത് പ്രകടിപ്പിക്കാൻ അവസരം ഉണ്ടാകുന്നത്. പഞ്ചായത്തിൽ ഒരു മിനി സ്റ്റേഡിയം ഉണ്ടെങ്കിലും കായിക ഉന്നമനത്തിന് ആവശ്യമായ സംരംഭങ്ങളും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. പുതിയ തലമുറയെ കായിക രംഗത്തേക്ക് കൈപിടിച്ച് ഉയർത്താൻ കഴിയാത്തതിന്റെ കാരണം ഇവരിൽ കായികാഭിരുചി വളർത്തിയെടുക്കുന്നതിനാവശ്യമായപരിപാടികളും സ്കൂളുകളും തലത്തിൽ മുതൽ നടപ്പാക്കുന്നില്ല എന്നതു തന്നെയാണ്. സർക്കാർ തലത്തിൽ നടക്കുന്ന പരിപാടികളും നമ്മുടെ പഞ്ചായത്തിൽ വേണ്ടരീതിയിൽ വിനിയോഗിക്കുവാൻ പൂർണ്ണമായും ഇനിയും കഴിഞ്ഞിട്ടില്ല. മികവുറ്റ കായിക പ്രതിഭകളെ വളർത്തിയെടുക്കാൻ വളക്കൂറുള്ള പ്രദേശമാണ് നെടുവത്തൂർ പഞ്ചായത്ത്.

1 കായിക വാസന ഉള്ളവരെ കണ്ടെത്തുവാൻ കാര്യമായ ശ്രമം നടത്തുക.

2 പഞ്ചായത്ത് തലത്തിൽ കേന്ദ്രീകൃത കായിക സമിതി ഉണ്ടാക്കുകയും അതിന്റെ നേതൃത്വത്തിൽ പ്രവർത്തനം നടത്തുകയും വേണം.

3 വിദ്യാർത്ഥികൾക്ക് അവധിക്കാല സമയങ്ങളിൽ വിദഗ്ധരെ സംഘടിപ്പിച്ച് കോച്ചിംഗ് ക്യാമ്പുകൾ നടത്തുക.

4 പഞ്ചായത്തിലെ കോട്ടാത്തല വാർഡിൽ ഒരു മിനി സ്റ്റേഡിയം സ്ഥാപിക്കുക.

000053

5-9
വനിത

എല്ലാ രംഗങ്ങളിലും സ്ത്രീകളുടെ പങ്കാളിത്തം സജീവമാണെങ്കിലും തികച്ചും ഗ്രാമീണരായതിനാൽ ഈ പഞ്ചായത്തിലെ വനിതകൾ പൊതുവേ സാമൂഹ്യ പ്രവർത്തനരംഗത്തേക്ക് കടന്നുവരുവാൻ തല്പരരാവുന്നില്ല.

മുൻകാലങ്ങളിൽ സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവായിരുന്നു. എന്നാൽ ഇന്ന് ഒട്ടൊക്കെ മാറ്റം സംഭവിച്ചിട്ടുണ്ട്. ഇന്നത്തെ വ്യവസ്ഥിതിയിൽ എല്ലാ രംഗങ്ങളിലും മൂന്നിലൊന്ന് പങ്കാളിത്തം ഉറപ്പായതോടെ എല്ലാ മേഖലകളിലും സ്ത്രീകൾ മുന്നോട്ടു വരാൻ തുടങ്ങി. വിദ്യാഭ്യാസപരമായും, വ്യാവസായികമായും, സാംസ്ക്കാരികമായും, സാമൂഹ്യ-രാഷ്ട്രീയ രംഗത്തും വനിതകൾ സജീവമാകാനും പ്രാതിനിധ്യം വർദ്ധിപ്പിക്കുന്നതിനും തുടങ്ങി. അവർ സംഘടിക്കുന്നതിനും, സന്നദ്ധ പ്രവർത്തനങ്ങളിൽ സജീവ സാന്നിദ്ധ്യം പ്രകടിപ്പിക്കുവാനും തയ്യാറായിവരുന്നു.

ഏകദേശം 1960 മുതൽ വനിതകൾ വിദ്യാഭ്യാസപരമായി തത്പരരായിത്തുടങ്ങി. അതുവരെ കുടിപ്പള്ളിക്കൂടങ്ങൾപോലെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് പെൺകുട്ടികൾ പ്രാഥമിക വിദ്യാഭ്യാസം നേടുന്നതും അതിനുശേഷം വിദ്യാഭ്യാസം നിലയ്ക്കുകയുമായിരുന്നു പതിവ്. അക്കാലങ്ങളിൽ ആഘോഷങ്ങളിലും മറ്റും സ്ത്രീപങ്കാളിത്തം വളരെ കുറവുമായിരുന്നു. 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ പെൺകുട്ടികൾക്ക് 3 വയസ്സുമുതൽ 10 വയസ്സുവരെ "കെട്ടുകല്യാണം" എന്ന ആചാരം നിലനിന്നിരുന്നു. എന്നാൽ വിവാഹിതരാവുന്നവർക്ക് പിന്നീട് യാതൊരു ബന്ധവും നിലവിലില്ലായിരുന്നു എന്നുള്ളതും ശ്രദ്ധേയമാണ്.

1991-ലെ സെൻസസ് പ്രകാരം നെടുവത്തൂർ പഞ്ചായത്തിലെ സ്ത്രീകളുടെ സംഖ്യ 13634 ആണ്. ഇത് പുരുഷജനസംഖ്യയേക്കാൾ 1082 കൂടുതലാണ്. ഈ കൂടുതൽ അനുസരിച്ച് സ്ത്രീകൾക്ക് ഔദ്യോഗിക-അനൗദ്യോഗിക മേഖലകളിൽ, രാഷ്ട്രീയ-സാംസ്കാരിക മേഖലകളിലും ഉയർന്ന സ്ഥാനം കിട്ടേണ്ടതാണെങ്കിലും അങ്ങനെയല്ല എന്നുള്ള കാര്യം എടുത്തുപറയേണ്ടതാണ്. നെടുവത്തൂർ പഞ്ചായത്തിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളോ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളോ ഇല്ലാത്തത് പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസ നിലവാരത്തെ സാരമായി ബാധിക്കുന്നു എന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണ്. ഏറ്റവും അടുത്ത ഉന്നത വിദ്യാഭ്യാസ സ്ഥാപനം കൊട്ടാരക്കര സെന്റ് ഗ്രിഗോറിയസ് കോളേജ് ആണ്. അവിടെയും ജില്ലയിലെ മറ്റു ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും പഠിക്കുന്ന പെൺകുട്ടികളും ധാരാളമായി പഞ്ചായത്തിലുണ്ട്.

മുൻകാലങ്ങളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അഭാവംനിമിത്തം ഹൈസ്കൂൾ വിദ്യാഭ്യാസത്തിനുശേഷം അടുക്കളജോലിയിൽ ഒതുങ്ങുകയായിരുന്നു പതിവ്.

സാമൂഹ്യമായ മാറ്റത്തെ തുടർന്ന് ഉന്നത വിദ്യാഭ്യാസത്തിനു പെൺകുട്ടികൾ തയ്യാറായതുമൂലം പരിമിതമായ തൊഴിൽമേഖലയിലെങ്കിലും സ്ത്രീകൾ എത്തിപ്പെടുകയും ചെയ്തു. ഉയർന്ന ജോലികളിൽ സ്ത്രീകളുടെ പങ്കാളിത്തം കുറവാണെങ്കിലും പഞ്ചായത്തിലെ ഏക ഹൈസ്കൂളിലും, 4 യു. പി. സ്കൂളുകളിലും, 8 എൽ. പി. സ്കൂളുകളിലുമായി ആകെയുള്ള അദ്ധ്യാപകരിൽ 80 ശതമാനത്തോളം വനിതാ അദ്ധ്യാപകരാണ്. ഇതു അദ്ധ്യാപനരംഗത്തു അവരുടെ വർദ്ധിച്ച പങ്കാളിത്തത്തെ സൂചിപ്പിക്കുന്നു.

സാധാരണക്കാരായ സ്ത്രീകൾ കുടുംബപരമായ ബാദ്ധ്യതകൾനിമിത്തം കായികാദ്ധ്വാനം കൂടിയ തൊഴിലുകളിലും ഏർപ്പെട്ടുന്നുണ്ട്.

തൊഴിൽ മേഖലകളിലെ സ്ത്രീ പങ്കാളിത്തം സൂചിപ്പിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു.

തൊഴിൽമേഖല	സ്ത്രീകളുടെ എണ്ണം	പുരുഷന്മാരുടെ എണ്ണം
കശുവണ്ടിമേഖല	3150	155
കരിങ്കൽമേഖല	560	1250
മൃഗസംരക്ഷണം	95	2115
വ്യാപാരം	9	1312
കർഷകത്തൊഴിലാളികൾ	215	1515
ചെറുകിടവ്യവസായം	13	155
കെട്ടിടനിർമ്മാണം	69	315
ഉദ്യോഗസ്ഥമേഖല	650	1915
മറ്റുള്ളവ	315	2100

ഈ പട്ടിക പരിശോധിച്ചാൽ തൊഴിൽനിലസ്ത്രീകളേതു അധികരിക്കുമെങ്കിലും, കശുവണ്ടി മേഖലയിലേയും കരിങ്കൽമേഖലയിലേയും തൊഴിലാളികളിൽ പരമ്പരാഗതമായി വനിതകളാണ്. എന്നാൽ ഇവർ മിക്കവാറും ഔപചാരിക വിദ്യാഭ്യാസം മാത്രം സിദ്ധിച്ചവരും സാമ്പത്തികമായി വളരെയധികം ക്ലേശങ്ങൾ അനുഭവിക്കുന്നവരുമാണ്. ഇവർ

അവരുടെ പരിമിതമായ കുടുംബ ബഡ്ജറിനു് ശ്രുപം നല്കുവാൻപോലും ക്ലേശം അനുഭവിക്കുന്നവരാണു്. സ്വയം തൊഴിൽ സംരംഭങ്ങളും ഉന്നത ഉദ്യോഗ സ്ഥ മേഖലകളിലും മറും സ്ത്രീകളെ കേന്ദ്രീകരിക്കുവാനുള്ള പ്രവർത്തനം അത്യാവശ്യമാണു്.

പഞ്ചായത്തിൽ മുൻകാലങ്ങളിൽ 15 മഹിളാ സമാജങ്ങളും സജീവമായി പ്രവർത്തിച്ചിരുന്നു എങ്കിലും ഇപ്പോളും പ്രവർത്തനം നിർജ്ജീവമാണു്. 1952–ൽ ആനയം കേന്ദ്രമായി പ്രവർത്തിച്ചിരുന്ന ദേശസേവിനി മഹിളാസമാജത്തിന്റെ നേതൃത്വത്തിൽ ഏറെറടുത്ത ബൃഹത്തായ സന്നദ്ധപ്രവർത്തനംമൂലമാണു് കിള്ളൂർ ഇലഞ്ഞിക്കോടു് റോഡു് 3 കിലോമീറർ നീളത്തിലും 6 മീറർ വീതിയിലും രൂപംകൊണ്ടതു്. എന്നാൽ ഇപ്പോളും ഇത്തരം സന്നദ്ധപ്രവർത്തനങ്ങളും ഏറെറടുക്കുവാൻ മഹിളാസമാജങ്ങളും തയ്യാറാകുന്നില്ല. ഈ മഹിളാസമാജത്തിന്റെ അന്നത്തെ പ്രസിഡൻറു് ശ്രീമതി സരസ്വതിക്കുട്ടിയമ്മയും, സെക്രട്ടറി ശ്രീമതി ഗൗരിക്കുട്ടിയമ്മയുമായിരുന്നു. പഞ്ചായത്തിൽ വനിതകളുടേതു മാത്രമായി 3 തൊഴിൽസംരംഭങ്ങളും ഗവ: സഹായം ലഭിച്ചു് രൂപീകരമായി പ്രവത്തിക്കുന്ന 2 D. W. C. R. A. യൂണിറുകളും, പുതുതായി രജിസ്ററർ ചെയ്ത 1 D. W. C. R. A. യൂണിറും ഉണ്ടു്. മറു പ്രദേശങ്ങളിലും ഇത്തരം പ്രവർത്തനങ്ങളും നടത്തുവാൻ സ്ത്രീകളും തയ്യാറായി മുന്നോട്ടുവരുന്നുണ്ടു്.

പഞ്ചായത്തിലെ സ്കൂൾ വിദ്യാർത്ഥികളിൽ പെൺകുട്ടികളും പഠനനിലവാരത്തിൽ വളരെയധികം മുൻപന്തിയിലാണു്. വിജയശതമാനത്തിലും പെൺകുട്ടികളും മുൻപന്തിയിലാണു്. എന്നാൽ ഇവർ സാങ്കേതിക വിദ്യാഭ്യാസത്തിലും മറു് ഉന്നത വിദ്യാഭ്യാസരംഗത്തും സാധാരണയായി ശോഭിക്കാറില്ല. പെൺകുട്ടികളും പൊതുവിൽ ആയാസരഹിത ജോലികളിൽ ഏർപ്പെടുന്നതിനു മാത്രമാണു് തല്പരർ.

കുടുംബനാഥന്മാരിൽ മദ്യപാനശീലം വളരെ കൂടുതലായതിനാൽ കുടുംബിനികളും അതുമൂലം ഒട്ടനേകം പീഡനങ്ങളും അനുഭവിക്കുന്നുണ്ടു്. അതിനു് സമ്പൂർണ്ണമായ മദ്യനിരോധനം നിർബന്ധമായും നടപ്പാക്കേണ്ടതുണ്ടു്. സ്ത്രീപീഡന കേസുകളും റിപ്പോർട്ടു് ചെയ്തിട്ടുണ്ടെങ്കിലും സാവ്ത്രികമായ സംഭവങ്ങളായി മാറുന്നില്ല.

നെടുവത്തൂർ പഞ്ചായത്തിൽ സാക്ഷരതാപ്രവർത്തനം ഊർജ്ജിതമായി നടന്നതുമൂലം സാക്ഷരതാശതമാനം സ്ത്രീകളുടെ ഇടയിൽ 87 ശതമാനത്തോളമാണു്,

പ്രശ്നങ്ങൾ.

അഭ്യസ്തവിദ്യരായ വനിതകളുടെ തൊഴിലില്ലായ്മ വളരെയധികം പ്രശ്നമായി നിലനിൽക്കുന്നു. പ്രാഥമിക വിദ്യാഭ്യാസം നേടിയവരും സാമ്പത്തിക ബാധ്യത അനുഭവിക്കുന്നവരും പണിയെടുക്കുന്ന കശുവണ്ടി മേഖലയിലും, കരിങ്കൽമേഖലയിലും സ്ത്രീകൾക്കു് കൂലിനിരക്കു് പൊതുവെ കുറവാണു്. കശുവണ്ടി മേഖലയിൽ പണിയെടുക്കുന്ന സ്ത്രീകൾക്കു് തൊഴിൽ ജന്യമായ രോഗങ്ങളും ഉണ്ടാകാൻ സാധ്യത വളരെയധികമാണു്. പൊതുമേഖലയിൽ തൊഴിൽ ലഭ്യത 30–40 ദിവസം മാത്രമാണു് വർഷത്തിൽ ലഭിക്കുന്നതു്. സഹകാര്യമേഖലയിൽ 200–ലധികം ജോലി ലഭിക്കുന്നു എങ്കിലും അവർ ചൂഷണത്തിനും വിധേയരാവാറുണ്ടു്. ഇവർക്കു് ഇ. എസ്. ഐ. ആനുകൂല്യങ്ങളും വളരെ പരിമിതവും, ആശുപത്രിയിൽ മരുന്നു് അടക്കമുള്ള സൗകര്യങ്ങളും വളരെ കുറവുമാണു്.

സ്ത്രീ തൊഴിലാളികളുടെ കൂലിനിരക്കു് പട്ടിക.

തൊഴിൽ മേഖല	സ്ത്രീകളും	പുരുഷന്മാർ
കശുവണ്ടിതൊഴിലാളി	30–40	ഇല്ല
കർഷകതൊഴിലാളി	60–65	100
നിർമ്മാണതൊഴിലാളി	60–65	110–130
കരിങ്കൽ മേഖല	35–40	70–80

സ്ത്രീകളുംമാത്രം പണിയെടുക്കുന്ന കശുവണ്ടി, കരിങ്കൽ മേഖലകളിൽ കൂലിനിരക്കു് വളരെ പരിമിതമാണു്.

കരിങ്കൽമേഖലയിൽ പണിയെടുക്കുന്ന സ്ത്രീ തൊഴിലാളികളും വളരെ ആയാസകരവും അപകടകരവുമായ തൊഴിൽ ചെയ്യുന്നു എങ്കിലും ഇ. എസ്. ഐ. ആനുകൂല്യംപോലുള്ള ആനുകൂല്യങ്ങളും അവർക്കു് ലഭിക്കാറില്ല.

സാമൂഹ്യരംഗത്തു് വളരെക്കാലമായി പിന്നിലായിരുന്ന സ്ത്രീകളെ ബോധപൂർവ്വമായ ഇടപെടലുകളിലൂടെ മുന്നോട്ട കൊണ്ടുവന്നാലേ സ്വയം തൊഴിൽമേഖലയിലും പൊതുജീവിതത്തിലും അർഹമായ പങ്കു വഹിക്കുവാൻ കഴിയുകയുള്ള. ഏറെറടുക്കുന്ന ജോലികളും ഭംഗിയായും ഉത്തരവാദിത്വത്തോടെയും ചെയ്യുവാൻ വനിതകളുംക്കു് കഴിയുമെങ്കിലും, സാമൂഹ്യമായ ചുറുപാടുകളും അവർക്കു് അനുകൂലമല്ലാത്തതിനാൽ അതിനു കഴിയാതെവരുന്നു എന്നുള്ളതാണു് യാഥാർത്ഥ്യം.

സമൂഹത്തിൽ സ്ത്രീകളുംക്കും പുരുഷനോടൊപ്പം ബുദ്ധിയും കഴിവും ഉണ്ടെന്നും, അതു് പ്രകടിപ്പിക്കുവാനുള്ള തന്റേടം സ്ത്രീകളും തയ്യാറാവുകയും അവകാശങ്ങളും തിരിച്ചറിയുകയും അതു് നേടിയെടുക്കാനുള്ള സംഘടിതമായ ആർജ്ജവം അവർ നേടേണ്ടതുമാണു്.

സാധ്യതകൾ.

സാമൂഹ്യരംഗത്തും പൊതുരംഗത്തും സ്ത്രീകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിനും അവരുടെ അവകാശങ്ങളെപ്പററി ബോധവൽക്കരിക്കുന്നതിനും

000000

ശില്പശാലകളും, പരിശീലന കളരികളും സംഘടിപ്പിക്കണം. മുൻകാലങ്ങളിൽ പൊതുരംഗത്തു് നിറഞ്ഞുനിൽക്കുകയും സാമൂഹ്യ പ്രതിബദ്ധതയോടെ പ്രവർത്തിക്കുകയും ചെയ്തിട്ടുള്ള മുൻതലമുറയിൽപെട്ടവർ തങ്ങളുടെ അനുഭവങ്ങളും പുതുതലമുറയുമായി പങ്കുവയ്ക്കുവാൻ തയ്യാറാകണം. അവകാശങ്ങളും ഔദാര്യമല്ല എന്ന ബോധവും സ്ത്രീകളിൽ വളർത്തിക്കൊണ്ടുവരണം. പഞ്ചായത്തിലെ വനിതാസമാജങ്ങളുടെ പ്രവർത്തനവും മറ്റും കേന്ദ്രീകരിപ്പിച്ചു് വനിതാ ജനപ്രതിനിധികളെക്കൂടി പങ്കാളികളാക്കി അവലോകനങ്ങളും നടത്തണം.

സ്ത്രീകളുടെ ഇടയിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനു് സ്ത്രീകളുടേതായ തൊഴിൽ യൂണിറ്റുകളും, സഹകരണ സംരംഭങ്ങളും ആരംഭിക്കണം. സഹകരണരംഗത്തു് പ്രവർത്തിക്കുന്ന വനിതാ സംഘത്തിന്റെ പ്രവർത്തനം ഊർജ്ജിതമാക്കുകയും അവിടെ പെൺകുട്ടികൾക്കു് തയ്യൽ പരിശീലനം നടത്തുന്നതിനും ഉതകുന്ന പദ്ധതികളും നടപ്പാക്കണം. വനിതകളുടെ സാമ്പത്തികനില മെച്ചപ്പെടുത്തുവാൻ ഉതകുന്ന അനുബന്ധ പദ്ധതികളായ ആടുവളർത്തൽ, കാലിവളർത്തൽ, മുട്ടക്കോഴിവളർത്തൽ, അടുക്കളത്തോട്ട നിർമ്മാണം എന്നിവയ്ക്കു് പ്രാധാന്യം നൽകണം. ഇതിനുള്ള സാമ്പത്തികസഹായവും, പച്ചക്കറികൃഷിക്കുള്ള വിത്തും വളവും പഞ്ചായത്തിന്റെ മേൽനോട്ടത്തിൽ കൃഷിഭവൻ വഴി വിതരണം ചെയ്യണം. സാമൂഹ്യ അനാചാരങ്ങൾക്കും അന്ധവിശ്വാസങ്ങൾക്കും ഏറെ ഇരയാകുന്നതു് സ്ത്രീകളാണു്. ഇവരെ ഇതിലേക്കു് നയിക്കുന്നതു് നിലവാരം കുറഞ്ഞ മാധ്യമങ്ങളുടെ സ്വാധീനം ഏറെ കൂടുതലാണു്. ഇവയുടെ സ്വാധീനം മൂലം സ്ത്രീകളുടെ സാമൂഹികപദവിക്കു് മൂല്യച്യുതിക്കു് കാരണമാകുന്നുണ്ടു്. ഇതു് നിയമംമൂലം തടയണം. അംഗനവാടികളും, മഹിളാസമാജങ്ങളും എന്നിവയുടെ പ്രവർത്തനങ്ങളും ശാസ്ത്രീയമായി പുനഃക്രമീകരിക്കണം. ഈ വേദികളും വിവിധ സാമൂഹ്യ–ആരോഗ്യ വിഷയങ്ങളുടെ ചർച്ചാവേദികളാകണം. പൊതുസ്ഥലങ്ങളിൽ സ്ത്രീകളുടെ പ്രാഥമികാവശ്യങ്ങളും നിറവേറ്റാനുതകുന്ന പദ്ധതികൾക്കു് രൂപം നൽകേണ്ടതാണു്. അതിഥി ആതിഥേയ രീതിയിൽ പഞ്ചായത്തിലെ വിവിധ വാർഡുകളുടെ സ്ത്രീസംഗമങ്ങളും സംഘടിപ്പിക്കണം. ഇതു് പഞ്ചായത്തിലെ വനിതാ ജനപ്രതിനിധികളുടെ നേതൃത്വത്തിലായിരിക്കണം.

പ്രശ്നങ്ങൾ.

കരിങ്കൽ, കശുവണ്ടിമേഖലയിലെ സ്ത്രീതൊഴിലാളികൾക്കു് ആരോഗ്യപരിപാലനവും അവരുടെ പ്രാഥമിക കാര്യങ്ങളും നിർവ്വഹിക്കുവാനുള്ള സൗകര്യം ഉറപ്പു വരുത്തേണ്ടതാണു്.

ഈ മേഖലയിൽ പണിയെടുക്കുന്ന വനിതകൾക്കു് കുട്ടികളെ സംരക്ഷിക്കുവാനുള്ള സൗകര്യങ്ങളും അപര്യാപ്തമാണു്. ഇതിനു് പരിഹൃതമായി ക്രഷ് സ്ഥാപിക്കേണ്ടതാണു്.

അവശതയനുഭവിക്കുന്ന വനിതകളും, വിധവകളും ഇവരുടെ സംരക്ഷണം ഉറപ്പുവരുത്തണം.

ഖാദി ഗ്രാമ വ്യവസായ യൂണിറ്റിന്റെ വായ്പ നൽകുമ്പോൾ വനിതകളുടെ പങ്കാളിത്തം ഉറപ്പു വരുത്തേണ്ടതാണു്.

തൊഴിൽ നിയമങ്ങളിൽ സ്ത്രീകൾക്കു് വേണ്ടത്ര പരിജ്ഞാനമില്ല. പരിശീലനത്തിനു് സൗകര്യങ്ങളും ഉറപ്പുവരുത്തണം.

കലാ–കായിക മത്സരങ്ങൾക്കു് പഞ്ചായത്തു് വനിതകൾക്കായി പ്രത്യേക പരിപാടികളും നടപ്പാക്കണം.

വനിതാ കൺസ്യൂമർ സ്റ്റോറുകൾ ആരംഭിക്കണം.

വനിതാ വ്യവസായ യൂണിറ്റുകൾ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്കു് പൊതുവായ മാർക്കറ്റിംഗ് സൗകര്യം ഏർപ്പെടുത്തേണ്ടതാണു്.

മദ്യപാനികളായ കുടുംബനാഥന്മാരിൽനിന്നും പീഡനമനുഭവിക്കുന്ന സ്ത്രീകൾക്കു് സംരക്ഷണം നല്കുവാനുള്ള നടപടികളും ആരംഭിക്കണം. മദ്യനിരോധനം സമ്പൂർണ്ണമായി നടപ്പാക്കണം.

അംഗൻവാടി അദ്ധ്യാപികമാർ ന്യായമായ കൂലി കിട്ടാതെ വിഷമിക്കുന്നു. മിക്ക വാർഡുകളിലും അംഗൻവാടികൾ രൂപീകരിച്ചിട്ടില്ല.

സാമാന്യ വിദ്യാഭ്യാസമുണ്ടെങ്കിലും ശാസ്ത്രീയ ബോധനിലവാരം സ്ത്രീകളിൽ കുറവാണു് ഫലം. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും സ്ത്രീകൾക്കിടയിൽ ധാരാളമാണു്.

സാമ്പത്തികഞെരുക്കം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു് സ്ഥായിയായ തടസ്സമാണു്.

തുല്യജോലിക്കു് തുല്യവേതനം നടപ്പാക്കണം.

വനിതാവ്യവസായങ്ങൾക്കു് പലിശനിരക്കു് വളരെയധികം കുറയ്ക്കേണ്ടതാണു്.

സ്ത്രീകളുടെ പ്രശ്നപരിഹാരങ്ങൾ.

സ്വയംതൊഴിൽ പ്രവർത്തനങ്ങൾ സ്ത്രീകൾക്കിടയിൽ സംഘടിപ്പിക്കുവാൻ മുൻകയ്യെടുക്കുക.

വിഭവസാധ്യതയും മാർക്കറ്റിംഗ് സാധ്യതയും കണക്കിലെടുത്തു് വ്യവസായങ്ങൾ ആരംഭിക്കുവാൻ പരിശീലനപരിപാടികൾ സംഘടിപ്പിക്കുക.

പെൺകുട്ടികളുടെ പാഠ്യേതര മേഖലകളിൽ അവരുടെ പങ്കാളിത്തം വർദ്ധിപ്പിക്കുവാനാവശ്യമായ സഹായം ചെയ്യുക.

വിധവാ വാർദ്ധക്യകാല പെൻഷനുകൾക്കു് ആൺമക്കളുള്ള വിധവ അഗതിയാണെങ്കിൽപോലും പെൻഷനുള്ള അർഹത നിഷേധിക്കുന്ന ഇന്നത്തെ വ്യവസ്ഥിതിയിൽ മാറ്റം വരുത്തി, ദാരിദ്ര്യരേഖയ്ക്കു് താഴെയുള്ള എല്ലാ വിധവകൾക്കും പെൻഷൻ നൽകുന്നതിനു് ആവശ്യമായ നിയമം രൂപീകരിക്കണം.

തൊഴിലവസരങ്ങളും, തൊഴിൽ നിയമങ്ങളും എന്നിവയെക്കുറിച്ചു് സ്ത്രീകളെ ബോധവൽക്കരിക്കുക.

90330

(5-10) സഹകരണം

1904 ലെ സഹകരണ നിയമത്തിന്റെ (കോ: ഓപ്പറേറ്റീവ് സൊസൈറ്റീവ് ആക്ട് 10 ൽ 1904) അടിസ്ഥാനത്തിൽ രൂപീകൃതമായ കാർഷിക വായ്പ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് കേരളത്തിൽ ഏകീകൃതമായ നിയമങ്ങളോടെ സഹകരണ പ്രസ്ഥാനങ്ങൾ നിലവിൽ വന്നതെങ്കിലും നെടുവത്തൂർ പഞ്ചായത്തിൽ കൊല്ലവർഷം 1101 ൽ രജിസ്റ്റർ ചെയ്ത (14-10-1101) 5-11-1101 ൽ പ്രവർത്തനം ആരംഭിച്ച് "പരസ്പര സഹായ സഹകരണസംഘം No. 1287" ഈ മേഖലയിലെ ഒരു തുടക്കമായി. ഇതിന്റെ പ്രവർത്തനപരിധി അന്ന് തെക്കുംപുറം മുറിയായിരുന്നു. കാലം ചെയ്ത കുറിയാക്കോസ് കോർ എപ്പിസ്കോപ്പാ (ഇലവിളവീട്) ആയിരുന്നു. ഈ പ്രസ്ഥാനത്തിന്റെ മേൽ നോട്ടക്കാരനും സ്ഥാപകപ്രസിഡന്റും, ഇതിന്റെ സെക്രട്ടറി പുത്തൂർ, കിണറ്റിൻകര കിഴക്കതിൽ ശ്രീ. ഇടിക്കുള മത്തായിയുമാണ്. പിന്നീട് ഈ സഹകരണ പ്രസ്ഥാനമാണ് പുത്തൂർ സർവ്വീസ് സഹകരണ ബാങ്കായി രൂപീകരിച്ച് 1962 ൽ പ്രവർത്തനം ആരംഭിച്ചത്.

നെടുവത്തൂർ പഞ്ചായത്തിലെ തെക്കുംപുറം മുറിയും, തേവലപ്പുറം റവന്യൂകരയും ഒഴികെയുള്ള പ്രദേശങ്ങൾ ചേർത്ത് 1958 ൽ (24-10-58) രൂപീകൃതമായ നെടുവത്തൂർ സർവ്വീസ് സഹകരണ സംഘം 3856 ഉം പ്രവർത്തനം നടത്തുന്നു. ഇതിന്റെ സ്ഥാപക പ്രസിഡന്റ് അന്നത്തെ പ്രമുഖ സഹകാരിയായ നെടുവത്തൂർ ചാലൂക്കോണം വീട്ടിൽ ശ്രീ. എൻ. ഗോപാലപിള്ളയും സെക്രട്ടറി ശ്രീ. ഗോപാലൻനായരും ആണ്. 1967 നു ശേഷം 77 വരെയുള്ള കാലഘട്ടത്തിൽ നെടുവത്തൂർ സംഘത്തിന്റെ പ്രവർത്തനം മന്ദീഭവിക്കുകയും ചെയ്തു എങ്കിലും 1977 നു ശേഷം കുറെ കൂടി മെച്ചപ്പെട്ട നിലയിലായി. പുത്തൂർ സർവ്വീസ് സഹകരണ സംഘവും നന്നായി പ്രവർത്തിച്ചു വരുന്നുണ്ട്. ഇതോടൊപ്പംതന്നെ പഞ്ചായത്തിൽ 2 കൈത്തറി സഹകരണസംഘങ്ങളും 1 ഹരിജൻ സഹകരണ സംഘവും, 2 കൺസ്യൂമർ സഹകരണ സംഘങ്ങളും, 1 കരിങ്കൽ വ്യവസായ സഹകരണ സംഘവും, 3 വനിതാ സഹകരണ സംഘവും, 1 റബ്ബർ മാർക്കറിംഗ് സഹകരണസംഘവും, പ്രവർത്തിക്കുന്നുണ്ട്. 6 ക്ഷീരസഹകരണസംഘങ്ങളും, പ്രവർത്തിക്കുന്നുണ്ട്.

കൈത്തറിസഹകരണ സംഘങ്ങൾ, നെടുവത്തൂരും, കോട്ടാത്തലയുമാണ്. ഇതിന്റെ പ്രവർത്തനം നിർജ്ജീവമാണ്, ഹരിജൻ സഹകരണസംഘം ഫലത്തിൽ പ്രവർത്തിക്കുന്നില്ല എന്നുതന്നെ പറയാം ആനക്കോട്ടൂരിലെയും, പുത്തൂരിലെയും കൺസ്യൂമർ സഹകരണസംഘങ്ങളും പ്രവർത്തിക്കുന്നില്ല, കരിങ്കൽ വ്യവസായ സഹകരണസംഘവും രണ്ട് വനിതാ സംഘങ്ങളും റബ്ബർ മാർക്കറിംഗ് സംഘവും തൃപ്തികരമായി പ്രവർത്തിക്കുന്നു. പഞ്ചായത്തിലെ എല്ലാ ഈരണ്ടു വാർഡുകളിലും പ്രവർത്തനപരിധിയായ ക്ഷീര സംഘങ്ങൾ സാമാന്യം നല്ല നിലയിൽ പ്രവർത്തിക്കുന്നു, എല്ലാ സംഘവും ലാഭകരമായാണ് പ്രവർത്തിക്കുന്നത്.

കാർഷിക മേഖല

ഹൃസ്വകാല വായ്പ

ഏകദേശം 6000 ൽ പരം കർഷകകുടുംബങ്ങൾ നെടുവത്തൂർ പഞ്ചായത്തിലുണ്ട്. ഹൃസ്വകാല കാർഷിക വായ്പകളും, മധ്യകാല കാർഷികവായ്പകളും മധ്യകാല കാർഷികേതര വായ്പകളും ദീർഘകാല കാർഷിക വായ്പകളും, സ്വർണ്ണപ്പണയ വായ്പകളും ഈ സംഘങ്ങൾ വഴി നല്കുന്നുണ്ട്. കൃഷി ഭൂമിയുടെ ചുരുക്കം കൊണ്ട് 10 സെന്റിൽ താഴെയുള്ള കർഷകർക്ക് ഹൃസ്വകാല കാർഷിക വായ്പകളും ദീർഘകാല കാർഷിക വായ്പകളും മധ്യകാല കാർഷിക വായ്പകളും താരതമ്യേന വിതരണം ചെയ്യുവാൻ ഈ സംഘങ്ങൾക്ക് കഴിയുന്നില്ല.

നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്ക്

3000 ത്തോളം കുടുംബങ്ങൾ ഈ സംഘത്തിന്റെ പ്രവർത്തനപരിധിയിൽ വരുന്നുണ്ട്. എന്നാൽ 2000 ത്തോളം കുടുംബങ്ങൾ മാത്രമേ സംഘത്തിൽ അംഗങ്ങളായിട്ടുള്ളു. മുൻകാലങ്ങളിൽ സാമ്പത്തിക അഴിമതി നടത്തിയിട്ടുള്ളതു കാരണം 10 വർഷത്തോളം സംഘത്തിന് സുലഭമായി വായ്പകൾ വിതരണം ചെയ്യാൻ കഴിഞ്ഞിരുന്നില്ല. ഈ കാലയളവുകളിൽ ജീവന

കർക്ക് ശമ്പളം കൊടുത്തതുമൂലം സംഘത്തിന്റെ പ്രവർത്തനം നഷ്ടത്തിൽ വന്നിട്ടുള്ളതാണ്. റിഹാബിലിറ്റേഷൻ പദ്ധതി നടപ്പിൽ വരുത്തിയും നിക്ഷേപങ്ങളും സ്വരൂപിച്ചുമാണ് പ്രവർത്തന കഷ്ടമത്തിൽ കൊണ്ടുവന്നത് കൊല്ലം ജില്ലാ സഹകരണ ബാങ്കിന്റെ ധനസഹായത്തിൽ ഈ സംഘം വഴി കൂടുതൽ വായ്പകളും വിതരണം ചെയ്യുന്നതിനും അതോടൊപ്പം D. R. O. A പദ്ധതി പ്രകാരവും നന്മാടിന്റെ സാമ്പത്തിക സഹായത്തിലും സംഘത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് കഴിഞ്ഞിട്ടുണ്ട്. ഈ സംഘം വഴി പ്രതിവർഷം 1.5 കോടിയിൽപരം രൂപ വിതരണം ചെയ്താൽ വിവിധ മേഖലകളിലായി ഈ പ്രദേശത്തെ സ്വയം പര്യാപ്തതയിൽ കൊണ്ടു വരുന്നതിന് സാധിക്കും. വായ്പകളും എടുക്കുന്ന അംഗങ്ങളും കൃത്യമായി പണം തിരിച്ചടയ്ക്കാത്ത സാഹചര്യത്തിൽ സംഘത്തിന്റെ കുടിശ്ശിക നിലവാരം കൂടുന്നതു മൂലം ബുദ്ധിമുട്ടുകളും ഉണ്ടാവാറുണ്ട്. സ്വർണ്ണപ്പണയ വായ്പകളും, ചിട്ടികളും സംഘം വഴി നല്ല രീതിയിൽ നടത്തിയാൽ കുറെ കൂടി മെച്ചപ്പെട്ട നിലയിൽ കർഷകരെ സഹായിക്കുവാൻ കഴിയും, വിത്ത് വളം കീടനാശിനികളും സുലഭമായി വിതരണം ചെയ്യുന്നതിനും കഴിയുന്നില്ല. അംഗങ്ങളെ ആകർഷിക്കത്തക്കനിലയിൽ സംഘത്തിന്റെ ബാങ്കിംഗ് സൗകര്യം മെച്ചപ്പെട്ടു കാണുന്നില്ല ഭരണസമിതി അംഗങ്ങളുടെ പ്രവർത്തനം കുറെകൂടി മെച്ചപ്പെടുത്തണം.

പുത്തൂർ സർവ്വീസ് സഹകരണ ബാങ്ക്

നെടുവത്തൂർ പഞ്ചായത്തിൽ ആദ്യമായി ഒരു സഹകരണ സ്ഥാപനം രജിസ്റ്റർ ചെയ്തു വന്നത് ഈ സഹകരണ സംഘമാണ്. പ്രവർത്തനപരിധിയായി വരുന്ന തെക്കുംപുറം മുറി തേവലപ്പുറം റവന്യൂകരയും ഉൾപ്പെടുന്നതാണ്. ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ 3000 കുടുംബങ്ങൾ വരുന്നുണ്ട്. ഈ സംഘത്തിന്റെ പ്രവർത്തനപരിധിയിൽ വരുന്ന മുഴുവൻ അംഗങ്ങൾക്കും യഥേഷ്ടം വായ്പകൊടുക്കുന്നതിന് കഴിയുന്നില്ല. പ്രതിവർഷം വായ്പ നല്കണമെങ്കിൽ 1 കോടിയിൽപരം രൂപ ആവശ്യമുണ്ട്. ഈ സംഘത്തിനും വായ്പ കുടിശ്ശിക സംഭവിക്കുന്നതുമൂലം കാലാ കാലങ്ങളിൽ വായ്പകൾ വിതരണം ചെയ്യുന്നതിന് ബുദ്ധിമുട്ടുണ്ടാവുന്നുണ്ട്. സ്വയം പര്യാപ്തതയിൽ പ്രവർത്തിക്കുന്നതിനാവശ്യമായ നിക്ഷേപങ്ങൾ ഇല്ലാത്തതുമൂലവും പ്രവർത്തനം കാര്യക്ഷമമാകുന്നില്ല. പൊതു ജനങ്ങളിൽ നിന്നും സ്വീകരിച്ചിട്ടുള്ള നിക്ഷേപം 60 ലക്ഷം രൂപയാണ്. ഇതിൽ സ്ഥിരനിക്ഷേപം 20 ലക്ഷം രൂപയാണ്. ഈ രണ്ടു സർവ്വീസ് സഹകരണ ബാങ്കിലും കൃഷി ഭൂമി വിവര രജിസ്റ്റർ പ്രകാരം വസ്തുവിന്റെ സ്ഥിതി വിവരം എഴുതി വായ്പ പരിധി നിശ്ചയിക്കുന്നുണ്ടെങ്കിലും അർഹരായ എല്ലാ അംഗങ്ങൾക്കും കാർഷിക വായ്പകൾ കൊടുക്കുന്നതിന് സാധിക്കുന്നില്ല.

ക്രമനമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തി അംഗത്വം	ഓഹരി മൂലധനം	കടം	നിക്ഷേപം	വായ്പകൾ		പ്രവർത്തന മൂലധനം	ലാഭമോ നഷ്ടമോ		ജീവനക്കാർ
								കാർഷിക	കാർഷികേതരം		ലാഭം തുക	നഷ്ടം തുക	
1	പുത്തൂർ സർവ്വീസ് സഹകരണ സംഘം	1962	തെക്കുംപുറം മുറി തെക്കുംപുറം തേവലപ്പുറം വെള്ളൂകര	6500	4 ലക്ഷം	40 ലക്ഷം	60 ലക്ഷം	40 ലക്ഷം	30 ലക്ഷം	140 ലക്ഷം	—	6.5 ലക്ഷം	6
2	നെടുവത്തൂർ സർവ്വീസ് സഹകരണസംഘം	1958	പഞ്ചായത്തിലെ, തേവലപ്പുറം, തെക്കുംപുറം വാർഡുകൾ ഒഴിച്ച്	6000	10 ലക്ഷം	70 ലക്ഷം	20 ലക്ഷം	12 ലക്ഷം	70 ലക്ഷം	120 ലക്ഷം	—	9.50 ലക്ഷം	4

000064

ദീർഘകാല കാർഷികവായ്പ

പഞ്ചായത്തിലെ കർഷകർക്ക് കൊട്ടാരക്കര സഹകരണ അർബൻബാങ്ക്, ജില്ലാ സഹകരണ ഭൂവികസനബാങ്ക്, കൊല്ലം ജില്ലാ സഹകരണ ബാങ്ക് എന്നീ സ്ഥാപനങ്ങളും വഴി ദീർഘകാല വായ്പകളും നൽകിവരുന്നുണ്ട്. ഈ വേണ്ടത്ര വായ്പകളും നൽകുന്നുണ്ടെങ്കിലും ഈടാക്കുന്ന പലിശ നിരക്ക്, കർഷകന് താങ്ങാൻ പറ്റാത്തതിനായും വായ്പ എടുക്കുന്നതിനുള്ള നടപടി ക്രമത്തിൽ ഉള്ള വൈഷമ്യങ്ങളും മൂലവും കർഷകർ വായ്പ എടുക്കുന്നതിൽ വൈമുഖ്യത കാട്ടാറുണ്ട്. കൊട്ടാരക്കര താലൂക്ക് ഹൗസിംഗ് സഹകരണ സംഘം വഴി നെടുവത്തൂർ പഞ്ചായത്തിലെ വിവിധ വാർഡുകളിലെ അംഗങ്ങൾക്ക് ഭവന നിർമ്മാണ വായ്പ കൊടുത്തു വരുന്നുണ്ട്. ഈ സംഘത്തിൽ നിന്നും നല്കുന്ന വായ്പയിലുള്ള പലിശ നിരക്കിലുള്ള വർദ്ധനവും ഓഹരി അനുവാദത്തിലും സാങ്കേതിക നടപടിയിലുള്ള ബുദ്ധിമുട്ടുകൊണ്ടും കൂടുതലാളുകളും വായ്പ എടുക്കുന്നതിന് മടിക്കുന്നു. വായ്പ എടുക്കുന്ന അംഗങ്ങൾ യഥാസമയം തിരിച്ചടയ്ക്കാത്ത കാരണത്താൽ കുടിശ്ശിക നിലവാരം വർദ്ധിക്കുകയും ചെയ്യുന്നുണ്ട്.

വിവിധ മേഖലയിൽ നടപ്പാക്കേണ്ട പദ്ധതികൾ

അംഗങ്ങൾക്ക് കൊടുക്കുന്ന വായ്പയ്ക്ക് പലിശനിരക്ക് കുറയ്ക്കുകയും, ജാമ്യവ്യവസ്ഥകൾ ലഘൂകരിക്കുകയും ചെയ്യണം, കൂടാതെ പമ്പ്സെറ്റ് കിണർ തുടങ്ങി പദ്ധതി വായ്പകൾ നടപ്പാക്കുന്നതിന് അംഗങ്ങൾക്ക് നിശ്ചയിച്ചിട്ടുള്ള വസ്തുവിന്റെ പരിധി കുറയ്ക്കുകയും 10 സെന്റിൽ താഴെയുള്ള കർഷകർക്ക് മധ്യകാല വായ്പകൾ യഥേഷ്ടം കൊടുക്കത്തക്കരീതിയിൽ നിയമത്തിൽ കാലോചിതമായ മാറ്റം വരുത്തേണ്ടതാണ്. സ്വർണ്ണപ്പണയ വായ്പകൾ ചിട്ടികൾ ഇവ കൂടുതലായി നടത്തി സാധാരണക്കാർക്കുള്ള ആവശ്യങ്ങൾ നിറവേറ്റുന്നതിനുള്ള നിയമപടികൾ ഉണ്ടാകണം. ആഴ്ചജാമ്യ വ്യവസ്ഥയിൽ വായ്പ വിതരണം ചെയ്യുന്നത് തുകയിൽ അയവു വരുത്തി പരിധി 5000 ആക്കി ഉയർത്തണം. നിക്ഷേപങ്ങൾ ജന പങ്കാളിത്തത്തോടെ സംഭരിച്ച് സംഘത്തെ സ്വയം പര്യാപ്തതയിൽ എത്തിക്കണം. മുഴുവൻ കുടുംബങ്ങളേയും സംഘത്തിൽ അംഗങ്ങളാക്കണം. കാർഷികോത്പന്നങ്ങളിൽ വിലയിടിവ് ഉണ്ടാകുമ്പോൾ കർഷകർക്ക് നഷ്ടം വരാതെ "കീ" ലോൺ സമ്പ്രദായം (ഉത്പന്നങ്ങളുടെ ഈടിന്മേൽ) ആവിഷ്ക്കരിക്കണം സഹകരണ സംഘങ്ങളുടെ ഓഫീസ് ഭരണസംവിധാനം ജനങ്ങളെ ആകർഷിക്കത്തക്ക നിലയിൽ കൊണ്ടുവരണം അംഗങ്ങളിലുള്ള കുടിശ്ശിക കാലകാലങ്ങളിൽ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം ദുർബല ജനവിഭാഗത്തിനുള്ള I. R. D R. വായ്പകൾ ജാമ്യ വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം. കാലാകാലങ്ങളിൽ വിത്ത് വളം കീടനാശിനികൾ സബ്സിഡി ഇനത്തിൽ സുലഭമായി വിതരണം ചെയ്യുന്നതിനുള്ള നടപടി കൈക്കൊള്ളണം കർഷകർക്ക് വായ്പകൾ കൃത്യമായി തിരിച്ചടക്കുന്നതിൽ ഏർപ്പെടുത്തിയിട്ടുള്ള പലിശ സബ്സിഡി വർദ്ധിപ്പിച്ച് കർഷകരെ സഹായിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളണം. ഓഹരി അനുപാതം നിലവിലുള്ള നിരക്കിൽ നിന്നും കർഷകർക്ക് നഷ്ടം വരാതെ ഭേദഗതിചെയ്യണം നെടുവത്തൂർ നെൽകൃഷി പരിപോഷിപ്പിക്കുന്നതിന് പാടശേഖരങ്ങൾ കേന്ദ്രീകരിച്ച് ഗ്രൂപ്പ് ഫാമിംഗ് സഹകരണ സംഘം രൂപീകരിച്ച് പ്രവർത്തിപ്പിക്കുകയും ഇത് വഴി കർഷകർക്കാവശ്യമായ കൃഷിയന്ത്രങ്ങൾ നല്കുക തുടങ്ങിയ സഹായങ്ങൾ ചെയ്യുക. നിലവിലുള്ള കേരവികസന സമിതിയെ കേര വികസന സഹകരണസംഘമായി രജിസ്റ്റർ ചെയ്ത പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുക. നെടുവത്തൂർ പഞ്ചായത്തിലെ സഹകരണസംഘങ്ങൾ വഴി പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുകയും അടുക്കളത്തോട്ട കൃഷിപരിപോഷിപ്പിക്കുകയും സാമ്പത്തികസഹായം നൽകുകയും ചെയ്യണം റബ്ബർ കർഷകരുടെ ഉന്നമനത്തിനായി റബ്ബർ മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുകയും ചെയ്യണം. വായ്പാ മേളകൾ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ സംഘടിപ്പിക്കണം.

വനിതാ സഹകരണ സംഘങ്ങൾ

പഞ്ചായത്തതിർത്തിയിൽ പ്രവർത്തിക്കുന്ന 3 വനിതാ സഹകരണ സംഘങ്ങളുടെയും പ്രവർത്തനത്തിൽ കാര്യക്ഷമമായ പ്രവർത്തനമേഖല കണ്ടുപിടിച്ച് വനിതകളുടെ ക്ഷേമത്തിനുവേണ്ടിയും, പ്രവർത്തിക്കേണ്ടിയിരിക്കുന്നു. വനിതകൾക്ക് സ്വയംതൊഴിൽ ലഭ്യമാക്കുന്ന നിലയിലും

മിതവ്യയം പ്രചരിപ്പിക്കുകയും ചെയ്യുന്ന തരത്തിൽ പ്രവർത്തിക്കണം.

കൈത്തറി സഹകരണ സംഘങ്ങൾ

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ടു കൈത്തറി സഹകരണ സംഘങ്ങളുടെയും പ്രവർത്തനം തൃപ്തികരമായി പ്രവർത്തിക്കുന്നതിനു വേണ്ടി അസംസ്കൃത സാധനങ്ങളുടെ കൂറവ് നികത്തി സർക്കാരിന്റെ നേരിട്ടുള്ള സഹായവും ലഭ്യമാക്കത്തക്ക രീതിയിൽ നടപടികളും സ്വീകരിച്ചും പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

പട്ടിക ജാതി സഹകരണസംഘം

നെടുവത്തൂർ പഞ്ചായത്തിലെ ഹരിജൻ സംഘം രജിസ്റ്റർ ചെയ്തിട്ട് 18 വർഷമായി തുടക്കത്തിൽ നാമമാത്രമായി വായ്പകളും വിതരണം ചെയ്തിരുന്നു. എങ്കിലും ഇപ്പോൾ പ്രവർത്തനം തൃപ്തികരമല്ല സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായം നൽകി പട്ടികജാതിക്കാർക്ക് ആവശ്യമായ ക്ഷേമ പ്രവർത്തനങ്ങളും നൽകി സഹായിക്കണം. ഈ സംഘത്തിന്റെ പ്രവർത്തനപരിധി ലിമിറ്റ് ചെയ്ത് കോട്ടാത്തല കേന്ദ്രീകരിച്ച് ഒരു സംഘം കൂടി രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നത് നന്നായിരിക്കും. ഹരിജൻ സഹകരണ സംഘങ്ങളും വാർഡ് തലത്തിൽ രജിസ്റ്റർ ചെയ്ത് പ്രവർത്തിക്കുന്നത് ഉചിതമാണ്.

കൺസ്യൂമർ സഹകരണസംഘങ്ങൾ

ഈ പഞ്ചായത്തിലെ കൺസ്യൂമർ സഹകരണസംഘങ്ങളുടെ പ്രവർത്തനം സാധാരണക്കാർക്ക് പ്രയോജനം ലഭിക്കത്തക്ക നിലയിൽ നിത്യോപയോഗ സാധനങ്ങളും ഗവൺമെന്റ് സബ്സിഡിയോടു കൂടി വിതരണം ചെയ്യുന്നതിനും ഗുണനിലവാരം മെച്ചപ്പെടുത്താനും കഴിയണം, കൺസ്യൂമർ സംഘങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായം കിട്ടുന്നതിനുള്ള സൗകര്യം ഉണ്ടാവുകയും ചെയ്യണം. സൗകര്യാർത്ഥം വല്ലം, നെടുവത്തൂർ എന്നിവിടങ്ങളിൽ കൺസ്യൂമർസംഘം രൂപീകരിക്കണമെന്ന് ഗ്രാമസഭകളിൽ ആവശ്യമുയർന്നിട്ടുണ്ട്.

ക്ഷീര സഹകരണസംഘങ്ങൾ

നെടുവത്തൂർ പഞ്ചായത്തിൽ തെക്കും പുറം, തേവലപ്പുറം വാർഡുകൾ കേന്ദ്രീകരിച്ച് തേവലപ്പുറത്തും, പുല്ലാമല, തേവലപ്പുറം എന്നീ വാർഡുകൾ കേന്ദ്രീകരിച്ച് പുല്ലാമലയിലും ആനക്കോട്ടൂർ, കുറുമ്പാല്ലൂർ കേന്ദ്രീകരിച്ച് ആനക്കോട്ടൂരിലും, കോട്ടാത്തല, വല്ലം കേന്ദ്രമായി വല്ലം ക്ഷീര സംഘവും, വെണ്മണ്ണൂർ കേന്ദ്രീകരിച്ച് വെണ്മണ്ണൂരും, നെടുവത്തൂർ, അന്നൂർ കേന്ദ്രീകരിച്ച് നെടുവത്തൂരും ക്ഷീരസഹകരണസംഘങ്ങളും പ്രവർത്തിക്കുന്നു. ഈ സംഘങ്ങളും ലാഭത്തിൽ പ്രവർത്തിച്ചു വരുന്നു. പാൽ സംഭരണത്തിൽ മുൻപന്തിയിൽ നിലക്കുന്നത് പുല്ലാമല ക്ഷീര സംഘമാണ്. കന്നുകാലികളെ രോഗവിമുക്തമാക്കി പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നടപടികളും മൃഗസംരക്ഷണവകുപ്പിൽ നിന്നും ഉണ്ടാകണം. നിലവിലുള്ള പാലിന്റെ വിലനാമമാത്രമായതിനാൽ പാലിന്റെ വില വർദ്ധിപ്പിച്ച് കർഷകന് ലാഭമുണ്ടാക്കികൊടുക്കണം. പ്രവർത്തന പരിധിയിലുള്ള കർഷകർക്ക് ഗുണനിലവാരമുള്ള കന്നുകാലികളെ വാങ്ങി വിതരണം ചെയ്യുന്നതിനുള്ള നടപടി ഉണ്ടാകണം. കന്നുകാലികൾക്ക് ആവശ്യമായ ഗുണനിലവാരമുള്ള കാലിത്തീറ്റ വിതരണം ചെയ്യണം. കന്നുകാലികളെ സംരക്ഷിക്കുന്നതിനുള്ള തൊഴുത്തുകളും നിർമ്മിക്കുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്തു കൊടുക്കണം. സംഘം പ്രവർത്തിക്കുന്ന സ്ഥലങ്ങളിലെല്ലാം വെറ്റിനറി സബ് സെന്റർ പ്രവർത്തിപ്പിക്കണം. ക്ഷീര കർഷകർക്കാവശ്യമായ എല്ലാ ക്ഷേമപ്രവർത്തനങ്ങളും സംഘം വഴി നടപ്പിലാക്കേണ്ടതാണ്. നെടുവത്തൂർ കേന്ദ്രീകരിച്ച് പാൽ സംഭരിച്ച് സംസ്കരിക്കുന്നതിനുള്ള മില്ലിംഗ് പ്ലാന്റ്. ഗവൺമെന്റ് ഉടമസ്ഥതയിൽ സ്ഥാപിക്കണം

മറ്റ് സാധ്യതകൾ

നെടുവത്തൂർ പഞ്ചായത്തിൽ ഒരു കോഴി വളർത്തൽ സഹകരണ സംഘവും ഒരു ഖാദി ഗ്രാമവ്യവസായ സഹകരണസംഘവും സ്ഥാപിച്ച് പ്രവർത്തിച്ചാൽ ഒട്ടനവധി കർഷകർക്കും സാധാരണക്കാർക്കും പ്രയോജനമുണ്ടാകുന്നതും - അതോടൊപ്പം തൊഴിൽ സാധ്യതകളും മെച്ചപ്പെടുത്തുന്നതുമാണ്. പഞ്ചായത്ത് കേന്ദ്രീകരിച്ച് നിർജ്ജീവമായി കിടക്കുന്ന സഹകരണസംഘങ്ങളെ പുനർജ്ജീവിപ്പിക്കുവാൻ വേണ്ട സഹകരണ സെൽ രൂപീകരിക്കുകയും, മുഴുവൻ സഹ

കാരികളെയും പങ്കെടുപിച്ച് ബോധവത്കരണം നടത്തുകയും ചെയ്യണം. സഹകരണ മേഖലയിൽ കറിപവർ യൂണിറ്റ്, റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റും, മറ്റ് വൻകിട തൊഴിൽ സംരംഭങ്ങളും ആരംഭിച്ചാൽ അഭ്യസ്ത വിദ്യരായ ആളുകൾക്ക് തൊഴിൽ നേടാനും പഞ്ചായത്തിലെ സാമ്പത്തിക സ്ഥിതി മാറ്റുവാനും കഴിയും.

നെടുവത്തൂർ പഞ്ചായത്തിലെ സഹകരണ രംഗത്ത് നിലവിലുള്ള സാധ്യതകൾ വച്ച് വൻ പുരോഗതി കൈവരിക്കാൻ കഴിയും എന്നുള്ള കാര്യം നിസ്തർക്കമാണ്.

പട്ടികജാതി പട്ടിക വർഗ്ഗ ക്ഷേമം

(5-11)

രാജ്യവ്യാപകമായ മാറ്റങ്ങൾ എല്ലാ മേഖലകളിലും ആഞ്ഞടിക്കുമ്പോഴും, കാര്യമായ വ്യതിയാനങ്ങൾ ഉൾക്കൊള്ളാതെ ഇന്ന് നിലനിന്നു വരുന്ന ഒരു സമൂഹമാണ് പട്ടികജാതി പട്ടിക വർഗ്ഗ വിഭാഗം. ഈ വിഭാഗത്തിന്റെ ക്ഷേമത്തിനായി ഗവൺമെന്റുകൾ നിരവധി പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ടെങ്കിലും താഴേത്തട്ടിലെത്തുമ്പോഴേക്കും ലക്ഷ്യം പൂർണ്ണമായും നിറവേറ്റപ്പെടുന്നില്ല.

ഈ പഞ്ചായത്തിൽ വിദ്യാഭ്യാസ സാമൂഹിക, സാമ്പത്തിക നേട്ടങ്ങൾ ഈ വിഭാഗങ്ങളിലേക്ക് ഇനിയും കടന്നു ചെല്ലേണ്ടിയിരിക്കുന്നു.

എന്നിരിക്കിലും ഐ. എ. എസ്. നേടിയവരുംപ്പടെ സമൂഹത്തിന്റെ ഉന്നത ശ്രേണിയിൽ എത്തിപ്പെട്ടവരും നമ്മുടെ പഞ്ചായത്തിലുണ്ട്.

പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 18% ത്തോളം പട്ടികജാതി വിഭാഗമാണ്. 21 ഓളം കോളനികളിലായും ഇടകലർന്നും ഇവർ ജീവിച്ചു വരുന്നു. അയിത്തവും, അനാചാരങ്ങളും സവർണ്ണരിൽ നിന്നും ഇവരെ അകറ്റി നിർത്തിയിരുന്നു. എങ്കിലും, ഇപ്പോൾ ഈ സ്ഥിതി പൂർണ്ണമായിമാറിയിട്ടുണ്ട്. മറ്റുള്ളവരെപ്പോലെ ആരാധനാലയങ്ങളിലും, വിദ്യാലയങ്ങളിലും, സമൂഹത്തിലും ഗണ്യമായ സ്ഥാനം ഇവർക്കുണ്ട്.

പൊതുവെ ചെറുപ്പക്കാരുടെ ഇടയിൽ നിരക്ഷരർ ഇല്ലെങ്കിലും, അഭ്യസ്തവിദ്യരുടെ എണ്ണം കുറവാണ്, ഉന്നത വിദ്യാഭ്യാസത്തിന് രക്ഷകർത്താക്കൾ കുട്ടികൾക്ക് വേണ്ടത്ര പ്രോത്സാഹനം നടത്തുന്നില്ല. ഇതിനു കാരണം കുടുംബ ബാധ്യതയും, സാമൂഹിക ചുറ്റുപാടുമാണ്. ഭൂരിഭാഗവും കാർഷികമേഖല, കരിങ്കൽ മേഖല എന്നിവടങ്ങളിൽ തൊഴിലെടുത്ത് ഉപജീവനം കഴിച്ചു വരുന്നു. ഇവർക്ക് കാർഷിക മേഖലയിലെ തൊഴിൽ നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്ന ഇവർ മറ്റു മേഖലകളിലേക്ക് മാറാൻ നിർബന്ധിതരാണ്. ഇതിനുകാരണം കാർഷികമേഖയിലെ വാണിജ്യവത്കരണമാണ്. പുതിയ തലമുറയിൽപ്പെട്ട ആളുകൾക്ക് 'നടീൽ' തുടങ്ങിയ പരമ്പരാഗത തൊഴിലുകളിൽ താല്പര്യക്കുറവുണ്ട്. ഇവർക്ക് തൊഴിൽ എന്നതിലുപരി ഭക്ഷ്യധാന്യ ഉത്പാദനവർദ്ധനവിന്റെ ആവശ്യകത കണക്കിലെടുത്ത് ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിനാവശ്യമായ നടപടികൾ കൈകൊള്ളേണ്ടതുണ്ട്.

അതുപോലെ സാങ്കേതിക മികവ് വേണ്ട തൊഴിൽ പരിശീലിപ്പിക്കുകയും അത്തരം മേഖലയിലേക്ക് കൂടി ഇവരെ ആകർഷിക്കണം.

കോളനിയിൽ താമസിച്ചുവരുന്നവരും, മറ്റ് സ്ഥലങ്ങളിൽ താമസിച്ചു വരുന്നവരുടെയും പാർപ്പിട പ്രശ്നം ഒരു കാലത്ത് പ്രധാനമായിരുന്നു. എങ്കിലും സർക്കാരിന്റെ സഹായത്തോടെ പൂർണ്ണമായി എന്നു വിലയിരുത്താനാവാത്ത തരത്തിൽ പരിഹൃതമായിട്ടുണ്ട്. അതിന്റെ ഫലമായി ഇന്ന് ചെറ്റക്കുടിലിൽ താമസിക്കുന്നവരുടെ എണ്ണം വിരളമാണ്.

പ്രശ്നങ്ങൾ

കോളനികളിൽ പൊതുവെ ജനസാന്ദ്രത കൂടുതലായതിനാൽ, ശുചിത്വം ഒരു പരിധിവരെ നിയന്ത്രണ വിധേയമല്ല. കൂടാതെ അപകട സാധ്യതയുള്ള കരിങ്കൽ പണി, കശുവണ്ടി തൊഴിൽ, മറ്റ് പരമ്പരാഗത ജോലികൾ ഇവയിൽ അധികമാളുകളും ഏർപ്പെട്ടിരിക്കുന്നതിനാൽ ഏകദേശം 40 വയസു കഴിഞ്ഞാൽ തൊഴിൽജന്യ രോഗങ്ങൾക്ക് വിധേയരാകുന്നു. കക്കൂസ് തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതും ഉപയോഗശൂന്യമായതുമായ സാഹചര്യം കോളനികളിലുണ്ട്. ഇതിനുണ്ടാവേണ്ട ബോധവത്കരണത്തിന്റെ അപര്യാപ്തയുമുണ്ട്.

പഞ്ചായത്തിലെ തെക്കുംപുറം, തേവലപ്പുറം B, കോട്ടാത്തല, വല്ലം, കുറുമ്പാലൂർ,

ആനക്കോട്ടൂർ, പുല്ലാമല, വെണ്മണ്ണൂർ, നെടുവത്തൂർ, അന്നൂർ ഈ വാർഡുകളിലെ പട്ടിക ജാതി കോളനികളിൽ, ശുദ്ധജലക്ഷാമം, വൈദ്യുതിയുടെ അപര്യാപ്തത, യാത്രാസൗകര്യ കുറവ്, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കുറവ് ആരോഗ്യ കേന്ദ്രങ്ങളും, മാതൃശിശു സംരക്ഷണ കേന്ദ്രങ്ങളും, ഇല്ലാത്തതും പ്രധാന പ്രശ്നങ്ങളായി ഗ്രാമസഭകളിൽ ഉയർന്നതാണ്.

ഏറ്റവും കൂടുതൽ ഹരിജൻ കുടുംബങ്ങളും താമസിക്കുന്ന വല്ലത്ത് പൊതു ശ്മശാനം നെടുവത്തൂരിലെ ഹരിജൻ സംഘത്തിന്റെ പ്രവർത്തനമില്ലായ്മയും. I. H. D. P കോളനികളിൽ അനുവദിച്ച ട്രാക്ടർ പ്രവർത്തന ക്ഷമമല്ലാത്തതും പ്രധാന പ്രശ്നങ്ങളിൽ ഉൾപ്പെടുന്നതാണ്.

പഞ്ചായത്തിലെ മിക്കകോളനികളും ശുദ്ധജലത്തിന്റെ അപര്യാപ്തതയും, നെടുവത്തൂർ ഹരിജൻ കോളനിയിൽ വേനൽകാലത്ത് 400 അടി താഴ്ചയിൽ നിന്നും വെള്ളം കോരേണ്ട സ്ഥിതിയും പ്രശ്നങ്ങളിലൊന്നാണ്.

പട്ടികജാതിക്കാരായ പെൻഷൻ അർഹതയുള്ള പലർക്കും പെൻഷൻ അനുവദിക്കാത്തതും കാലതാമസം വരുന്നതും പ്രധാധ പ്രശ്നമാണ്.

കൈവശഭൂമിക്ക് പട്ടയം ലഭിച്ചിട്ടില്ലാത്തവർക്ക് പട്ടയം ലഭിക്കേണ്ടതാണ്.

ഈ വിഭാഗത്തിൽപ്പെട്ടവരിൽ പുരുഷന് മാർക്ക് മദ്യപാനാശക്തി വളരെ കൂടുന്നത് കുടുംബ കലഹങ്ങൾക്കും, മറ്റു പ്രശ്നങ്ങൾക്കും വഴിയുണ്ടാക്കുന്നു.

ഗവൺമെൻറിൽനിന്നും കിട്ടുന്ന സാമ്പത്തിക ആനുകൂല്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നില്ല.

പട്ടികജാതി വികസന കോർപ്പറേഷനും, ഹരിജന ക്ഷേമ വകുപ്പുകളും അഭ്യസ്തരായ ചെറുപ്പക്കാർക്ക് നല്കുന്ന വായ്പകളും ധന സഹായങ്ങളും ലക്ഷ്യം നേടാത്തതും, കിട്ടാനുള്ള നിയമങ്ങളുടെ നൂലാമാലകളും പ്രശ്നമാണ്.

പ്രശ്ന പരിഹാരങ്ങൾ

പഞ്ചായത്ത് ഹെൽത്ത് സെൻററിന്റെ പ്രവർത്തനം ഊർജിതമാക്കുന്നതിനു വേണ്ടി ഹരിജൻ കോളനികളോടനുബന്ധിച്ച് 11 ഓളം സബ് സെൻററുകൾ അനുവദിക്കുകയും ആഴ്ച യിൽ ഒരു ദിവസം ഡോക്ടറുടെ സേവനം ലഭ്യമാക്കുകയും വേണം, കോളനികളിൽ അധിവസിക്കുന്നവർക്ക് ഹെൽത്ത് കാർഡ് നിർബന്ധമാക്കുകയും, ശുചിത്വം ബോധന ക്ലാസുകൾ സംഘടിപ്പിക്കുകയും വേണം കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും നിർബന്ധമായും അനുവദിക്കണം. സോഷ്യോ എക്കോണമിക് യൂണിറ്റ് ഈ മേഖലയിൽ പ്രവർത്തിക്കുന്നു എങ്കിലും മുഴുവൻ ആളുകൾക്കും കക്കൂസ് നിർമ്മിച്ചു നൽകുവാൻ കഴിഞ്ഞിട്ടില്ല.

തെക്കുംപുറം വാർഡിലെ കോളനിയിൽ യാത്രാസൗകര്യമുള്ള റോഡുകളില്ല, കുടിവെള്ള ക്ഷാമക്കുറവുമുണ്ട് വൈദ്യുതീകരണവും പൂർണ്ണമായും നടപ്പാക്കുവാൻ ശ്രമിക്കേണ്ടതാണ്, കോളനി കേന്ദ്രീകരിച്ച് തൊഴിൽ പരിശീലന ശാലയും സ്ഥാപിക്കണം.

തേവലപ്പുറം വാർഡിൽ അംഗീകൃത ഹരിജൻ കോളനി ഇല്ല, പട്ടികജാതിക്കാർ താമസിക്കുന്ന മൂന്നു പ്രദേശങ്ങൾ കോളനിയായി അംഗീകരിക്കുകയും വീടില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വീട് നിർമ്മിച്ചു നൽകുവാൻ നടപടിയുണ്ടാവുകയും വേണം.

തേവലപ്പുറം B വാർഡിൽ 3 ഹരിജൻ കോളനികളിൽ ഗതാഗത സൗകര്യക്കുറവ് പരിഹരിക്കുവാൻ കുളത്തോടി കോളനി റോഡ് വീതി കൂട്ടി ടാർ ചെയ്യണം കുളത്തോടി ഏലായിൽ വന്നു നില്ക്കുന്ന റോഡ് പാറയിൽ മുക്കിൽ എത്തിക്കുകയും വേണം. പരമ്പരാഗത ഈറ തൊഴിലാളികളുടെ തൊഴിൽ വർദ്ധിപ്പിക്കാൻ ഈറ സഹകരണസംഘങ്ങൾ രൂപീകരിച്ച് പ്രവർത്തിക്കണം, സ്വയം തൊഴിൽ സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈകൊള്ളണം.

കോട്ടാത്തല വാർഡിൽ 70 ഓളം ഹരിജൻ കുടുബങ്ങൾ താമസിക്കുന്നു. 10 കുടുംബങ്ങൾക്ക് പൂർണ്ണമായിട്ടും വീട് നല്കിയിട്ടില്ല ഇവർക്ക് അടിയന്തിരമായി വീട് നിർമ്മിച്ച് നല്കുവാനുള്ള നടപടികൾ ഉണ്ടാകണം. കോളനി നിവാസികൾക്ക് പ്രാഥമിക വിദ്യാഭ്യാസം ചെയ്യുവാനുള്ള സൗകര്യക്കുറവ് നികത്തുവാൻ ഒരു അംഗൻവാടി സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കണം. വൈദ്യുതീകരിച്ചിട്ടില്ലാത്ത വീടുകൾ വൈദ്യുതീകരിച്ചു നല്കുകയും വേണം.

പഞ്ചായത്തിൽ ഏറ്റവും കൂടുതൽ പട്ടിക

ജാതി കുടുംബങ്ങളും താമസിക്കുന്ന 4 ഹരിജൻ കോളനികളും വല്ലം വാർഡിലുള്ളതിൽ വീടുകളും പലതും തകർന്നും വീഴാറായിട്ടുള്ളതാണ്. ലക്ഷം വീട് കോളനിയിൽ 11 കുടുംബങ്ങൾക്ക് വീടുകളില്ലാത്തതും 8 വീടുകളും ഭാഗികമായി തകർന്നതു പരിഹരിക്കേണ്ടതുണ്ട്. പ്രാഥമിക വിദ്യാഭ്യാസം നല്കുന്നതിന് ബാലവാടി ആരംഭിക്കുകയും, ഗ്രന്ഥ ശാലകളും രൂപീകരിക്കുകയും വേണം. പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ അപര്യാപ്തതയും പരിഹരിക്കേണ്ടതുണ്ട്. കുടിവെള്ള പ്രശ്നവും ചില കോളനികളിലുള്ളത് പരിഹരിക്കേണ്ടിയിരിക്കുന്നു. കോളനികളെ സമഗ്ര വികസന പദ്ധതിയിലുൾപ്പെടുത്തി വികസന പ്രവർത്തനങ്ങൾ നടത്തണം.

കുറുമ്പാലൂർ വാർഡിലെ രണ്ടു ഹരിജൻ കോളനികളിലുമായി 150 കുടുംബങ്ങൾക്ക് വീടുകൾ ഇല്ലാത്തവർക്ക് വീടു നിർമ്മിച്ചു നല്കുവാനുള്ള നടപടികൾ ഉണ്ടാകണം., കക്കൂസില്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കക്കൂസ് നിർമ്മിച്ചു നല്കണം, കുടിവെള്ള ക്ഷാമവും വൈദ്യുതി പ്രശ്നവും പരിഹരിക്കാൻ അടിയന്തര നടപടികൾ ഉണ്ടാകണം. സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിച്ച് തൊഴിലില്ലായ്മ പരിഹരിക്കണം.

ആനക്കോട്ടൂർ വാർഡിലെ രണ്ടു കോളനികളിൽ ചിറയിൽ ഭാഗം കോളനി I. H. D. P കോളനിയാണ്. എങ്കിലും വീടില്ലാത്തതും, സ്വയം തൊഴിൽ സംരംഭങ്ങൾ വർദ്ധിപ്പിക്കുന്നതിനും നടപടികൾ കൈക്കൊള്ളണം. ആനയംഭാഗത്തെ ഗതാഗത സൗകര്യക്കുറവും ഏറ്റവും പ്രധാന പ്രശ്നങ്ങളാണ് കുട്ടികൾ പഠിക്കുന്ന ആനക്കോട്ടൂർ L. P. S. യു. പി. എസ്. ആയി ഉയർത്തി പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം വർദ്ധിപ്പിക്കുകയും വേണം.

രണ്ടു കോളനികളിലായി 150 ഓളം കുടുംബങ്ങളും, ലക്ഷം വീട്, 4 സെൻറ് എന്നിവടങ്ങളിലായി 50 ഓളം കുടുംബങ്ങളും താമസിക്കുന്ന പ്രദേശമാണ് പുല്ലാമല. വീടുകൾ ഇല്ലാത്തവരും, വീടുകൾ തകർന്നവരും നിരവധി കുടുംബങ്ങൾ ഉണ്ട്. ഇവർക്ക് വീട് നിർമ്മിച്ചു നല്കണം 4 സെൻറ് കോളനിയിലേക്കുള്ള റോഡ് ഗതാഗത യോഗ്യമാക്കണം. പുല്ലാമലയിൽ പ്രവർത്തിക്കുന്ന ആഗ്രോ സെൻറർ കേന്ദ്രമാക്കി വ്യവസായകേന്ദ്രം സ്ഥാപിച്ച് തൊഴിൽ ഇല്ലായ്മയ്ക്ക് പരിഹാരം കാണേണ്ടതുണ്ട്.

120 ഓളം കുടുംബങ്ങൾ ഉള്ള വെണ്മണ്ണൂർ ഹരിജൻ കോളനിയിൽ ഏറ്റവും പ്രധാന പ്രശ്നം റോഡില്ലാത്തതാണ്. അടിയന്തിരമായി റോഡ് നിർമ്മിച്ചു നല്കുവാനുള്ള നടപടികൾ ഉണ്ടാവുകയും വൈദ്യുതീകരിച്ചിട്ടുള്ള വീടുകൾക്ക് വൈദ്യുതി എത്തിക്കുകയും വേണം. വീടും കക്കൂസുമില്ലാത്ത നിരവധി കുടുംബങ്ങൾ ഉണ്ട് ഇവർക്ക് വീട് നിർമ്മിച്ചു നല്കണം. കോളനി സമഗ്ര സങ്കേത വികസന പദ്ധതിയിലുൾപ്പെടുത്തി വികസിപ്പിക്കണം. സ്വന്തമായി വസ്തു ഇല്ലാത്ത 10ഓളം കുടുംബങ്ങൾക്ക് വസ്തു വാങ്ങാനുള്ള ധന സഹായം പഞ്ചായത്തിൽ നിന്നും നല്കണം.

നെടുവത്തൂർ വാർഡിലെ 2 കോളനികളിൽ ചാലൂക്കോണം I. H. D. P. കോളനിയാണ് 20% ത്തോളം കുടുംബങ്ങൾക്ക് വീടില്ലാത്തതും വൈദ്യുതി എത്താത്തവയും ആണ്. പ്രാഥമിക ആവശ്യങ്ങൾ നിർമ്മിച്ചു നല്കണം. ചാലൂക്കോണത്തെ പട്ടികജാതി വനിതാസഹകരണസംഘത്തിൽ മറ്റു വിഭാഗത്തിലുള്ളവർക്കു കൂടി പ്രവേശനം നല്കി പ്രവർത്തനം കാര്യക്ഷമമാക്കണം.

മൂന്നു കോളനികളിലായി 150 ഓളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന അന്നൂർ പ്രദേശത്തെ കോളനികളിൽ കൊതുമ്പിൽ തെക്കേക്കര കോളനിയിൽ ഗതാഗത സൗകര്യാർത്ഥം റോഡ് നിർമ്മിച്ചു നല്കണം. കോളനിയിൽ ശുദ്ധജല ക്ഷാമം നേരിടുന്നതിന് അടിയന്തിര പദ്ധതികൾ ആവിഷ്കരിക്കുകയും വേണം.

പൊതു നിർദ്ദേശങ്ങൾ

സ്വന്തമായി വീടും പുരയിടവും ഇല്ലാത്തവർക്ക് വീട് വയ്ക്കുന്നതിനും വസ്തു വാങ്ങുന്നതിനുമുള്ള ധനസഹായം അവർക്ക് നിർബന്ധമായും നല്കണം. ഇതിന് ഇപ്പോൾ അനുവദിച്ചിട്ടുള്ള സർക്കാർ ഫണ്ട് വർദ്ധിപ്പിക്കണം പഞ്ചായത്തിലെ കോളനികളെ കേന്ദ്രീകരിച്ച് സെൽ രൂപീകരിക്കുകയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും വേണം. ബോധവത്കരണ പ്രവർത്തനത്തിന്റെ ഭാഗമായി കോളനികളിൽ. ടി. വി. സെറ്റുകൾ സ്ഥാപിക്കണം ആരോഗ്യ വിദ്യാഭ്യാസ ക്ലാസുകൾ നിർബന്ധമാക്കണം. വിദ്യാഭ്യാസ പുരോഗതിക്കാവശ്യമായ പ്രോത്സാഹനങ്ങൾ പഞ്ചായത്ത് തലത്തിൽ നടത്തണം. സാമൂഹ്യ പ്രശ്നങ്ങൾ പറഞ്ഞു തീർക്കുന്നതിനും മറ്റും കുടുംബ അദാലത്തുകൾ നടത്തുക. സർക്കാർ പദ്ധതികളെ കുറിച്ചുള്ള അറിവ് പകരുന്നതിന് ക്ലാസുകൾ നിർബന്ധിതമാക്കുകയും ചെയ്യുക.

000067

5-12

വിഭവസമാഹരണം

കാർഷിക ഗ്രാമമായ നെടുവത്തൂർ പഞ്ചായത്തിലെ പ്രധാന വിഭവം കാർഷികോൽപ്പന്നങ്ങൾ ആണ്. എന്നാൽ കാർഷികരംഗം ഇന്ന് മുരടിച്ചു നിൽക്കുകയാണ്. കാർഷിക മേഖലയിലെ പരമ്പരാഗത കൃഷിക്കാർ നിലവിലുള്ള സമ്പ്രദായംമൂലം മറ്റ് മേഖലകളിലേക്ക് ശ്രദ്ധിതിരിച്ചിരിക്കയാണ്. കൃഷിഭൂമി ഇപ്പോഴും കാർഷിക ഇതര ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗപ്പെടുത്തുന്നതായി ആണ് കാണപ്പെടുന്നത്. പുതിയ തലമുറ ഈ മേഖലയിൽ കാര്യമായ ശ്രദ്ധ ചെലുത്തുന്നതുമില്ല. ഇതുതന്നെ പ്രസ്തുത മേഖലയുടെ തകർച്ചയ്ക്ക് ഒരു ഉദാഹരണം ആണ്.

നെടുവത്തൂർ പഞ്ചായത്തിലെ മിക്ക വാർഡുകളിലേയും ഏറ്റവും പ്രധാനപ്പെട്ട വിഭവം കരിങ്കല്ല് ആണ്. ഈ വിഭവം ഫലപ്രദമായ രീതിയിൽ നമ്മുടെ പഞ്ചായത്തിന് മുതൽക്കൂട്ട് ആക്കുവാൻ കഴിഞ്ഞിട്ടില്ല. സ്വകാര്യ വ്യക്തികൾക്ക് സാമ്പത്തിക ലാഭം ഉണ്ടാക്കുന്ന ഈ വിഭവം പഞ്ചായത്തിന്റെ പൂർണ്ണ നിയന്ത്രണത്തിൽ കൊണ്ടുവരേണ്ടതാണ്.

ഈ പഞ്ചായത്ത് ഇന്ന് നേരിടുന്ന പ്രതിസന്ധികളിൽ ഒന്ന് വ്യവസായങ്ങളുടെ അപര്യാപ്തതയാണ്. വൻ കുടിവ്യവസായങ്ങളോ, ചെറുകിട വ്യവസായങ്ങളോ സ്ഥാപിച്ച് വിഭവ സമാഹരണത്തിനു പുതിയ മാർഗ്ഗങ്ങൾ കണ്ടെത്തേണ്ടിയിരിക്കുന്നു.

സർക്കാർ ഗ്രാന്റുകൾക്ക് ഭരണാധികാരികളെ ആശ്രയിക്കേണ്ടനില ഇന്നും മാറിയിട്ടില്ല. ഗ്രാന്റുകൾ പിരിക്കുന്ന മേഖലയിൽതന്നെ പഞ്ചായത്തുകൾക്ക് കൈമാറാൻ നിയമനിർമ്മാണം നടത്തണം. സംസ്ഥാന ഡ്യൂട്ടി ഗ്രാന്റുകൾ, വാഹനനികുതി തുടങ്ങിയ ഒന്നും രണ്ടും വർഷം കഴിഞ്ഞാണ് പഞ്ചായത്തിൽ എത്തുന്നത്. ജനസംഖ്യാ അനുപാതികമായി ഗ്രാന്റുകൾ നീതിപൂർവ്വകമായി വിതരണം ചെയ്യേണ്ടതാണ്.

ഗംഫ് മേഖലയിൽ പണിയെടുക്കുന്നവർ കുറെയെങ്കിലും ഈ പഞ്ചായത്തിലുണ്ടെങ്കിലും സാമ്പത്തിക ഭദ്രത കൈവരിച്ചവർ തുലോം കുറവാണ്. നമ്മുടെ പഞ്ചായത്തിൽ ചെറുകിട, ഇടത്തരം, സാധാരണ കച്ചവട സ്ഥാപനങ്ങളുടെ ആകെ എണ്ണം 287 ആണ്. ഇവയിൽനിന്നും ലൈസൻസ് ഫീസ് ആയി 6532 രൂപ ആണ് കഴിഞ്ഞ വർഷം പഞ്ചായത്തിനു ലഭിച്ചത്. മുഴുവൻ കച്ചവടക്കാരേയും നികുതി കൊടുക്കുന്നവർ ആക്കാൻ പഞ്ചായത്തിനു കഴിയുന്നില്ല. എന്നിരുന്നാൽ തന്നെയും പഞ്ചായത്തിലെ ജീവനക്കാരുടെ സഹകരണംകൊണ്ട് പരമാവധി കച്ചവടക്കാരിൽനിന്നും നികുതി പിരിച്ച് എടുക്കുവാൻ കഴിഞ്ഞിട്ടുണ്ട്. നികുതി സമ്പ്രദായം പുനഃപരിശോധിക്കുകയും നികുതിനൽകുന്നതുമൂലം വികസനപ്രവർത്തനങ്ങളിൽ ഭാഗഭാക്കുകയും ആകുന്നു എന്ന ബോധം പൊതുജനങ്ങളിൽ ഉണ്ടാക്കിയാൽ പഞ്ചായത്തിന്റെ വരുമാനം കൂട്ടാൻകഴിയും. നികുതി വരവ് വർദ്ധിപ്പിക്കുന്നതിനു വേണ്ടി ചില നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1 വിലക്കയറ്റം കൊണ്ട് ഉല്ലാസമാക്കി തീർത്ത ജനജീവിതത്തെ നികുതി വർദ്ധനവിലൂടെ പൊറുതിമുട്ടിക്കുന്നത് ശരിയല്ലെങ്കിലും പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്ക് ആവശ്യമായ ധനം കണ്ടെത്തുന്നതിനു എല്ലാ വിഭാഗം ജനങ്ങളും ഒരു ചെറിയ ശതമാനം നികുതി നൽകേണ്ടതാണ്.

2 വരുമാനമുള്ള മുഴുവൻ ആളുകളിൽനിന്നും നികുതി നിർബന്ധമായും വസൂലാക്കണം.

3 നികുതി പിരിക്കാൻ നേതൃത്വം കൊടുക്കാൻ വാർഡ് പ്രതിനിധികളും ബഹുജനനേതാക്കളും വാർഡ് വികസനസമിതിയും തയ്യാറാക്കണം.

4 കണക്കുകൾ കൃത്യമായി സൂക്ഷിക്കാനും അത് ജനങ്ങളെ ബോദ്ധ്യപ്പെടുത്താനും ഉള്ള സംവിധാനം പഞ്ചായത്തിൽ ഉണ്ടാകണം.

കെട്ടിട നികുതി

കെട്ടിടനികുതി കണക്കാക്കുന്നതിനു ഒരു പൊതു മാനദണ്ഡം ആവിഷ്ക്കരിച്ച് നടപ്പാക്കേണ്ടത് അത്യാവശ്യമാണ്. നികുതി ചുമത്തുമ്പോൾ കെട്ടിടങ്ങളുടെ തറവിസ്തീർണ്ണം മാത്രമല്ല ആഡംബരത്വവും വിലകൂടുതലുള്ള സാമഗ്രികളുടെ ഉപയോഗം മാനദണ്ഡമാക്കണം. വീട് നിർമ്മാണത്തിലെ അനാവശ്യ ഭാരത്തു ഒഴിവാക്കുവാനും പഞ്ചായത്തിന്റെ നികുതി ഇനത്തിലുള്ള വരുമാനം വർദ്ധിപ്പിക്കുവാനും സുളാബ് സമ്പ്രദായം ആവിഷ്ക്കരിക്കാവുന്നതാണ്. വീട് അസ്സെസ്സ് ചെയ്യുന്നത് എങ്ങനെയാണെന്നും ഓരോ വീട്ടുടമസ്ഥനേയും ബോദ്ധ്യപ്പെടുത്താൻ ഉദ്യോഗസ്ഥൻമാർ തയ്യാറാവണം. ആഴിമതിരഹിതമാക്കുവാൻ ഒരു അസ്സെസ്സ്മെന്റ് കമ്മറ്റി ഉചിതമായിരിക്കും. വീടുകളല്ലാത്ത കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതിപിരിക്കേണ്ടതാണ്. ഈ വർഷത്തിൽ പഞ്ചായത്തിനു ലഭിക്കേണ്ട കെട്ടിടനികുതി 203480 രൂപയാണ് പിരിച്ചത് 200246 ആണ്. നികുതി പിരിച്ചെടുക്കാൻ ഉള്ള സംവിധാനം ഒന്നുകൂടി ശക്തമാക്കേണ്ടതുണ്ട്. ഓരോ വാർഡിലും നികുതി പിരിക്കുന്ന സ്ഥലവും സമയവും മുൻകൂട്ടി വാർഡ് വികസന സമിതിയെ അറിയിക്കുകയും അവരുടെ ഇടപെടലോടെയും സഹകരണത്തോടെയും നികുതി പിരിച്ചെടുക്കുന്നത് കൂടുതൽ ശാസ്ത്രീയമാക്കാൻ സഹായിക്കും.

തൊഴിൽനികുതി

പഞ്ചായത്തിലെ നടപ്പ് ധനകാര്യവർഷത്തിലെ തൊഴിൽനികുതി 119525 ആണ്. അതിൽനിന്നും ലഭിച്ചത് 109355 ആണ്, പഞ്ചായത്തിലെ സർക്കാർസ്ഥാപനങ്ങളിലും എയിഡഡ് സ്കൂളുകളിലും മറ്റും ജോലിചെയ്യുന്നവരിൽനിന്നുമാത്രമേ തൊഴിൽനികുതി ലഭിക്കുന്നുള്ളൂ. തൊഴിൽചെയ്യുന്ന മുഴുവൻപേരേയും തൊഴിൽനികുതികൊടുക്കാൻ നിർബന്ധിതരാക്കണം

വിനോദനികുതി

പഞ്ചായത്തിലെ ഏക വിനോദനികുതി ലഭിക്കുന്നത് ഒരു സിനിമാശാലയിൽനിന്നാണ്. സിനിമാശാലയിൽനിന്നും വിനോദനികുതിഇനത്തിൽ ലഭിക്കേണ്ടതുക പൂർണ്ണമായും പിരിച്ചെടുക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ശ്രദ്ധകാണിക്കേതണ്ടാണ് വിനോദനികുതിയായി പഞ്ചായത്തിനു ലഭിക്കേണ്ടത് 15597 രൂപ 50 പൈസയാണ്. ഇതു മുഴുവനും പിരിഞ്ഞുകിട്ടിയിട്ടുണ്ട്. അഡീഷണൽ വിനോദനികുതി 9436 രൂപ 50 പൈസയാണ് പ്രദർശനനികുതി 1888 രൂപയും. പ്രദർശനനികുതിയിൻമേലുള്ളസർചാർജ്ജ് 474 രൂപയുമാണ്.

മറ്റ് ധനാഗമ മാർഗ്ഗങ്ങൾ

ചന്തവരവ് ഇനത്തിൽ 293229 രൂപ പിരിഞ്ഞുകിട്ടിയിട്ടുണ്ട്. വസ്തു കൈമാറ്റ നികുതിയായി 243597 രൂപയും സർക്കാർഗ്രാന്റുകളും മറ്റ് ഒഴികെയുള്ള ഗ്രാന്റുകളും മറ്റ് വരവുകളും 847841 രൂപയും ഡെപ്പോസിറ്റ് ആയി 8750 രൂപയും മറ്റുള്ളവ 32928 രൂപ 45 പൈസയുമാണ്. ആകെ പഞ്ചായത്തിനു ലഭിച്ച വരവ് 1820287 രൂപ 35 പൈസയുമാണ്.

ചെലവുകൾ

നമ്മുടെ പഞ്ചായത്തിലെ വിവേങ്ങളം പരമ്പരാഗതമായ വികസനസങ്കൽപ്പത്തായ പൊതുമരാമത്തു പണികൾക്കായിട്ടാണ് മുഖ്യമായും ചെലവഴിച്ചിട്ടുള്ളത്. 1995-96-ൽ പൊതുമരാമത്തിനു 32040 രൂപയും പൊതുഭരണചിലവുകൾക്കായി 412784 രൂപയും ചെലവഴിച്ചു,

വിദ്യഭ്യാസം, തെരുവുവിളക്കുകൾ കത്തിക്കുന്നതിനു മറ്റുള്ളവ എന്നിവയ്ക്ക് യഥാക്രമം 7350, 117122, 192659 എന്നിങ്ങനെ ചിലവഴിട്ടുണ്ട്. പഞ്ചായത്തിന്റെ സാമ്പത്തികനില പരിശോധിച്ചാൽ വരവ് 1820287 . 35 രൂപയും ചെലവ് 1061955 രൂപയും ആകുന്നു.

ബാങ്ക് ഫൈനാൻസിയേഴ്സ്

നമ്മുടെ പഞ്ചായത്തിൽ രണ്ട് സഹകരണബാങ്കുകളും, ഒരു പൊതുമേഖലാ ബാങ്കിന്റെ ശാഖയും പ്രവർത്തിക്കുന്നു. സഹകാര്യ ഫൈനാൻസിയേഴ്സ് ഓരോ വാർഡിലും ഒന്നെന്നരീതിയിൽ പ്രവർത്തിക്കുന്നു. നിക്ഷേപങ്ങളം കൂടുതലും, വായ്പാവിതരണം കുറവുമാണ്, പഞ്ചായത്തുകൾക്ക് വികസനപ്രവർത്തനങ്ങൾക്ക് വായ്പഎടുക്കുവാനുള്ള വായ്പാസാദ്ധ്യതപുതിയ പഞ്ചായത്താകുിലുള്ള ആവശ്യമുള്ളസന്ദർഭത്തിൽ അതിൽ നൽകാൻ ബാങ്കുകളം ബാദ്ധ്യസ്ഥരാവുന്ന നിയമം ഈ രംഗത്തുണ്ടാവേണ്ടിയിരിക്കുന്നു.

വരുമാനം വർദ്ധിപ്പിക്കാനുള്ള ചില നിർദ്ദേശങ്ങൾ

1 ഭൂനികുതി: ഭൂനികുതി ചില തത്വങ്ങൾ അടിസ്ഥാനമാക്കി നിർണ്ണയിക്കുന്നതിനും, അത് പിരിച്ചെടുക്കുന്നതിനും പഞ്ചായത്തുകളെ ഏൽപ്പിക്കാം, നിലംനികത്തുന്ന ഭൂമികൾക്ക് പരമാവധി നിരക്കും, വയലുകൾക്ക് ഏറ്റവും കുറവുമാക്കി നികുതി ഈടാക്കേണ്ടതു്.

2 ഷോപ്പിംഗ് കോംപ്ലക്സ്

പുത്തൂർ ചന്തയിൽ പഞ്ചായത്തു് നിർമ്മിക്കുന്ന ഷോപ്പിംഗ് കോംപ്ലക്സിന്റെയും സ്റ്റാർഹൗസിന്റെയും നിർമ്മാണം പൂർത്തിയാകുമ്പോൾ അതു് പഞ്ചായത്തിനു് നല്ല ഒരു വരുമാനമാർഗ്ഗം ആകും.

3 ഗ്രാമചന്ത മൽസ്യമാർക്കറ്റ്

പുത്തൂർ ചന്തയിലും മറ്റു് ഗ്രാമചന്തകളിലും നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിനു് അവിടത്തെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയും, നികുതി പിരിവു് കാര്യക്ഷമമാക്കുകയും ചെയ്യണം,

4 നാഷണൽ സേവിംഗ്സ് സ്കീം

ഓരോ പഞ്ചായത്തിൽനിന്നു് പിരിച്ചെടുക്കുന്ന ഉന്നിരാവികാസ് പത്രയുടെ 15 മുതൽ 25%വരെ ആ പഞ്ചായത്തിനുതന്നെ കിട്ടുന്ന ഒരു വ്യവസ്ഥ ഇപ്പോഴുണ്ട്. പഞ്ചായത്തിൽനിന്നും പരമാവധി സമ്പാദ്യനിക്ഷേപം മഹിളാപ്രധാൻ ഏജന്റുസു മുഖേന ഉണ്ടാക്കിയാൽ പഞ്ചായത്തിനു ഒരു വരുമാനമായി.

5 മണ്ണ്, പാറ മുതലായവയുടെ ശരിയായ വിനിയോഗം

ഇന്നത്തെ അവസ്ഥമാറി കരിങ്കൽ ക്വാറികളം പഞ്ചായത്തിന്റെ അധീനതയിൽ ലഭിക്കുകയും, അവിടെനിന്നും ലഭിക്കുന്ന വരുമാനമുപയോഗിച്ചു് പ്രസ്ത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളുടെ ഒരു ക്ഷേമനിധി പഞ്ചായത്തടിസ്ഥാനത്തിൽ രൂപീകരിക്കുകയും ചെയ്യേണ്ടതാണ്.

6 മനുഷ്യാധ്വാനം

നമ്മുടെ പഞ്ചായത്തിലെ ഏറ്റവും പ്രധാനമായ വിഭവം മനുഷ്യരാണ്. ജാതി, മത, കക്ഷിചിന്തകൾക്കടിസ്ഥാനമായി സ്വന്തം നാടിന്റെ വികസനത്തിനു തന്റെ അദ്ധ്വാനംകൊണ്ടു് സംഭാവനൽകുക എന്നതു് എല്ലാവരും ചിന്തിക്കേണ്ടകാര്യമാണ്.

പഞ്ചായത്തിലെ റോഡുകളം സംരക്ഷിക്കുന്നതിനു് റോഡു് വികസനസമതികളം ഉണ്ടാക്കുന്നതു് നല്ലതാണ്. വിദ്യാഭ്യാസനിലവാരം ഉയർത്താനും ഈ സമിതികൾക്ക് ഫലപ്രദമായി ഇടപെടാൻകഴിയും.

ഗ്രാമസഭകളിൽ പലവിധ നിർദ്ദേശങ്ങളും മനുഷ്യാധ്വാനം പ്രയോജനപ്പെടുത്തുന്നതിനായി ഉരുത്തിരിഞ്ഞുവന്നിട്ടുണ്ട്. തുടർന്നുള്ള നിർദ്ദേശങ്ങൾ നിങ്ങൾക്കായി സമർപ്പിക്കുന്നു